Government of Tamilnadu

# മലയാള പാഠാവലി

## MALAYALAM READER

## പത്താം സ്റ്റാൻഡേർഡ്

## STANDARD X

Untouchability
Inhuman-Crime

Department of School Education

© Government of Tamilnadu
**First Edition - 2011**
**Reprint - 2012**
(Published under Uniform System of School Education Scheme)

**CHAIRPERSON**

**Dr.C.G.RAJENDRA BABU,**
Prof & Head, Dept. of Malayalam
University of Madras,
Marina Campus, Chennai.

**REVIEWER**

**Mr. T.P.VISWANATHAN NAMBIAR**
PG Asst. in Malayalam (Retd.)
Choolaimedu, Chennai.

**AUTHORS:**

**Dr.K.RAVEENDRA RAJA,**
PG Asst. in Malayalam
Presidency Hr. Sec. for Girls
Egmore, Chennai.

**Dr.K.J.AJAYA KUMAR**
Malayalam Pandit
Kerala Vidyalayam Hr. Sec School
Chennai.

**Mrs.A.VANAJA**
H.M,
Malayala Vidyalayam High School.
Chennai.

Laser Typeset , Layout & Illustrations: M. Vijayasarathy, T. Raghu & R.Raja

Drawings & Book Wrapper: Aras

Textbook Printing

Tamilnadu Textbook Corporation,

College Road, Chennai - 600 006

Price : Rs.

This book has been printed on 80 G.S.M.Maplitho Paper

Printed by offset at:

# ദേശീയ ഗാനം

ജനഗണമനഅധിനായക ജയ ഹേ
ഭാരത ഭാഗ്യവിധാതാ
പഞ്ചാബ സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല വംഗാ
വിന്ധ്യ ഹിമാചല യമുനാഗംഗ
ഉച്ഛല ജലധി തരംഗാ
തവശുഭ നാമേ ജാഗേ
തവശുഭ ആശിഷ മാഗേ
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗള ദായക ജയഹേ
ഭാരത ഭാഗ്യവി ധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയ ഹേ!

– മഹാകവി രവീന്ദ്രനാഥ ടാഗോർ

# ദേശീയഗാനം – സാരം

ഭാരത ഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന്റെ ഹൃദയാധിനാഥ നായ അങ്ങ് വിജയിക്കട്ടെ! പഞ്ചാബ്, സിന്ധ്, ഗുജറാത്ത്, മറാഠാ, ദ്രാവിഡം, ഉത്ക്കൽ, വംഗം ആദിയായ പ്രദേശങ്ങളും വിന്ധ്യ ഹിമാചലാദി പർവ്വതങ്ങളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമം ഉരുവിട്ടുകൊണ്ടിരിക്കുന്നു. അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു. അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു. ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേൽക്കുമേൽ വിജയിക്കട്ടെ!

# തമിഴ്തായ് സ്തുതി

നീരാറും കടലുടുത്ത നിലമടന്തൈ ക്കെഴിലൊഴുകും
ശീരാറും വദനമെനത്തികഴ്ഭരത ഖണ്ഡമിതിൽ
തെക്കണമും അതിർശിറെന്ത തിരാവിട നൽതിരുനാടും
തക്കചിറു പിറൈനുതലും തരിത്തനറും തിലകമുമേ
അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ
എത്തിശൈയും പുകഴ്മണക്ക ഇരുന്തപെരും തമിഴണങ്കേ! തമിഴണങ്കേ!
ഉൻ ശീരിളമൈ തിറം വിയന്തു
ചെയൽ മറന്തു വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!

–മനോൻമണീയം പി.സുന്ദരം പിള്ള

# ദേശീയോദ്ഗ്രഥനപ്രതിജ്ഞ

രാജ്യത്തിന്റെ സ്വാതന്ത്ര്യവും സമന്വയവും സംരക്ഷിക്കുന്നതിനും സുശക്തമാക്കുന്നതിനും ഞാൻ ആത്മാർപ്പണത്തോടെ പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു.

കൂടാതെ ഞാൻ ഒരിക്കലും അക്രമം അവലംബിക്കുകയില്ലെന്നും മതം, ഭാഷ, പ്രാന്തം, രാഷ്ട്രീയമോ, സാമ്പത്തികമോ ആയ അസ്വാസ്ഥതകൾ എന്നിവ സംബന്ധിച്ച എല്ലാ അഭിപ്രായ വ്യത്യാസങ്ങളും വിവാദങ്ങളും സമാധാനപരവും ഭരണഘടനാനുസൃതവുമായ മാർഗ്ഗങ്ങളിലൂടെ തീരുമാനിക്കുന്നതാണെന്നും ഞാൻ ഉറപ്പിച്ചു പറയുന്നു.

# പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരീ സഹോദരൻമാരാണ്. ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഞാൻ എന്റെ മാതാപിതാക്കളേയും ഗുരുക്കൻമാരേയും മുതിർന്നവരേയും ബഹുമാനിക്കും. ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| **ഭാഗം 1** | | |
| ലങ്കാലക്ഷ്മീ മോക്ഷം | (കവിത) | 1* |
| മഴയുടെ നാട്ടറിവുകൾ | (ഗദ്യം) | 5 |
| പത്തു രൂപാ | (ഉപപാഠം – കഥ) | 11 |
| **ഭാഗം 2** | | |
| ഭിക്ഷുവും ചണ്ഡാലിയും | (കവിത) | 20* |
| നാടോടി രംഗവേദി | (ഗദ്യം) | 24 |
| നിന്റെ ഓർമയ്ക്ക് | (ഉപപാഠം – കഥ) | 32 |
| **ഭാഗം 3** | | |
| സൂര്യകാന്തി | (കവിത) | 46* |
| ദാനത്തിൽ തെളിയുന്ന ശോഭ | (ഗദ്യം) | 50 |
| കടൽത്തീരത്ത് | (ഉപപാഠം – കഥ) | 59 |
| **ഭാഗം 4** | | |
| കുറ്റിപ്പുറം പാലം | (കവിത) | 67 |
| ഗദ്യവും ഗദ്യസാഹിത്യരൂപങ്ങളും | (ഗദ്യം) | 71 |
| നെയ്പ്പായസം | (ഉപപാഠം – കഥ) | 79 |
| **ഭാഗം 5** | | |
| ഗാന്ധാരം | (കവിത) | 85 |
| ഗുഡിയത്തിൽ ഒരു ഗുഹ | (യാത്രാവിവരണം) | 89 |
| മൈഥിലിയുടെ മകൾ | (ഉപപാഠം – കഥ) | 95 |
| **ഭാഗം 6** | | |
| മകനോട് | (കവിത) | 105 |
| മൂന്നു പണ്ഡിതന്മാരും പരേതനായ സിംഹവും | (നാടകം) | 109 |
| അമ്മ തുറക്കുന്ന വാതിൽ | (ഉപപാഠം – കഥ) | 118 |
| **ഭാഗം 7** | | |
| നാളത്തെ വിഷുക്കണി | (കവിത) | 125* |
| തമിഴും മലയാളവും | (ഗദ്യം) | 129 |
| പാതിയിൽ മുറിഞ്ഞ പ്രാർത്ഥന | (ഉപപാഠം – കഥ) | 137 |
| **ഭാഗം 8** | | |
| വാഴപ്പഴം | (കവിത) | 145 |
| സിനിമ – കാഴ്ചയും യാഥാർത്ഥ്യവും | (ഗദ്യം) | 149 |
| ബി.എം.പി. | (ഉപപാഠം – കഥ) | 153 |

# ലങ്കാലക്ഷ്മീ മോക്ഷം

## തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ



[മലപ്പുറത്തെ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനു സമീപമുള്ള തുഞ്ചൻ പറമ്പാണ് ജനനസ്ഥലം. 16–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നതായി കരുതപ്പെടുന്നു. തമിഴ് പ്രഭാവമുള്ള പാട്ടിനും സംസ്കൃത പ്രചുരമായ മണിപ്രവാളത്തിനുമിടയ്ക്ക് മലയാളത്തിന്റെ ആത്മവത്ത പ്രകാശിപ്പിക്കുന്ന രചനാരീതി കൊണ്ട് കേരളത്തിൽ സാഹിത്യപരമായും സാംസ്കാരികമായും ആധ്യാത്മികമായും നവോത്ഥാനത്തിന് കാരണമായ കാവ്യ ജീവിതമാണ് എഴുത്തച്ഛന്റേത്. കേരളീയമായ ഈണങ്ങളെ വീണ്ടെടുക്കുവാൻ എഴുത്തച്ഛൻ പുനരുജ്ജീവിപ്പിച്ച കിളിപ്പാട്ടുകൾ മലയാളികളുടെ സാംസ്കാരിക പ്രബുദ്ധതയ്ക്ക് നൽകിയിട്ടുള്ള സംഭാവന മഹത്തായതാണ്. അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട്, ഭാഗവതം കിളിപ്പാട്ട്, ഉത്തരരാമായണം, ഹരിനാമകീർത്തനം, ചിന്താരത്നം എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കൃതികൾ.

അദ്ധ്യാത്മ രാമായണം സുന്ദരകാണ്ഡത്തിൽ നിന്നെടുത്തതാണ് പദ്യഭാഗം. സീതയെ അന്വേഷിക്കുന്നതിന് നിയോഗിക്കപ്പെട്ട ഹനുമാൻ ലങ്കാഗോപുരത്തിലെത്തുമ്പോൾ അവിടെ കാത്തു നിന്ന ലങ്കാലക്ഷ്മി ഹനുമാനെ തടുത്തുനിർത്തി പ്രഹരിച്ചു. ഹനുമാൻ തിരിച്ചുകൊടുത്ത മുഷ്ടി പ്രഹരമേറ്റ് നിലം പതിച്ച് ശാപമോക്ഷം ലഭിച്ച ലക്ഷ്മി ഹനുമാന് വിജയാശംസകൾ നേർന്ന് ലങ്കയിൽ നിന്ന് പിൻവാങ്ങുന്നതാണ് പദ്യഭാഗത്തുള്ളത്.]

ചരമഗിരിശിരസി രവിയും പ്രവേശിച്ചിതു
ചാരു ലങ്കാഗോപുരാഗ്രേ കപീന്ദ്രനും
ദശവദനനഗരമതിവിമലവിപുലസ്ഥലം
ദക്ഷിണ വാരിധി മദ്ധ്യേ മനോഹരം.
ബഹുലഫലകുസുമദലയുതവിടപിസംകുലം
വല്ലീകുലാവൃതം പക്ഷിമൃഗാന്വിതം
മണികനകമയമമരപുരസദൃശമംബുധി–
മദ്ധ്യേത്രികൂടാചലോപരി മാരുതി
കമലമകൾ ചരിതമറിവതിനു ചെന്നൻപോടു
കണ്ടിതു ലങ്കാനഗരം നിരുപമം.
കനകവിരചിതമതിൽകിടങ്ങും പലതരം
കണ്ടുകടപ്പാൻ പണിയെന്നു മാനസേ
പരവശതയൊടു ഝടിതി പലവഴി നിരൂപിച്ചു
പത്മനാഭൻ തന്നെ ധ്യാനിച്ചു മേവിനാൻ
നിശി തമസി നിശിചരപുരേ കൃശരൂപനായ്
നിർജ്ജനദേശേ കടപ്പനെന്നോർത്തവൻ

നിജമനസി നിശിചരകുലാരിയെ ധ്യാനിച്ചു
നിർജ്ജരവൈരിപുരം ഗമിച്ചീടിനാൻ.
പ്രകൃതിചപലനുമധികചപലമചലം മഹൽ
പ്രാകാരവും മുറിച്ചാകാരവും മറ–
ച്ചവനിമകളടിമലരുമകതളിരിലോർത്തുകൊ–
ണ്ടഞ്ജനാനന്ദനനഞ്ജസാ, നിർഭയം
ഉടൽകടുകിനൊടു സമമിടത്തുകാൽ മുൻപിൽവ–
ച്ചുള്ളിൽ കടപ്പാൻ തുടങ്ങും ദശാന്തരേ



കഠിനതരമലറിയൊരു രജനിചരിവേഷമായ്–
ക്കാണായിതാശു ലങ്കാശ്രീയെയും തദാ.
'ഇവിടെ വരുവതിനു പറകെന്തുമൂലം ഭവാ–
നേകനായ് ചോരനോ ചൊല്ലു നിൻവാഞ്ഛിതം.
അസുരസുരനരപശുമൃഗാദിജന്തുക്കൾ മ–
റ്റാർക്കുമേ വന്നുകൂടാ ഞാനറിയാതെ.'
ഇതി പരുഷവചനമൊടണഞ്ഞു താഡിച്ചിതൊ–
ന്നേറെ രോഷേണ താഡിച്ചു കപീന്ദ്രനും.
രഘുകുലജവരസചിവവാമമുഷ്ടിപ്രഹാ–
രേണ പതിച്ചു വമിച്ചിതു ചോരയും.
കപിവരനൊടവളുമെഴുന്നേറ്റു ചൊല്ലീടിനാൾ:–
“കണ്ടേനെടോ തവ ബാഹുബലം സഖേ,
വിധിവിഹിതമിതു മമ പുരൈവ ധാതാവു താൻ

വീര, പറഞ്ഞിതെന്നോടിതു മുന്നമേ.''
'സകലജഗദധിപതി സനാതനൻ മാധവൻ'
സാക്ഷാൽ മഹാവിഷ്ണുമൂർത്തി നാരായണൻ
കമലദലനയനനവനിയിലവതരിക്കുമുൾ–
ക്കാരുണ്യമോടഷ്ടവിംശതിപര്യയേ
ദശരഥ നൃപതിതനയനായ് മമപ്രാർത്ഥനാൽ.
ത്രേതായുഗേ ധർമ്മവേദരക്ഷാർത്ഥമായ്.
ജനകനൃപവരനു മകളായ്നിജമായയും
ജാതയാം പംക്തിമുഖവിനാശത്തിനായ്.
സരസിരുഹനയനനടവിയിലഥ തപസ്സിനായ്
സഭ്രാതൃഭാര്യനായ് വാഴും ദശാന്തരേ,
ദശവദനനവനിമകളെയുമപഹരിച്ചുടൻ
ദക്ഷിണവാരിധി പുക്കിരിക്കുന്നനാൾ,
സപദി രഘുവരനൊടരുണജനു സാചിവ്യവും
സംഭവിക്കും; പുനസ്സുഗ്രീവശാസനാൽ
സകലദിശി കപികൾ തിരവാൻ നടക്കുന്നതിൽ
സന്നദ്ധനായ് വരുമേകൻ തവാന്തികേ;
കലഹമവനൊടു ഝടിതി തുടരുമളവെത്രയും
കാതരയായ് വരും നീയെന്ന് നിർണ്ണയം.
രണനിപുണനൊടു ഭവതി താഡനവും കൊണ്ടു
രാമദൂതന്നു നല്കേണമനുജ്ഞയും.
ഒരു കപിയൊടൊരു ദിവസമടി ഝടിതികൊൾകിൽ നീ–
യോടി വാങ്ങിക്കൊള്ളുകെന്നു വിരിഞ്ചനും
കരുണയൊടു ഗതകപടമായ് നിയോഗിക്കയാൽ
കാത്തിരുന്നേനിവിടം പല കാലവും.
രഘുപതിയൊടിനിയൊരിടരൊഴിയ നടകൊൾക നീ
ലങ്കയും നിന്നാൽ ജിതയായിതിന്നെടോ.
നിഖിലനിശിചരകുലപതിക്കു മരണവും
നിശ്ചയമേറ്റമടുത്തുചമഞ്ഞിതു
ഭഗവദനുചര, ഭവതുഭാഗ്യം ഭവാനിനി–
പ്പാരാതെ ചെന്നു കണ്ടീടുക ദേവിയെ.
ത്രിദശകുലരിപുദശമുഖാന്തഃപുരവരേ
ദിവ്യലീലാവനേപാദപസംകുലേ
നവകുസുമഫലസഹിതവിടപയുതശിംശപാ–
നാമവൃക്ഷത്തിൻചുവട്ടിലതിശുചാ
നിശിചരികൾനടുവിലഴലൊടു മരുവിടുന്നെടോ
നിർമ്മലഗാത്രിയാം ജാനകി സന്തതം.

ത്വരിതമവൾചരിതമുടനവനൊടറിയിക്ക പോ–
യംബുധിയും കടന്നംബരാന്തേ ഭവാൻ.
അഖിലജഗദധിപതി രഘൂത്തമൻ പാതു മാ–
മസ്തു തേ സ്വസ്തിയത്യുത്തമോത്തംസമേ.
ലഘുമധുരവചനമിതി ചൊല്ലി മറഞ്ഞിതു
ലങ്കയിൽ നിന്നു വാങ്ങീമലർ മങ്കയും

## അഭ്യാസം

### I. പദപരിചയം :

ചരമഗിരി, ചാരു, യുതം, വിടപി, സംകുലം, വല്ലീകുലാവൃതം, നിരുപമം, നിർജനം, നിശിചരൻ, പ്രാകാരം, ആകാരം, അഞ്ജസാ, രജനി, ചോരൻ, വാമം, ധാതാവ്, അവനി, സരസീരുഹം, സപദി, സാചിവ്യം, കാതര, രണം, നിപുണൻ, ഇടർ, ജിത, സഹിതം, വിടപം

### II. സന്ദർഭം വിവരിച്ച് ആശയം വിശദമാക്കുക :

1. നിശി തമസി നിശിചരപുരേ________________ഗമിച്ചീടിനാൻ
2. ഉടൽ കടുകിനൊടു ____________ലങ്കാശ്രീയെയും തദാ
3. കലഹമവനൊടു ഝടിതി ____________നല്കേണമനുജ്ഞയും
4. രഘുപതിയൊടിനി ____________ മേറ്റമടുത്തു ചമഞ്ഞിതു

### III. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക :

1. എപ്പോഴാണ് കപീന്ദ്രൻ ലങ്കയിലെത്തിയത്?
2. ഹനുമാൻ എങ്ങനെയാണ് ലങ്കയുടെ ഉള്ളിൽ കടക്കാൻ മുതിർന്നത്?
3. ലങ്കയിൽ കടക്കാൻ ശ്രമിച്ച ഹനുമാനോട് ലങ്കാലക്ഷ്മി എങ്ങനെയാണ് പെരുമാറിയത്?
4. ലങ്കാലക്ഷ്മി ഹനുമാന് വിജയാശംസ നേർന്നതെങ്ങനെ?

### IV. ഖണ്ഡികയിൽ ഉത്തരമെഴുതുക :

1. മാരുതി കണ്ട ലങ്ക കവി വർണ്ണിക്കുന്നതെങ്ങനെ?
2. 'കപിവരനൊടവളുമെഴുന്നേറ്റു ചൊല്ലീടിനാൻ' എന്താണ് ലങ്കാലക്ഷ്മി ഹനുമാനോട് പറഞ്ഞത്?

### V. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

1. ഹനുമാന്റെ ലങ്കാപ്രവേശത്തെക്കുറിച്ചും ലങ്കാലക്ഷ്മിക്ക് കൈവന്ന ശാപമോക്ഷത്തെക്കുറിച്ചും എഴുതുക

**മന:പാഠമാക്കുക :**

കമലദലനയനനവനിയിലവതരിക്കുമുൾ ............. കാത്തിരുന്നേനിവിടം പല കാലവും.

ഗദ്യം

# മഴയുടെ നാട്ടറിവുകൾ

**ഡോ.സി.ആർ. രാജഗോപാലൻ**

[ഡോ.സി.ആർ. രാജഗോപാലൻ 1957–ൽ ജനിച്ചു. തൃശൂർ കേരള വർമ്മ കോളേജിൽ നിന്ന് ഒന്നാം റാങ്കോടെ എം.എ. ബിരുദമെടുത്തു. "കേരളത്തിലെ പാരമ്പര്യ രംഗാവതരണങ്ങളിലെ മുഖാവരണങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടി. കേരളത്തിൽ നാടോടി വിജ്ഞാനശാഖയെ പരിപോഷിപ്പിക്കുന്നതിന് വേണ്ടിയുള്ള പഠനഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നവരിൽ പ്രമുഖസ്ഥാനം ഡോ. സി.ആർ. രാജഗോപാലനുണ്ട്. നിരവധി നാടൻ കലാ – നാട്ടറിവ് ശില്പശാല കൾക്ക് നേതൃത്വം നൽകുന്നതിലും അന്യമായിക്കൊണ്ടിരിക്കുന്ന നമ്മുടെ സംസ്കൃതിയുടെ അടയാളങ്ങൾ കണ്ടെടുക്കുന്നതിലും സംരക്ഷിക്കുന്നതിലും താല്പര്യമെ ടുത്ത ഗവേഷകനാണ്. ഗ്രീസ്, ഇറ്റലി, ചൈന, ഇംഗ്ലണ്ട്, സ്വിറ്റ്സർലന്റ്, എന്നീ രാജ്യങ്ങളിൽ ഫോക്കുലോർ സംബന്ധിച്ച സെമിനാറുകളിൽ പ്രബന്ധങ്ങളവതരിപ്പിച്ചിട്ടുണ്ട്. മുടിയേറ്റ്, ഫോക്കുലോർ സിദ്ധാന്തങ്ങൾ, ഗോത്രകലാവടിവുകൾ, കാവേറ്റം എന്നിവയാണ് പ്രധാനപ്പെട്ട പുസ്തകങ്ങൾ. കേരള ഫോക്കുലോർ അക്കാദമി അവാർഡ്, കേരള സംഗീത നാടക അക്കാദമി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.



കേരളത്തിന്റെ ആവാസവ്യവസ്ഥയിൽ മഴയ്ക്ക് നിർണ്ണായകമായ പങ്കാണുള്ളത്. മഴ യുമായി ബന്ധപ്പെട്ട നാട്ടറിവുകളെക്കുറിച്ചുള്ള പാഠഭാഗം കേരളീയപ്രകൃതിയെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള അറിവു നേടാൻ നമ്മെ സഹായിക്കും.]

പത്തു ഞാറ്റുവേലകളിലായി കാലവർഷം (മൺസൂൺ ഇടവം 15 മുതൽ കന്നി 15 വരെ ജൂൺ – സെപ്തംബർ), തുലാവർഷം (കന്നി 15 മുതൽ വൃശ്ചികം 15 വരെ സെപ്തംബർ – നവം ബർ ) എന്നീ മഴകൾക്കു പുറമെ മകരം, കുംഭം മാസങ്ങളിൽ ഇടമഴയായി വേനൽ മഴയും മല യാളനാട്ടിൽ ലഭിച്ചിരുന്നു. ആവാസപ്രകൃതിയുടെ അനുഗ്രഹം കൊണ്ട് 3000 മില്ലി ലിറ്റർ മഴ യാണ് ഇവിടെ പെയ്തിരുന്നത്. ഈ മഴയെ ആശ്രയിച്ചാണ് കേരളത്തിലെ കാർഷിക സമ്പ്രദാ യവും നാടോടിസംസ്കാരവും നിലനിന്നത്.

മകരമാസത്തിലെ കാറ്റിന്റെ ഗതി നോക്കിയാണ് കാലവർഷം നേരത്തെയാണോ വൈകി യാണോ എന്നു നിശ്ചയിച്ചിരുന്നത്. 'ഇരുപത്തെട്ടുച്ചാൽ' 'ഉച്ചാൽ' എന്നൊക്കെയാണ് ഈ ചട ങ്ങിന് പറഞ്ഞിരുന്നത്. അന്ന് വിത്ത് പുറത്ത് എടുക്കില്ല. വൈക്കോൽത്തുറുവിൽ ഒരു കൊടി കെട്ടി കാറ്റിന്റെ ഗതി മനസ്സിലാക്കും. ആഞ്ഞടിക്കുന്ന നീരാവി നിറഞ്ഞ കാറ്റിനെയാണ് മൺസൂൺ എന്നു വിളിക്കുന്നത്. 'മൗസം' എന്ന അറബി വാക്കിൽ നിന്നാണ് മൺസൂൺ എന്ന വാക്കുണ്ടായത്. 'എടവം തൊട്ടു തുലാത്തോളം കുടകൂടാതെ നടന്നൂടാ' എന്നചൊല്ലുണ്ട്. 'തുലാവർഷം കണ്ടു നിന്നവരും കാലവർഷം കണ്ടു പോയവരും' എന്ന ചൊല്ല് രണ്ടു മഴകളു

ടേയും വ്യത്യാസത്തെയാണ് കാണിക്കുന്നത്. തുലാവർഷം നീണ്ടതാണെന്നും ഇടവപ്പാതി ഇട വിട്ടു പെയ്യുന്നതാണെന്നും ഇതിൽ നിന്നറിയാം.



ഉച്ച തിരിഞ്ഞ് ഇടിവെട്ടിപ്പെയ്യുന്ന തുലാവർഷത്തിലെ മഴയുടെ തോതനുസരിച്ചാണ് കിണ റ്റിൽ വെള്ളം നിൽക്കുക. 'തുലാവർഷത്തിലെ മഴത്തുള്ളിക്ക് താമരയിലയിൽ ഓട്ട വീഴും' എന്നു പറയാറുണ്ട്. തുലാമാസത്തിലെ 'വാവു കഴിഞ്ഞാൽ വേനലില്ല' എന്ന ചൊല്ലും മഴയെ സംബന്ധിച്ചുള്ളതാണ്. കാലാവസ്ഥയെപ്പറ്റിയുള്ള ഗ്രാമീണരുടെ ഇത്തരം നാട്ടറിവുകൾ ശാസ്ത്രീയമായിരുന്നു. 'കാലവർഷം അകത്തും തുലാവർഷം പുറത്തും' എന്ന ചൊല്ലുണ്ട്. കാലവർഷത്തിൽ തിരുവാതിരഞാറ്റുവേലയിൽ തെങ്ങിന്റെ കട വാങ്ങി തുലാവർഷത്തിൽ മൂടണം എന്നർത്ഥം. ഇതാണ് പരിസ്ഥിതി അറിവുകൾ. മഴക്കാറു നോക്കിയും മഴ നിശ്ചയിച്ചി രുന്നു. പടിഞ്ഞാറ് കാറ് കണ്ടാൽ കാലവർഷത്തിന്റെ സൂചനയാണ്. കിഴക്ക് മഴക്കാറു കണ്ടാൽ തുലാവർഷത്തിന്റേയും. 'ചക്കിമൂലയ്ക്കൽ (വടക്കു - കിഴക്ക്) ചക്കര വച്ചോണം കാറു കണ്ടാൽ മഴ പെയ്യും' 'ചെമ്മാനം കണ്ടാൽ അമ്മാനം മഴയില്ല' എന്നൊക്കെ കാലാവസ്ഥ പ്രവചിക്കുന്ന ചൊല്ലുകളുണ്ട്.

മഴ വരുന്നതിനെപ്പറ്റി പ്രകൃതിയിൽ ചില സൂചനകളുണ്ടായിരുന്നു. തുമ്പികൾ കൂട്ട ത്തോടെ താഴ്ന്നു പറക്കുന്നത്, ഉറുമ്പുകൾ മുട്ടയുമായി വരിവരിയായി കൂടു മാറുന്നത്, ഈയ്യാമ്പാറ്റകൾ മണ്ണിൽ നിന്നുയരുന്നത്, കൊന്ന പൂക്കുന്നത്, മയിലിന്റെ കാഹളം, മഴക്കൊച്ച എന്ന പക്ഷിയുടെ കരച്ചിൽ, കള്ളിച്ചെടി പൂക്കുന്നത്, ചന്ദ്രന്റെ പരിവട്ടം അടുത്തുകാണുന്നത് എന്നിവ മഴ വരുന്നതിന്റെ സൂചനകളാണ്. ആകാശത്തെ നാലു മണ്ഡലങ്ങളായി തിരിച്ചിട്ടുള്ള തിൽ വരുണ മണ്ഡലത്തിലെ മഴയാണ് കൃഷിക്ക് അനുയോജ്യമായത്. വിഷുഫലം നോക്കി വർഷത്തിന്റെ അളവ് കണക്കാക്കുന്ന വിദ്യയും കേരളത്തിലുണ്ടായിരുന്നു. ഇതിനെ'പറക്ക

ണക്ക് എന്നു പറഞ്ഞിരുന്നു. ഒരു പറ, രണ്ടു പറ, മൂന്നു പറ, നാലു പറ എന്നിങ്ങനെയാണ് അളവുകൾ. അറുപതു യോജന വിസ്താരവും നൂറു യോജന നീളവുമാണ് സാങ്കല്പികമായ പറയുടെ മാനം. സുഭിക്ഷമായ മഴക്കാലം ഒരു പറ വർഷം. രണ്ടു പറ വർഷം മഴ കുറയും. മൂന്ന് പറ വർഷം അധികം ഗുണമില്ല. നാലു പറ വർഷം ദാരിദ്ര്യം ഉണ്ടാക്കുന്നതാണ്.

പ്രാചീനതമിഴകത്തിൽ പെയ്തിരുന്ന മഴയെപ്പറ്റി ഒരു പഴങ്കഥയുണ്ട്. വൃഷ്ടി പോരാത്തതു കൊണ്ട് ക്ഷാമമുണ്ടായപ്പോൾ മൂവരശന്മാർ മഹേന്ദ്രനെ തപസ്സു ചെയ്തു. ധർമ്മബുദ്ധികളായിരുന്നാൽ മഴതുടർന്നു കിട്ടുമെന്നും ഈ മഴയെ ചേര. ചോള, പാണ്ഡ്യ രാജ്യങ്ങൾ വിഭജിച്ചെടുത്തുകൊള്ളണമെന്നും ഇന്ദ്രൻ പറഞ്ഞു. അങ്ങിനെയാണ് ഇടവം 15 മുതലുള്ള മഴ മലനാടിനു ലഭിച്ചത്. അതാണ് ഇടവപ്പാതി.

അശ്വതി, ഭരണി തുടങ്ങി 27 ഞാറ്റുവേലകളാണ് നമുക്കുള്ളത്. സൂര്യൻ, അശ്വതി, ഭരണി, കാർത്തിക തുടങ്ങി ഓരോ നക്ഷത്രത്തിന്റേയും അടുത്തു നിൽക്കുന്ന കാലത്തെയാണ് 'ഞാറ്റുവേല' എന്ന് പറയുന്നത്. ഞായറെന്നാൽ സൂര്യൻ. വേലയെന്നാൽ സമയം. ഏകദേശം പതിമൂന്നര ദിവസമാണ് ഒരു ഞാറ്റുവേല.

തിരുവാതിര ഞാറ്റുവേല മാത്രം 15 ദിവസം ഉണ്ടാകും. മഴയുള്ള ഞാറ്റുവേലകൾ പത്തെണ്ണമാണ്. ഞാറ്റുവേലകൾ രാത്രിയാണ് പിറക്കുന്നതെങ്കിൽ മഴ കൂടുതൽ ലഭിക്കും.

ഞാറ്റുവേല നോക്കിയാണ് മലയാളനാട്ടിൽ കൃഷി ചെയ്തിരുന്നത്. ഞാറ്റുവേല നോക്കി കൃഷി ചെയ്താൽ കൃഷി നശിക്കുകയില്ലെന്നു മാത്രമല്ല, കൃഷിച്ചെലവും കുറയ്ക്കാം. പുഴുക്കേട്, കളശല്യം, ഉണക്കം എന്നിവ ഉണ്ടാകില്ല. ഞാറ്റുവേല തെറ്റിയാൽ നാടാകെ കഷ്ടകാലം. രേവതി, അശ്വതി നാളിലെ ചാറ്റൽ മഴയാണ് പുതുമഴ. കുംഭമാസത്തിലെ വേനൽ മഴ വിളവുകൾക്ക് ഒരാശ്വാസമാണ്. 'കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും പൊന്നാണ്.' 'ആയിരം വേനലുണ്ടായാലും അരമഴ കിട്ടിയാൽ മതി' എന്നൊക്കെ പഴഞ്ചൊല്ലുകളുണ്ട്. മാനത്തിടിവെട്ടി പുതുമഴ പെയ്യുമ്പോഴാണ് ദശപുഷ്പങ്ങളടക്കമുള്ള ചെറുസസ്യങ്ങൾ മുളച്ചുപൊന്തുന്നത്. വേനൽ മഴയിൽ ചിലപ്പോൾ മഞ്ഞുകട്ടയായി ആലിപ്പഴം പെയ്യാറുണ്ട്.

പുതുമഴയ്ക്ക് വിത്തിടണം. ഈ കാലത്ത് പൊടിവിതയ്ക്കു പുറമെ പറമ്പുകൃഷിയുമാരംഭിക്കും. മത്തൻ, കുമ്പളം, കയ്പ, വെണ്ട, മുതിര, ഉഴുന്ന്, എള്ള്, തൊവര, ചാമ, പുല്ല്, തിന തുടങ്ങിയ വേനൽപ്പച്ചകളുടെ കൃഷിയാരംഭിക്കും. സൂക്ഷിച്ചുവച്ച വിത്തുകൾ മണ്ണിലാകുന്നതു വരെ കർഷകർക്കു സമാധാനമില്ല. മുതിരയ്ക്ക് മൂന്നു മഴ മതി. തവള കരയുന്നതിനുമുമ്പ് വെണ്ടയും വഴുതനയും തയ്യാറാകണം. ദശപുഷ്പങ്ങൾ തലപൊക്കുന്നത് പുതുമഴയ്ക്കുശേഷമാണ്. മേടവാഴക്കന്ന് പറിച്ചു നടണം. വിരിപ്പു കൃഷി (ഒന്നാം വിള) വേനൽ മഴ നോക്കിയാണ്. രോഹിണി ഞാറ്റുവേല പയർവർഗ്ഗങ്ങൾ നടുന്ന സമയമാണ്. തിരുവാതിരയിൽ അമര കുത്തണം. അമരത്തടത്തിൽ തവള കരയണം. എന്നൊക്കെ നാട്ടുവഴക്കങ്ങളുണ്ട്.

കാർത്തികയിൽ കാക്കക്കാൽ വെള്ളം, രോഹിണിയിൽ മഴക്കാലം. മകയിരം മദിച്ചു പെയ്യും. തിരുവാതിര തിരി മുറിയാതെ, .പുണർതം പുളച്ചു വരും, പൂയം കുളിക്കും, ആയില്ല്യ ക്കള്ളൻ അകത്തോ പുറത്തോ, മകം മകത്തടിയൻ എന്നിങ്ങനെ മഴയുടെ വ്യത്യാസങ്ങൾ നാട്ടുകാർ തിരിച്ചറിഞ്ഞിരുന്നു.



മഴയുടെ സ്വഭാവമനുസരിച്ച് പന്തലൊതുക്കിമഴ (മീനമാസത്തിലെ പടുമഴ വൈക്കോൽക്കൂനഒതുങ്ങുന്ന മഴയാണ്), കാടുകിളുത്താൻമഴ (എടവമാസത്തിലെ വേനൽ മഴയ്ക്ക് ചെറുസസ്യങ്ങൾ മുളക്കുന്നു). സംക്രാന്തിത്തടിയൻ (തിരുവാതിര മഴ – കർക്കിടകം), പുണർതത്തടിയൻ, വരമ്പുമുറിയൻ, ചിറമുറിയൻ (കോളുനിലങ്ങളിലെ വരമ്പും ചിറയും മുറി യുന്നു) എന്നൊക്കെപ്പേരുകളുണ്ട്, ഞാറ്റുവേലകളിൽ പ്രധാനപ്പെട്ടവ തിരുവാതിര, പുണർതം, പൂയം, ആയില്യം എന്നിവയാണ്. തിരുവാതിര ഞാറ്റുവേലയിൽ പെരുവൃഷ്ടിയുണ്ടാകു മെന്നും ഫലമൂലങ്ങൾ വർദ്ധിക്കുമെന്നും നാട്ടാർക്കറിയാം. ഈ മഴയ്ക്ക് ഔഷധഗുണമു ണ്ടെന്ന് പറയപ്പെടുന്നു. ഒരു ദിവസം അമൃതു പെയ്യുമത്രെ. മഴവെള്ളം ഒരു കവിൾ കുടിക്ക ണം. രോഗങ്ങൾ ഉണ്ടാകുകയില്ല. പണ്ട് നാട്ടുവൈദ്യത്തിൽ ആസവവും കഷായവും ഉണ്ടാ ക്കാൻ തിരുവാതിര ഞാറ്റുവേലയിലെ വെള്ളം ഭരണികളിൽ സൂക്ഷിച്ചിരുന്നു.

ചേര രാജാവിന്റെ നാളായ തിരുവാതിരയ്ക്ക് നൂറു മഴയും നൂറു വെയിലും എന്നാണ് കണക്ക്. മഴയും വെയിലും തുല്യമായി ലഭിക്കുന്നതിനാൽ സസ്യങ്ങൾക്ക് ഉർവരത കൂടും. 'തിരുവാതിര തിരുതകൃതി' . 'തിരുവാതിരയ്ക്ക് തിരുമുറ്റത്തും തുപ്പാം' എന്നൊക്കെ ചൊല്ലുകളുണ്ട്. 'തിരുവാതിരയിൽ തൊപ്പിപ്പാളയിട്ട് പണിയെടുത്താൽ അത്തം ഞാറ്റുവേലയിൽ ഇരുന്നു തിന്നാം'. എന്നൊരു ചൊല്ലുണ്ട്. 'തിരുവാതിരയിൽ മലവെള്ളം വന്നാൽ തിരുവോണം കണ്ടേ പോകൂ' എന്നുമുണ്ട്. കുരുമുളകുവള്ളിയുടെ ഞാലി നടേണ്ട സമയമാണ് അത്. പണ്ട് കുരുമുളക് കൊടി ഇവിടെ നിന്ന് വിദേശീയർ കൊണ്ടുപോയപ്പോൾ സാമൂതിരി ഇങ്ങനെപറഞ്ഞു. 'നമ്മുടെ തിരുവാതിര ഞാറ്റുവേല കൊണ്ടുപോകാനാകില്ലല്ലോ' എന്ന്. ഞാറ്റുവേലയും കൃഷിയും തമ്മിലുള്ള സൂക്ഷ്മ ബന്ധത്തെയാണിതു കാണിക്കുന്നത്. പയറ്, മുതിര, എള്ള്, ചേന, നെല്ല്, തെങ്ങിൻതൈ തുടങ്ങി കാർഷിക വിളകളെല്ലാം ഞാറ്റുവേലയും മഴയുമനുസരിച്ചാണ് കൃഷി ചെയ്യാറ്.കർഷകരുടെ മനസ്സിൽ നിറഞ്ഞു നിന്നത് മഴയുടെ നാട്ടറിവുകളും പുരാവൃത്തങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമായിരുന്നു. വേനൽക്കാലത്ത് കാവുകളിൽ കൊണ്ടാടപ്പെടുന്ന വേലപൂരങ്ങളും നാടൻകലകളും മഴ പെയ്യിക്കുന്നതിനായുള്ള ഉത്സവങ്ങളാണ്. രുചി കൂടുന്ന മഴക്കാലത്തെ കർക്കിടകത്തിൽ മരുന്നുകഞ്ഞി, ഔഷധസേവ, പത്തെല കഴിക്കൽ, ദശപുഷ്പം ചൂടൽ, ശീവോതിക്കുവെക്കൽ, സുഖചികിത്സ, ഉഴിച്ചിൽ തുടങ്ങിയ നാട്ടുഭക്ഷണങ്ങളും ചടങ്ങുകളും ചികിത്സകളും ഉണ്ടായിരുന്നു.

## സൂചനകൾ

**മലയാളമാസങ്ങൾ** – മേടം, ഇടവം, മിഥുനം, കർക്കിടകം, ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം

**27 നക്ഷത്രങ്ങൾ** – അശ്വതി, ഭരണി, കാർത്തിക, രോഹിണി, മകീരം, തിരുവാതിര, പുണർതം, പൂയം, ആയില്യം, മകം., പൂരം, ഉത്രം, അത്തം, ചിത്തിര ചോതി, വിശാഖം, അനിഴം, തൃക്കേട്ട, മൂലം, പൂരാടം, ഉത്രാടം, തിരുവോണം, അവിട്ടം, ചതയം, പൂരോരുട്ടാതി, ഉത്രട്ടാതി, രേവതി

**ഞാറ്റുവേല** – ഞായറിന്റെ വേല – സൂര്യന്റെ സമയം

**ദശപുഷ്പങ്ങൾ** – മുക്കുറ്റി, തിരുതാളി, കറുക, ചെറൂള, പൂവാം കുറുന്നില, മുയൽച്ചെവി, കൃഷ്ണക്രാന്തി, കയ്യുണ്ണി, ഉഴിഞ്ഞ, നിലപ്പന

**ആലിപ്പഴം** – Hailstone

**പത്തെല** – പയറ്, മത്തൻ, കുമ്പളം, ചേമ്പിൻ താള്, തകര, ആനത്തുമ്പ, ചീര, നെയ്യുണ്ണി, വെള്ളരി, ചേന.

**ശീവോതി** – കർക്കിടകത്തിൽ ചേട്ടയെ പുറത്താക്കി ശീവോതിയെ ഭവനത്തിലേക്കു സ്വീകരിക്കുന്ന ചടങ്ങ്.

## അഭ്യാസം

### I. പുതിയ പദങ്ങൾ :

ആവാസപ്രകൃതി, ചെമ്മാനം, പ്രവചനം, പരിവട്ടം, സുഭിക്ഷം, വൃഷ്ടി, നാട്ടുവഴക്കം, ആസവം, ഉർവരത, പുരാവൃത്തം, അനുഷ്ഠാനം

### II. വിപരീതപദങ്ങൾ :

അനുഗ്രഹം, ശാസ്ത്രീയം, ധർമ്മം

### III. വാക്യത്തിൽ പ്രയോഗിക്കുക :

അനുയോജ്യം, വഴക്കം, കൊണ്ടാടുക

### IV. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക :

1. മലയാളനാട്ടിൽ എങ്ങനെയെല്ലാമാണ് മഴ ലഭിച്ചിരുന്നത്?
2. കാലാവസ്ഥ പ്രവചിക്കുന്ന ചൊല്ലുകളേതെല്ലാം?
3. കൃഷിക്ക് അനുയോജ്യമായ മഴയേതാണ്?
4. ഇടവപ്പാതി എന്നാൽ എന്ത്?
5. മഴയുടെ വ്യത്യാസങ്ങൾ നാട്ടുകാർ തിരിച്ചറിഞ്ഞിരുന്നതെങ്ങനെ?
6. മഴക്കാലത്തെ ഭക്ഷണം, ചടങ്ങുകൾ, ചികിത്സ തുടങ്ങിയവയെ ക്കുറിച്ചെഴുതുക

### V. ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക :

1. ഗ്രാമീണരുടെ നാട്ടറിവുകൾ ശാസ്ത്രീയമായിരുന്നുവെന്ന് ലേഖകൻ പറയുന്നതെന്തു കൊണ്ട്?
2. വർഷത്തിന്റെ അളവ് കണക്കാക്കുന്ന വിദ്യയെക്കുറിച്ചെഴുതുക
3. ഞാറ്റുവേലയെക്കുറിച്ചെഴുതുക
4. മഴക്കാലത്ത് ചെയ്യേണ്ട നാട്ടുവഴക്കങ്ങളെന്തെല്ലാം?
5. തിരുവാതിരയുടെ പ്രത്യേകതകളെന്തെല്ലാം?

### VI. പത്തുവരിയിൽ ഉത്തരമെഴുതുക :

മഴയെ ആശ്രയിച്ച് നിലനിന്നിരുന്ന കേരളത്തിലെ കാർഷിക സമ്പ്രദായത്തിന്റെയും നാടോടി സംസ്കാരത്തിന്റെയും സ്വഭാവം വിവരിക്കുക

# പത്തു രൂപാ

**കാരൂർ**

[കാരൂർ നീലകണ്ഠപ്പിള്ള: 1898–ൽ ഏറ്റുമാനൂരിൽ ജനിച്ചു. ഏഴാം ക്ലാസ്സു വരെ പഠിച്ചു. സർക്കാർ സ്കൂൾ അദ്ധ്യാപകനായി. 1945–ൽ സാഹിത്യ പ്രവർത്തക സഹകരണസംഘം സ്ഥാപിക്കുന്നതിൽ മുൻകൈ എടുത്തു. 1965 വരെ സംഘത്തിന്റെ സെക്രട്ടറിയായിരുന്നു. ലാളിത്യം, ഗ്രാമീണജീവിതത്തിന്റെ ആഖ്യാനം എന്നിവയാൽ വായനക്കാരെ വശീകരിച്ച കഥകളായിരുന്നു കാരൂരിന്റേത്. വാധ്യാർക്കഥകളുടെ കർത്താവ് എന്ന നിലയിലും കാരൂരിന് സവിശേഷമായ ഒരു സ്ഥാനം മലയാളസാഹിത്യത്തിലുണ്ട്. മോതിരം, കാരൂർക്കഥകൾ (രണ്ടു ഭാഗങ്ങൾ), മേൽവിലാസം, പൂവമ്പഴം, ഒരു പിടി മണ്ണ്, മീൻകാരി, തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കഥാ സമാഹാരങ്ങൾ. ഹരി, ഗൗരി, പഞ്ഞിയും തുണിയും എന്നീ മൂന്നു നോവലുകളും ആനക്കാരൻ, അഞ്ചു കടലാസ്, അഴകനും പൂവാലിയും തുടങ്ങി ഒരു ഡസനോളം ബാലസാഹിത്യഗ്രന്ഥങ്ങളും കാരൂർ രചിച്ചിട്ടുണ്ട്. ഇന്ത്യാഗവണ്മെന്റിന്റെ സമ്മാനങ്ങളും കേരളസാഹിത്യ അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്. 1975 ഒക്ടോബർ 2ന് അന്തരിച്ചു.]



'കൃഷ്ണപിള്ളേ, ഇന്നുമുതൽ നിങ്ങളിവിടെ ജോലി ചെയ്യേണ്ട.' പതിവുള്ള നേരത്ത് ഞാൻ പ്രസ്സിൽ ചെന്നപ്പോൾ പ്രൊപ്രൈറ്റർ എന്നോട് പറഞ്ഞു. ഞാനെന്തെങ്കിലും പറയുന്നതിന് മുമ്പ് പതിനൊന്നു രൂപായും രസീതുപുസ്തകവും എടുത്തു മേശപ്പുറത്തു വെച്ചിട്ടദ്ദേഹം തുടർന്നു. 'ഇന്നുവരെയുള്ള ശമ്പളം ഇതാ, പുസ്തകത്തിൽ ഒപ്പിട്ടിട്ടു രൂപാ എടുത്തുകൊള്ളണം.'

തിരിയുന്ന കസേര റോഡിലേക്കു തിരിച്ച് അങ്ങു ദൂരെ നോക്കിക്കൊണ്ടദ്ദേഹം മിണ്ടാതെയിരുന്നു.

എന്റെ നോട്ടം അദ്ദേഹത്തിൽ തങ്ങിനിന്നു. എന്തെങ്കിലും പറയാനെനിക്കു തോന്നിയില്ല. പതിനഞ്ചു കൊല്ലമായി ആ പ്രസ്സുടമസ്ഥനെ സേവിച്ചുവരുന്ന എന്റെ മനസ്സിൽ ഭൂതകാലസംഭവങ്ങൾ ഓരോന്നായി തെളിഞ്ഞുമറഞ്ഞു. ഏഴു രൂപാ ശമ്പളത്തിൽ കണക്കെഴുത്തുകാരനായി ഞാനവിടെ ചേർന്നതും മറ്റു ജോലിക്കാരോടെന്നപോലെയോ അതിൽ കൂടുതലോ എന്നോടദ്ദേഹം വാത്സല്യം പ്രകടിപ്പിച്ചിട്ടുള്ളതും ഞാനോർത്തു. ആരോടും കറുത്ത വാക്കു പറയാതെ എല്ലാവരെക്കൊണ്ടും കഴിവുള്ളേടത്തോളം പണിയെടുപ്പിക്കാനുള്ള അദ്ദേഹത്തിന്റെ മിടുക്കും ഉത്തമർണ്ണന്മാരെ സാന്ത്വനപ്പെടുത്തി അയയ്ക്കാനുള്ള അദ്ദേഹത്തിന്റെ ചാതുര്യവും നിശ്ചിത സമയത്തു ജോലിക്കാർക്കു ശമ്പളം കൊടുക്കാൻ അദ്ദേഹത്തിനു നേരിടാറുള്ള വിഷമങ്ങളും എന്റെ സ്മരണയിൽ പൊന്തിവന്നു. പ്രാരംഭകാലങ്ങളിൽ വരവുചെലവുകളുടെ കണക്കു നോക്കുന്നതിൽ ഉദാസീനനായിരുന്ന എന്റെ യജമാനൻ പണക്കാരനായപ്പോൾ അക്കാര്യ

ത്തിൽ നിഷ്കർഷ കാണിച്ചുവന്നത് ആവശ്യം കൂടാതെ ഞാൻ ഓർത്തു. അടുത്ത ദിവസത്തെ ആഹാരത്തിനുള്ള മാർഗ്ഗമെന്തെന്ന് ആലോചനയിലെത്തിയ എന്റെ കണ്ണങ്ങിരുണ്ടു.

'അതെടുത്തുകൊള്ളു.' എന്നു പറഞ്ഞിട്ട് അദ്ദേഹം എഴുന്നേറ്റ് മറ്റൊരു മുറിയിലേക്കു പോയി.

അദ്ദേഹത്തിന്റെ അപ്രിയത്തിനൊരു കാരണവും ഞാൻ കണ്ടില്ല. അതൃപ്തികരമായ ഒരു വാക്കു ഞാൻ പറഞ്ഞിട്ടില്ല; ഒരു കാശിനു വ്യത്യാസം ഞാനവിടെ ചെയ്തിട്ടില്ല. അതിലെനിക്കഭിമാനം തോന്നി. രസീതൊപ്പിട്ടു. രൂപാ കൈയിലെടുത്തു.

അദ്ദേഹത്തോടൊന്നു യാത്ര പറയണം. 'എന്നാൽ ഞാൻ പോകട്ടെ' എന്നു തന്റേടത്തോടെ പറയണം. തലയുയർത്തിയങ്ങു നടക്കണം. പതിനഞ്ചു കൊല്ലം ജോലി ചെയ്ത എന്നെ ഒരു മുന്നറിയിപ്പും കൂടാതെ പിരിച്ചുവിട്ട ആളിനോടു തക്ക മറുപടി പറഞ്ഞിട്ടു വേണം ഇറങ്ങിപ്പോരാനെന്നു ഞാനാശിച്ചു. ഇന്നദ്ദേഹത്തിനുള്ള പണമെല്ലാമുണ്ടാക്കാൻ അദ്ദേഹത്തിനു തുല്യമോ അതിലേറെയോ പാടുപെട്ടു. എന്നോടുള്ള ഈ പെരുമാറ്റത്തിന്റെ പന്തികേട് ഒന്നു ബോദ്ധ്യപ്പെടുത്തിക്കൊടുക്കേണ്ടതത്യാവശ്യമാണെന്നെനിക്കു തോന്നി. അദ്ദേഹത്തെ കാത്ത് ഞാനവിടെ നിന്നു. അദ്ദേഹം വന്നു. അപ്പോഴേക്ക് എന്റെ ആലോചനകൾ മയപ്പെട്ടുപോയി.

ഞാൻ–ഞാനിവിടെ ഇത്രയും കാലം വിശ്വസ്തതയോടെ ജോലി ചെയ്തല്ലോ. അതിനൊരു സർട്ടിഫിക്കറ്റ് തന്നാൽ കൊള്ളാം.

ഈ അപേക്ഷയെക്കുറിച്ച് ഞാൻ പിന്നീട് ലജ്ജിച്ചിട്ടുണ്ട്. 'എന്റെ ശേഷിക്കും വിശ്വാസ്യതയ്ക്കും ഒരാളിന്റെ സാക്ഷ്യപത്രം!'

പ്രൊപ്രൈറ്റർ അക്ഷോഭ്യനായും മൗനിയായും നാൾവഴിപ്പുസ്തകം തുറന്ന്, രണ്ടാം തീയതിയിലെ കണക്കിൽ കൈവിരലൂന്നിക്കൊണ്ട് എന്നോട് ചോദിച്ചു. 'ഇതു വിശ്വാസ്യതയാണ്. അല്ലേ?'

അവിടെ ഞാനൊരു വിശേഷവും കണ്ടില്ല. സൂക്ഷിച്ചു നോക്കി. 'എനിക്കു മനസ്സിലായില്ല'. എന്നു പറഞ്ഞിട്ടു ഞാനതു മുഴുവൻ വായിച്ചു. ഞാൻ ഒടുവിൽ പറഞ്ഞു. 'എല്ലാം ശരിയാണല്ലോ.'

പ്രൊപ്രൈറ്റർ. 'ആദ്യം മുതൽ മുഴുവൻ ശരി' – ഇതു പൂരിപ്പിക്കുന്നതിനു മുമ്പ് എനിക്കൊരു സംശയം തോന്നി. തുക വെച്ചതിൽ പിഴ വന്നിരിക്കാമെന്ന്. കൂട്ടിനോക്കാൻ തുടങ്ങിയപ്പോഴേക്കദ്ദേഹം പറഞ്ഞു. 'വേണ്ട, ഞാനതും വേറെ വല്ലതുമുണ്ടെങ്കിലതും സഹിച്ചിരിക്കുന്നു. നിങ്ങളെനിക്കുവേണ്ടി വളരെ ക്ലേശിച്ചിട്ടുള്ളതുകൊണ്ട്.'

അപ്പോഴേക്കു ഞാൻ തുക കൂട്ടിക്കഴിഞ്ഞു. ഞാനൊന്നു ഞെട്ടി. 'അത്'
'ഒന്നും കേൾക്കണ്ട. കഴിഞ്ഞതൊക്കെ പോകട്ടെ.'

'എന്റെ മനസ്സാക്ഷിയുടെ തൃപ്തിക്കിതാവശ്യമാണ്. നീക്കിയിരിപ്പിൽ വിടുതലുള്ള പത്തു രൂപാ ഇതാ'

പത്തു രൂപാ ഞാൻ മേശപ്പുറത്തു വെച്ചു.
'വേണ്ട'

'ഇനി വല്ലതും കണ്ടുപിടിച്ചാൽ അതും തന്നുതീർക്കാൻ ഞാൻ ശ്രമിക്കാം.'
'കൃഷ്ണപിള്ള ഇതു കൊണ്ടുപൊയ്ക്കൊള്ളണം.' അദ്ദേഹം നോട്ടെടുത്തെന്റെ നേരെ നീട്ടി.
'എന്നാൽ പോകട്ടെ'
ഞാൻ വഴിയിലേക്കിറങ്ങി. കിഴക്കോട്ടു രണ്ടുമൂന്നടി നടന്നു. തിരിഞ്ഞ് പടിഞ്ഞാറോട്ട് പോയി. ഒരു രൂപായും കൊണ്ട്.

എന്റെ ചിന്ത ആ പത്തു രൂപായേക്കുറിച്ചായിരുന്നു.

തെറ്റിയ കണക്കും കൈയിലിരിപ്പും കൂടി എങ്ങനെ ഒത്തു. രണ്ടാം തീയതി ആഫീസിൽ ചെന്നതുമുതലുള്ള കാര്യങ്ങളോരോന്നും നിരന്തരമായി, സൂക്ഷ്മമായി, ഓർമ്മിച്ചുനോക്കി. ആഫീസിൽച്ചെന്നു കുട മൂലയിൽ ചാരിവെച്ചു. കസാലയിലെ പൊടി തുടച്ചു. രണ്ടാം മുണ്ട് കസാലയുടെ പുറംചാരിൽ ഇട്ടു. കസാലയിലിരുന്നു മേശ തുറന്നു.എല്ലാവർക്കും ശമ്പളം കൊടുത്തു. എന്റെ ശമ്പളം മുപ്പതു രൂപാ എടുത്തു. കടം വീട്ടിയത്..മൂന്നു രൂപാ വീട്ടിൽ ഏല്പിച്ചു. അപ്പോൾ ഗോമതി പറഞ്ഞു. 'ഒണ്ടേൽ രണ്ടുരൂപാ കൂടി തരൂ. അലക്കുകാരനു കഴിഞ്ഞ മാസത്തിലൊന്നും കൊടുത്തില്ല. അങ്ങേതിലെ കല്യാണിച്ചേച്ചിയോടു രണ്ടുരൂപാ മേടിച്ചതിന് ഇന്നു കാലത്തെ ആളു വന്നേച്ചു പോയി.' എന്നും മറ്റും. എട്ടണ കൂടിയുണ്ടായിരുന്നതും കൊടുത്തു. എല്ലാം ഓർത്തു. പത്തുരൂപാ കണ്ടുകിട്ടിയില്ല.

പത്തുദിവസത്തെ പ്രയത്നഫലം നഷ്ടപ്പെട്ടു. അതുപോകട്ടെ. പലപ്പോഴായി പത്തുദിവസം പട്ടിണികിടന്നാൽ അതു നികത്താം. വിശ്വാസവഞ്ചനയും നന്ദികേടും! അതു പടർന്നു പിടിക്കും. കണക്കിൽ തകരാറു കാണിച്ച് പണം അപഹരിച്ചവന് ആരും ജോലി തരുകയില്ല. ഞാനെന്തു ചെയ്യും! വിശന്നു കരയുന്ന കുഞ്ഞുങ്ങളോട് അവരുടെ അമ്മ എന്തു സമാധാനം പറയും.

എന്റെ യജമാനൻ ഒരെടുത്തുചാട്ടക്കാരനായിപ്പോയി. കണക്കുകളെല്ലാം പരിശോധിച്ച് ഇതാദ്യത്തേതാണെന്നു കാണുന്ന പക്ഷം എന്നെ താക്കീത് ചെയ്ത് ഇക്കാര്യം തീർക്കാമായിരുന്നു. അല്ലെങ്കിൽ പണച്ചുമതല എന്നിൽ നിന്നെടുക്കാമായിരുന്നു. അതുമല്ലെങ്കിൽ ഉദ്യോഗ

ത്തിൽ നിന്നു പിരിഞ്ഞുകൊള്ളാൻ എനിക്കൊരു മാസത്തെ മുന്നറിയിപ്പു തരാമായിരുന്നു. അതൊന്നും ചെയ്യാതെ. എന്നിൽ നിന്നീടാക്കാനുള്ള തുകയോളം ശമ്പളമാകുന്നതുവരെ വെച്ചു കൊണ്ടിരുന്നിട്ട് എന്നെ പിരിച്ചുകളഞ്ഞു. ആ സൂത്രം ഞാൻ മനസ്സിലാക്കാതിരിക്കാൻ. 'ഇതെ ടുത്തോളൂ കൃഷ്ണപിള്ളേ!' എന്നൊരു ഭംഗിവാക്കും അതെനിക്കു വേണ്ട. ഒരു തൊഴിലില്ലാതെ പെരുവഴിയിലേക്കിറങ്ങുന്ന എനിക്ക് ഒരു രൂപയും പതിനൊന്നു രൂപയും തമ്മിലെന്താ വ്യത്യാസം? അദ്ദേഹത്തിന്റെ പത്തുരൂപായും കൊണ്ടു പോയാൽ എനിക്കൊരുവഴിക്കും ഗുണം പിടിക്കുകയില്ല. 'അപഹരിച്ചെടുത്ത' രൂപാ!

എങ്ങോട്ടെന്നില്ലാതെ ഞാൻ നടന്നു. ഇടയ്ക്ക് 'രാമപ്പൈ ആൻഡ് സൺസ്' എന്ന ബോർഡ് എന്നെയൊന്നാകർഷിച്ചു. ഞങ്ങളുടെ എന്ന് ഇന്നലെവരെ പറയപ്പെട്ടിരുന്ന പ്രസ്സിലേക്ക് കട ലാസു വാങ്ങാറുള്ളതിവിടെ നിന്നാണ്. ഒരു സ്റ്റേഷനറിക്കടയിൽ മൂന്നു രൂപാ ശമ്പളത്തിൽ സാമാനമെടുത്തുകൊടുത്തിരുന്ന 'കൊങ്ങിണിച്ചെറുക്ക' നാണ്. ലോകത്തിലെ സകല വാണി ജ്യകേന്ദ്രങ്ങളുമായി കച്ചവടം പുലർത്തുന്ന ഇന്നത്തെ രാമപ്പൈ. അവിടത്തെ ബ്രാഞ്ചുമാനേ ജർ വിചാരിച്ചാൽ മതി. എനിക്കൊരു ജോലി തരാൻ. എന്റെ മനസ്സിന്റെ പുറകെ കാലും അങ്ങോട്ടു നീങ്ങി. പ്രസ്സിലെ വേലക്കാരൻ ഗോപാലൻ അവിടെ നില്ക്കുന്നു. ഞാൻ മുഖം തിരിച്ച് നടന്നുകളഞ്ഞു. രാമപ്പൈ ആൻഡ് സൺസുമായുള്ള ഇടപാടിൽ വല്ല തകരാറും ഞാൻ കാണിച്ചിട്ടുണ്ടോ എന്നറിയാൻ പ്രൊപ്രൈറ്റർ അയച്ചതായിരിക്കണം ഗോപാലനെ. അപഹ രണം കണ്ടുപിടിച്ച് എന്നെ പിരിച്ചുവിട്ടെന്നും ഇനി ഞാൻ വാങ്ങുന്നതിന്നു പ്രസ്സ് ഉത്തരവാ ദിത്വം സഹിക്കുകയില്ലെന്നും ഉള്ള അറിയിപ്പുകൊണ്ടായിരിക്കാം വന്നിരിക്കുന്നത്. അങ്ങോട്ട് കേറേണ്ടെന്നു തന്നെ ഞാൻ നിശ്ചയിച്ചു. നിശ്ചയിച്ചപ്പോഴേക്കും കുറെ ദൂരം നടന്നു കഴിഞ്ഞു.

അവിചാരിതവും നിരുദ്ദേശ്യവുമായ ഈ നടപ്പിനു കാരണമായ പത്തുരൂപാ മനസ്സിൽക്കി ടന്നു കിലുങ്ങുകയാൽ ഇരുവശവും ശ്രദ്ധിക്കാതെ നടക്കുന്നതിനിടയിൽ , 'സർ വരണം' എന്നൊരു ക്ഷണം കേട്ട് ഞാൻ മുഖം തിരിച്ചു നോക്കി. 'വരൂ, കേറിയിരുന്നിട്ടു പോകാം' എന്ന് അയാൾ തുടർന്നതിനാൽ ഞാൻ അങ്ങോട്ട് തിരിഞ്ഞ് നടന്നു ചെന്ന് കേറിയിരുന്നു. ഫിലിപ്പ് തോമസ്സിന്റെ കടയിൽ. അവിടേയും അറിഞ്ഞിരിക്കും എന്റെ കാര്യം എന്നൂഹിച്ചിരുന്ന എനിക്കത്ര സുഖം തോന്നിയില്ല, അവിടെക്കേറിയിരിക്കാൻ. എങ്കിലും ഫിലിപ്പിന്റെ മുഖഭാവം ഇന്നലത്തെപ്പോലെയായിരുന്നതിനാൽ ഞാൻ ജാള്യം വെളിപ്പെടുത്താതെ അവിടെയിരുന്നു.

അയാൾ സിഗരറ്റെടുത്തു നീട്ടി. ഒരു പയ്യനെ ചായയ്ക്കയച്ചു. 'എങ്ങോട്ടാ?' എന്നയാൾ ചോദിക്കയും 'വെറുതെ' എന്ന സാധാരണ മറുപടി ഞാൻ പറയുകയും ചെയ്തതിനോടുകൂടി മേശപ്പുറത്തിരുന്ന ടെലിഫോണിൽ അയാൾക്കു ശ്രദ്ധിക്കേിവന്നു. അയാളോടു സംസാരിക്കു ന്നതാരാണെന്നോ എന്താണവർ സംസാരിക്കുന്നതെന്നോ എനിയ്ക്കു മനസ്സിലായില്ലെങ്കിലും നൂറ്റിനാലു രൂപാ ആവർത്തിച്ചാവർത്തിച്ചും 'അറുപത്തഞ്ചോ, ആകട്ടെ' എന്നും പറഞ്ഞതിൽ നിന്നും എനിക്കനുമാനിക്കാൻ കഴിഞ്ഞു. അയാൾ റബ്ബർകച്ചവടം ചെയ്യുകയാണെന്ന്. അയാൾ ഫോൺ താഴെ വെച്ചിട്ടെന്നോടു പറഞ്ഞു. 'സാറേ, ഇതൊക്കെയൊരു ചൂതുകളിയാണ്. കിട്ടി യാൽ ഒരാഴ്ചക്കകം നാലായിരത്തി അഞ്ഞൂറ്. പോയാലൊ 'നാല്പത്തി അയ്യായിരവും.'

'പോകാതിരിക്കട്ടെ' എന്നു ഞാനാശംസിച്ചു.. എങ്കിലും ആ മനുഷ്യന്റെ ധൈര്യത്തെക്കുറിച്ചെനിക്കൊരു കിടുക്കം തോന്നി, അഥവാ സാഹസത്തെക്കുറിച്ച്, നാല്പത്തയ്യായിരം രൂപാ നഷ്ടമോ നാലായിരത്തി അഞ്ഞൂറു രൂപാ ലാഭമോ വരാവുന്ന ഒരു കച്ചവടം കബൂലാക്കാൻ രണ്ടുമിനിട്ടുനേരവും മൂന്നു വാക്കിന്റെ ശ്രമവും!

ഞാനൊരു രസവുമില്ലാതെ പുകവലി തുടങ്ങി. പയ്യൻ ചായ കൊണ്ടുവന്നു മേശപ്പുറത്തു വെച്ചു.

'ചായ കുടിച്ചാട്ടെ!' എന്നു പറഞ്ഞുകൊണ്ട് ആതിഥേയൻ ഒരു കപ്പ് എന്റടുത്തേക്കു നീക്കി വെച്ചു. ഞങ്ങൾ ചായ കുടിച്ചു.

'പാപ്പച്ചാ, ഒരടയ്ക്കാ എടുത്തു വെട്ടിക്കൊണ്ടു വന്നേ.' എന്നാജ്ഞാപിച്ചിട്ട് ഫിലിപ്പ് ചോദിച്ചു. 'പിന്നെയെന്തൊക്കെയുണ്ട് വിശേഷം?'

എന്റെ മുഖത്തു പെട്ടെന്നുണ്ടായിരിക്കാവുന്ന വൈവർണ്ണ്യം അയാൾ കണ്ടുകാണുകയില്ല. ഫോൺ അയാളുടെ ശ്രദ്ധയെ വീണ്ടും ആകർഷിച്ചു.

ആ വ്യാപാരി സംസാരിക്കാൻ തുടങ്ങി.
'ഹലോ'
'അതെ'
'ആരാ അത്?'
'ഉം'
'ഉം'
'നൂറ്റിഅൻപത്'
'നൂറ്റിയെട്ട്'
'ഇല്ല'
'നൂറ്റിപന്ത്രണ്ട്'
'ഒക്കത്തില്ല'
'ഉം'
'ആട്ടെ',
അയാൾ ഫോൺ താഴെ വച്ചു. ഒരു സിഗരറ്റെടുത്തു കത്തിച്ചു.

ഈ മുറിവാക്കുകളുടെ അർത്ഥം അറിയാനെനിക്കു കൗതുകം തോന്നി – ഫിലിപ്പിന്റെ സാഹസബുദ്ധി ഇത്തവണ എന്തു ചെയ്തു എന്നറിയാനുള്ള രസം. അങ്ങോട്ടു ചോദിക്കാതെ പറയുന്നെങ്കിൽ പറയട്ടെ, എന്നുവെച്ചു ഞാനിരുന്നു.

'അപ്പോൾ വിശേഷമൊന്നും പറഞ്ഞില്ലല്ലോ,' എന്നായി ഫിലിപ്പ്.

അയാളുടെ വ്യാപാരകാര്യത്തിൽ തുടങ്ങി എന്റെ ജോലിക്കാര്യത്തിൽ അവസാനിപ്പിക്കണമെന്നു കരുതി ഞാൻ വഴുതി മാറാൻ തുടങ്ങി.

'ഇവിടെ ജോലിത്തിരക്കായിരിക്കും. ഞാൻ പിന്നെ വരാം.'

ഫിലിപ്പ് :–ഇല്ല, തിരക്കൊക്കെ തീർന്നു. അങ്ങനെയാ വന്നുകൂടിയത്.

'മ്?അതെന്താ?'

'എല്ലാം വിറ്റു. നൂറ്റിയൻപതു ടൺ ഉണ്ടായിരുന്നു. അതു മുഴുവനിപ്പോൾ വിറ്റതു കേട്ടില്ലേ?'

'ഉടനെകുറെ വാങ്ങുമായിരിക്കും.'

'ഇനി അതിനു നേരമില്ല. ഇന്ന് ഇരുപത്തിയഞ്ചായി. മുപ്പതാം തീയതിക്കുമുമ്പു കൊച്ചിയിൽ കൊടുക്കണം. അതിന്റെ ധിറുതിയാണിത്. എന്നാലേ മുപ്പത്തിനാലു രൂപാ ബോണസ്സു കിട്ടുകയുള്ളു.'

'മുമ്പേ പറഞ്ഞ നാലായിരത്തി അഞ്ഞൂറ്?'

'അതിന്നുതന്നെ അത്രയും കിട്ടിയില്ല. ആയിരം കുറയും. ഇതങ്ങനെയൊന്നും നോക്കാനില്ല.'

'അതെ, വലിയ ലാഭം കിട്ടിയില്ലെങ്കിലും നഷ്ടം വരാതിരുന്നാൽ മതി.'

'അതു പോരാ സാറേ, നഷ്ടം വരാതിരിക്കാനാണെങ്കിൽപ്പിന്നെ വെറുതെയിരിക്കരുതോ? കിട്ടാവുന്നിടത്തോളം ലാഭം കിട്ടണം.'

'അതു ശരിയാണ്. നിങ്ങൾ അവിടെ നിന്നു പോന്നതു നന്നായി.'

'പോന്നതിതൊന്നും കരുതിയല്ലല്ലോ. എന്നാലും നിങ്ങളുടെയൊക്കെ അനുഗ്രഹംകൊണ്ടു വലിയ ദോഷമൊന്നും വന്നില്ല.'

'ഞാനും പോന്നാൽ വല്ല ഗുണവുമുണ്ടാകുമോ?'

'അതു നടക്കാൻ പറയുന്നതല്ല.'

'നേര്. കാര്യമായിട്ട് ചോദിക്കയാണ്.'

'ഇതിനൊക്കേന്ന് പറഞ്ഞാൽ ഒരു നെഞ്ചൂറ്റം മതി. ഒരു ലൈൻ നോക്കി കണ്ണടച്ചോണ്ടങ്ങു ചെയ്തേക്കണം. കസേരയിലിരുന്നോണ്ടു ഫോണിൽ പറഞ്ഞാൽ മതി. രൂപാ മേശപ്പുറത്താ.'

'അതെല്ലാർക്കും ഒക്കുന്നില്ലല്ലോ?'

'അതാ പറഞ്ഞത്. നെഞ്ചൂറ്റം വേണമെന്ന്. ചെലപ്പം മണ്ട പൊളിഞ്ഞൂന്നും വരും. പക്ഷേ, അതുകൊണ്ട് മനം മടിച്ചേക്കരുത്. പിന്നെ ഒന്നൊണ്ടു സാറേ, ഇതു വല്ലോം വന്നപ്പം കൊണ്ടുവന്നതാണോ?'

'ഈ പറയുന്നതൊക്കെ ശരിയാണ്. എന്നാലേതിനും വേണമൊരു യോഗം.'

'ആ. അതെനിക്കറിഞ്ഞുകൂടാ. ഞാനവിടന്നു പോന്നിട്ടിപ്പോൾ ആറു കൊല്ലം തികഞ്ഞില്ല, ഉവ്വോ? അവിടന്നെറങ്ങിപ്പോന്നപ്പോൾ എന്റെ കൈയിൽ, സാറിന്റെ കൈ കൊണ്ടല്ലേ തന്നത്, ഒരു രൂപയല്ലേ ഉണ്ടായിരുന്നുള്ളു.'

'ഇപ്പോൾ മൂന്നുനാലു ലക്ഷത്തിന്റെ വക കാണണം. ഇല്ലേ?'

'എത്ര നേരം വേണം സാറെ. ഇതൊക്കെ വരാനും പോകാനും.?'

എനിക്കയാളുടെ സാമർത്ഥ്യത്തെ അഭിനന്ദിക്കാനോ, ആദായത്തിൽ അനുമോദിക്കാനോ ഒന്നും തോന്നിയില്ല. നേരം പോകുന്തോറും എന്റെ നിരാശ്രയത എന്റെ ഹൃദയം കരണ്ടുകൊണ്ടിരുന്നു.

യാത്ര പറഞ്ഞുകൊണ്ടു ഞാനെഴുന്നേറ്റു.

'വരട്ടെന്നേ. എവിടെപ്പോകുന്നു?' എന്നയാൾ ചോദിക്കുമ്പോൾ എന്റെ കാര്യം പറയാം; എന്നൊക്കെ ആലോചിച്ചു യാത്ര പറഞ്ഞ എനിക്കു കിട്ടിയതു യാത്രാനുമതി മാത്രമായിരുന്നു 'ആട്ടെ.' എന്നൊരു വാക്ക് .

ഫിലിപ്പ് എന്റെ കൂടെ ജോലിക്കാരനായിരുന്ന കാലത്ത് അഞ്ചുരൂപായായിരുന്നു ശമ്പളം. പ്രസ്സിൽ മഷിയിടുകയായിരുന്നു വേല. ശമ്പളക്കൂടുതൽ ആവശ്യപ്പെട്ടിട്ടു കിട്ടാഞ്ഞതിനാൽ അവൻ പിരിഞ്ഞുപോയി. ഞാനന്നവനെ ഗുണദോഷിച്ചു. 'പീലീ, ശമ്പളത്തിനു പിണങ്ങി ജോലി കളഞ്ഞാൽ ഈ അഞ്ചും ഇല്ലെന്നു വരുമേ.' എന്ന്. അവനതു കേട്ടില്ല. അവൻ പോയിക്കഴിഞ്ഞു പ്രസ്സിലെ ജോലിക്കാർ അവന്റെ ബുദ്ധിശൂന്യത പറഞ്ഞു രസിക്കുമായിരുന്നു. അവിടന്ന് അവൻ ഈ നിലയിലെത്തി. അയാൾക്കെഴുത്തറിഞ്ഞുകൂടാ; എനിക്കെഴുത്തറിയാം. അയാൾ തനിക്കുവേണ്ടി വേല ചെയ്തു; ഞാൻ അന്യന്റെ ശമ്പളത്തിനു വേണ്ടി. അയാൾ മുതലാളിയായി. ഞാൻ ഇരപ്പാളിയും.

ഞാനിറങ്ങി നടന്നു. എനിക്കയാളെപ്പോലൊരു പണക്കാരനാകണമെന്നില്ല. ജീവിച്ചാൽ മതി. അതിനൊരു വഴിയും തുറന്നു കണ്ടില്ല. എനിക്കു ലോകം മുഴുവൻ ഇരുട്ടായിട്ടു തോന്നി. എല്ലാരും അവിശ്വാസഭാവത്തിലെന്നെ നോക്കുന്നെന്നു തോന്നി. ആരോടും ഒരു ജോലി യാചിക്കാനെനിക്കു ധൈര്യം വന്നില്ല. അറിയാത്ത നാട്ടിലെങ്ങാനും ചെന്നു ശ്രമിക്കുന്നതായിരിക്കും ഉചിതമെന്നെനിക്കു തോന്നി. ഏതായാലും വീട്ടിലേക്കു തിരിച്ചു. മുന്നുനാഴിക നടന്നു വീടെത്തിയപ്പോൾ പതിവുപോലെ രാത്രി നാലഞ്ചു വിനാഴിക ചെന്നു.

'ഇന്നു പ്രസ്സിൽ പോയില്ലേ?' എന്ന ഭാര്യയുടെ ചോദ്യത്തിനു ഞാനൊന്നു മൂളിയതിനിടയിൽ അവൾ തുടർന്നു: 'എന്തോന്നാ, പത്തു രൂപയുടെ കാര്യം?'

ഞാനങ്ങു ഞെട്ടിപ്പോയി. 'ഇത്രവേഗം ഇക്കാര്യം ഇവിടെയുമെത്തിയോ? ഞാനൊരു കള്ള

നാണെന്നു ലോകരാസകലം അറിഞ്ഞാലും എന്റെ ഭാര്യയും കുട്ടികളും അറിയുക എനിക്കസഹ്യമായിരുന്നു. ഏതു തെമ്മാടിക്കാണിത്ര ദണ്ഢം, ഇതിവിടെ ഓടിവന്നു പറഞ്ഞിട്ട്! ഈ മൂന്നു നാഴിക നടന്ന് ഈ അപവാദം പറയാനത്യാവശ്യം ആർക്കുണ്ടായി!? ഇക്കാര്യം സകലരും അറിഞ്ഞിട്ടുണ്ട്; തർക്കമില്ല.'

ഞാനൊന്നുകൂടി മൂളി.

അവൾ എന്റെ കൈയിലൊരെഴുത്തു തന്നു. ഞാനതു വാങ്ങി തുറന്നു നോക്കിയില്ല. ഞാൻ കാൻവാസുകസാലയിൽ കിടന്നു. ഭാര്യ തുടർന്നു.

'പത്തു രൂപായുമുണ്ട്.'

'ആരു കൊണ്ടുവന്നു?'

'പ്രസ്സിലെ ഒരു ജോലിക്കാരൻ.'

'പത്തു രൂപയോ?'

ഞാൻ പ്രൊപ്രൈറ്റർക്കു നഷ്ടപരിഹാരമായി കൊടുത്ത രൂപായാണത് എന്നോർത്ത്, 'രൂപാ വാങ്ങേണ്ടായിരുന്നു' എന്നു ഞാൻ പറഞ്ഞു. അതോടുകൂടി എഴുത്തു വായിച്ചുനോക്കാനെനിക്കൊരുൽക്കണ്ഠയുദിച്ചു. ഞാൻ വിളക്കിനടുത്തു ചെന്ന് എഴുത്തു വായിച്ചു നോക്കി.

'ക്ഷമിക്കണം. പത്തുരൂപായുടെ കുഴപ്പം തീർന്നു. വരവിൽ പത്തുരൂപാ കുറച്ചെഴുതിയിരിക്കുന്നതുപോലെ ചെലവിലും പത്തു രൂപാ വിട്ടുപോയിട്ടുണ്ട്. രാമപ്പൈയുടെ വൗച്ചർ നൂറ്റിയറുപത്തിരണ്ടു രൂപയ്ക്കാണെങ്കിലും ചെലവെഴുതിയിരിക്കുന്നത് നൂറ്റി അൻപത്തിരണ്ടാണ്. എന്റെ ധിറുതി ക്ഷമിച്ച് നാളെ ഇങ്ങോട്ട് വരുക. ഇവിടെ വെച്ചിരുന്ന, രൂപാ പത്തും കൊടുത്തയയ്ക്കുന്നു.'

രാത്രി മുഴുവൻ ഞാനാലോചിച്ചു കഴിച്ചു. പീലിയും രാമപ്പൈയും ഒരുവശത്തുനിന്ന് എന്നെ വിളിച്ചു. പ്രസ്സ് മുപ്പതുരൂപായും നീട്ടി മറുവശത്തു നിന്നുകൊണ്ടും.

ഒരു വശത്ത് സുഭിക്ഷത; മറുവശത്ത് കഷ്ടപ്പാടുകൾ. ഒരു ഭാഗത്ത് ഭാരമായ ചുമതലകൾ; മറുഭാഗത്ത് ക്ലേശരഹിതമായ കൃത്യങ്ങൾ. ഒരിടത്ത് അനിശ്ചിതമായ ഭാവി; ഇങ്ങേപ്പുറത്തു ലഘുവെങ്കിലും നിശ്ചിതമായ ആദായം.

ഒടുവിൽ ഞാനൊരു നിശ്ചയത്തിലെത്തി' ആങ്! കാലത്തെ പ്രസ്സിലേക്കു പൊയ്ക്കളയാം.'

## വ്യാകരണം

സമാസം – അവ്യയീഭാവൻ,
തത്പുരുഷൻ,
ദ്വന്ദ്വൻ,
ബഹുവ്രീഹി.
– അവലോകനം

അലങ്കാരം : ഉപമ, ഉൽപ്രേക്ഷ **(അവലോകനം)**

വൃത്തം : കാകളി, മഞ്ജരി **(അവലോകനം)**

രചന : ഉപന്യാസം

# ഭിക്ഷുവും ചണ്ഡാലിയും

## എൻ.കുമാരനാശാൻ



[എൻ.കുമാരനാശാൻ: 1873–ൽ ചിറയിൻകീഴു താലൂക്കിലെ കായിക്കരയിൽ ജനിച്ചു. പാരമ്പര്യരീതിയിൽ കൊച്ചുരാമൻ വൈദ്യനെന്ന ഗുരുവിൽ നിന്നും സംസ്കൃതമുൾപ്പെടെയുള്ള പ്രാഥമികപാഠങ്ങൾ പഠിച്ചതിനുശേഷം കായിക്കരയ്ക്കു സമീപമുള്ള സർക്കാർ വിദ്യാലയത്തിൽ ചേർന്നു പഠിച്ചു. അതിനു ശേഷം അവിടെത്തന്നെ കുറെ നാൾ അദ്ധ്യാപകനായും പിന്നീട് ഒരു കടയിൽ കണക്കെഴുത്തുകാരനായും ജോലി ചെയ്തു. 1891–ൽ ശ്രീ നാരായണ ഗുരുവിനെപരിചയപ്പെട്ടത് കുമാരനാശാന്റെ ജീവിതത്തിലെ വഴിത്തിരിവായിത്തീർന്നു. ഗുരുവിന്റെ നിർദ്ദേശപ്രകാരം 1895–ൽ ഉപരിപഠനത്തിനായി യാത്രതിരിച്ച് ഡോ.പൽപ്പുവിന്റെ സംരക്ഷണയിൽ ബാംഗ്ളൂരിലും പിന്നീട് മദ്രാസിലും കൽക്കത്തയിലുമായി പഠനം നടത്തി. 1903–ൽ സ്ഥാപിതമായ എസ്.എൻ.ഡി.പി. യോഗത്തിന്റെ സെക്രട്ടറിയും യോഗത്തിന്റെ മുഖപത്രമായ 'വിവേകോദയ'ത്തിന്റെ പത്രാധിപരുമായിരുന്ന കുമാരനാശാൻ ജാതിവ്യത്യാസം മുതലായ അനാചാരങ്ങൾക്കെതിരായ കേരളീയ നവോത്ഥാനപരിപാടികളിൽ മുഖ്യപങ്കാണ് വഹിച്ചത്. 1907–ൽ വീണപൂവ് പ്രസിദ്ധീകരിച്ചു. മലയാളത്തിൽ കാല്പനികതയ്ക്ക് തുടക്കം കുറിച്ചത് ഈ ഖണ്ഡകാവ്യമാണെന്നു അഭിപ്രായമുണ്ട്. ദാർശനികനും സത്യാന്വേഷകനും വിപ്ളവകാരിയും ആയിരുന്നു കുമാരനാശാൻ. നളിനി, ലീല, ഗ്രാമവൃക്ഷത്തിലെ കുയിൽ, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, പുഷ്പവാടി, കരുണ, തുടങ്ങിയവയാണ് പ്രധാന കൃതികൾ.

ജാതിവിവേചനത്തിനെതിരെയുള്ള കവിയുടെ മനോഭാവവും ബുദ്ധദർശനത്തോടുള്ള ആഭിമുഖ്യവും വെളിപ്പെടുത്തുന്ന ചണ്ഡാലഭിക്ഷുകിയെന്ന ഖണ്ഡകാവ്യത്തിൽ നിന്നെടുത്തതാണ് കാവ്യഭാഗം.]

തൂമതേടും തൻ പാള കിണറ്റിലി–
ട്ടോമൽക്കൈയാൽ കയറു വലിച്ചുടൻ
കോമളാംഗി നീർ കോരി നിന്നീടിനാൾ
ശ്രീമാനബ്ഭിക്ഷുവങ്ങുചെന്നർത്ഥിച്ചാൻ:
“ദാഹിക്കുന്നുഭഗിനീ, കൃപാരസ–
മോഹനം കുളിർതണ്ണീരിതാശു നീ
ഓമലേ, തരൂ തെല്ലെ“ന്നതു കേട്ടൊ–
രാ മനോഹരിയമ്പരന്നോതിനാൾ:
“അല്ലല്ലെന്തു കഥയിതു കഷ്ടമേ!
അല്ലലാലങ്ങു ജാതി മറന്നിതോ?
നീചനാരിതൻ കയ്യാൽ ജലം വാങ്ങി–

യാചമിക്കുമോ ചൊല്ലെഴുമാര്യന്മാർ?
കോപമേലരുതേ! ജലം തന്നാലും
പാപമുണ്ടാ, മിവളൊരു ചണ്ഡാലി;
ഗ്രാമത്തിൻ പുറത്തങ്ങു വസിക്കുന്ന
'ചാമർ' നായകൻ തന്റെ കിടാത്തി ഞാൻ.''
ഓതിനാൻ ഭിക്ഷുവേറ്റം വിലക്ഷനായ്:
''ജാതി ചോദിക്കുന്നില്ല ഞാൻ സോദരി;
ചോദിക്കുന്നു നീർ നാവു വരണ്ടഹോ!
ഭീതി വേണ്ടാ, തരികതെനിക്കു നീ.''
എന്നുടനേകരപുടം നീട്ടിനാൻ
ചെന്നളിനമനോഹരം സുന്ദരൻ
പിന്നെത്തർക്കം പറഞ്ഞില്ലയോമലാൾ;
തന്വിയാണവൾ കല്ലല്ലിരുമ്പല്ല.
കറ്റക്കാർകൂന്തൽ മൂടിത്തലവഴി
മുറ്റുമാസ്യം മറഞ്ഞു കിടക്കുന്ന
ചാരുസാരിയൊതുക്കിച്ചെറുചിരി
ചോരും ചോരിവാ ചെറ്റു വിടർത്തവൾ
പാരം വിസ്മയമാർന്നു വിസ്ഫാരിത –
താരയായ്ത്തെല്ലു നിന്നു മയ്ക്കണ്ണിയാൾ,
ചോരച്ചെന്തളിരഞ്ചുമരുണാംശു–
പൂരത്താൽ മേനി മൂടിപ്പുലർച്ചയിൽ
വണ്ടിണചെന്നു മുട്ടി വിടർന്ന ചെ–
ന്തണ്ടലരല്ലി കാട്ടി നില്ക്കും പോലെ.
പിന്നെക്കൈത്താർ വിറയ്ക്കയാൽ പാളയിൽ
ചിന്നിനിന്നുതുളുമ്പി മനോജ്ഞമായ്
മദ്ധ്യം പൊട്ടിനുറുങ്ങി വിലസുന്ന
ശുദ്ധ കണ്ണാടിക്കാന്തി ചിതറും നീർ,
ആർത്തിയാൽ ഭിക്ഷു നീട്ടിയ കൈപ്പൂവിൽ
വാർത്തു നിന്നിതേ മെല്ലെക്കുനിഞ്ഞവൾ.
പുണ്യശാലിനി, നീ പകർന്നീടുമി–
ത്തണ്ണീർ തന്നുടെയോരോരോ തുള്ളിയും
അന്തമറ്റ സുകൃതഹാരങ്ങൾ നി–
ന്നന്തരാത്മാവിലർപ്പിക്കുന്നുണ്ടാവാം.
ശിക്ഷിതാത്മനിർവ്വാണരിലഗ്ര്യ നീ;
ഭിക്ഷുവാരെന്നറിവീല ബാലേ നീ;
രക്ഷാദക്ഷമാം തൽപ്രസാദം, നിന്നെ–
പ്പക്ഷെ വേറാളായ് മാറ്റുന്നുമുണ്ടാവാം

അഞ്ജലിതന്നിലർപ്പിച്ചു തന്മുഖ–
കഞ്ജം ഭിക്ഷു കുനിഞ്ഞുനിന്നാർത്തിയാൽ,
വെള്ളിക്കമ്പി കണക്കെ തെളിഞ്ഞതി–
നുള്ളിൽ വീഴും കുളിർ വാരി തൻ പൂരം
പാവനം നുകരുന്നുതൻ ശുദ്ധമാം
ഭാവിവിജ്ഞാനധാരയെന്നോർത്തപോൽ:
ആ മഹാനാർന്ന സംതൃപ്തി കണ്ടഹോ
കോൾമയിർ കൊണ്ടു നിൽക്കുന്നു പെൺകൊടി;
ആമയം തീർന്നു; പോരും നീരെന്നവൻ
വാമഹസ്തമുയർത്തി വിലക്കുന്നു.
സാദം തീർന്നു, സിരകളുണർന്നുടൻ
മോദമാനമുഖാംബുജശ്രീയൊടും
ഭിക്ഷുവര്യൻ നിവർന്നു കട ചോന്നു
പക്ഷ്മളങ്ങളാം നീണ്ടമിഴികളാൽ
നന്ദിയോലവേ, തന്നുപകർത്ത്രിയാം
സുന്ദരാംഗിയെ നോക്കിയരുൾ ചെയ്തു:
"നിർവ്വാണനിധി കണ്ട മഹാസിദ്ധൻ
സർവ്വലോകൈകവന്ദ്യൻ ദയാകുലൻ
ഗുർവ്വധീശനനുഗ്രഹിക്കും നിന്നെ–
പ്പർവ്വചന്ദ്രവദനേ, ഞാൻ പോകുന്നു."

## അഭ്യാസം

### I. പദപരിചയം :

തൂമ, ഭഗിനി, കൃപാരസം, ആചമിക്കുക, വിലക്ഷൻ, കരപുടം, തന്വി, വിസ്ഫാരിതം, മയ്ക്കണ്ണി, അരുണാംശു, സുകൃതം, നിർവാണം, രക്ഷാദക്ഷം, മുഖകഞ്ജം, ആമയം, സാദം, പക്ഷ്മളങ്ങൾ, ഗൂർവധീശൻ, പർവചന്ദ്രൻ

### II. സന്ദർഭം വിവരിച്ച് ആശയം വിശദമാക്കുക :

1. അല്ലല്ലെന്തു കഥയിതു ____________________ചൊല്ലെഴുമാര്യൻമാർ?
2. ഓതിനാൻ ഭിക്ഷുവേറ്റം ____________________ തരികതെനിക്കു നീ.
3. പുണ്യശാലിനീ, ____________________രാത്മാവിലർപ്പി ക്കുന്നുണ്ടാവാം.
4. പാവനം നുകരുന്നു തൻ ശുദ്ധമാം ____________________ നില്ക്കുന്നു പെൺകൊടി

### III. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

1. ജലം നൽകിയാലുള്ള പ്രത്യാഘാതത്തെക്കുറിച്ച് ചണ്ഡാലി ഭിക്ഷുവിനോട് പറഞ്ഞതെന്തായിരുന്നു?

2. ഓമലാൾ തർക്കം പറയാഞ്ഞതെന്തു കൊണ്ടാണെന്നാണ് കവി പറയുന്നത്?

3. സംതൃപ്തനായ ഭിക്ഷു സുന്ദരാംഗിയെ നോക്കി പറഞ്ഞതെന്താണ്?

## IV. ഖണ്ഡികയിൽ ഉത്തരമെഴുതുക :

1. ദാഹജലം ചോദിച്ച ഭിക്ഷുവിനോട് ചണ്ഡാല സ്ത്രീ പറഞ്ഞ മറുപടി എന്തായിരുന്നു? എന്തു കൊണ്ടാണങ്ങനെ പറഞ്ഞത്?.

2. ഭിക്ഷുവിന് വെള്ളം പകരുന്ന സ്ത്രീയുടെ ഭാവപ്രകടനങ്ങൾ മഹാകവി കുമാരനാശാൻ വർണ്ണിച്ചിരിക്കുന്നതെങ്ങനെ?.

3. 'ശിക്ഷിതാത്മനിർവാണരിലഗ്ര്യ നീ; ഭിക്ഷുവാരെന്നറിവീല ബാലേ നീ' – എന്നു കവി പറയുന്നതെന്തുകൊണ്ടാവാം?

## V. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

1. സ്നേഹത്തെക്കുറിച്ചുള്ള മഹാകവിയുടെ വീക്ഷണം ഭിക്ഷുവും ചണ്ഡാലിയും എന്ന കാവ്യ ഭാഗത്തെ ആസ്പദമാക്കി വിവരിക്കുക

**മനഃപാഠമാക്കുക :**

ദാഹിക്കുന്നു ഭഗിനി .................. തരികതെനിക്കു നീ (16 വരി)

# നാടോടി രംഗവേദി

ഡോ.വയലാ വാസുദേവൻപിള്ള



[ഡോ.വയലാ വാസുദേവൻ പിള്ള, 1945–ൽ കൊല്ലം ജില്ലയിലെ വയലാ ഗ്രാമത്തിൽ ജനിച്ചു. ഇംഗ്ളീഷ് സാഹിത്യത്തിൽ മാസ്റ്റർ ബിരുദം നേടി. മലയാള നാടകവേദിക്ക് നിരവധി സംഭാവനകൾ നൽകിയ അദ്ദേഹം തൃശൂർ സ്കൂൾ ഓഫ് ഡ്രാമയുടെ ഡയറക്ടറായിരുന്നു. ജർമ്മനി, ഇംഗ്ളണ്ട്, പാരീസ്. അയർലന്റ്, ഗ്രീസ് തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ച് യൂറോപ്യൻ നാടകവേദിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. വിശ്വദർശനം, തുളസീവനം, കുചേലഗാഥ, ആണ്ടുബലി, അഗ്നി (നാടകങ്ങൾ), രംഗഭാഷ (നാടക കലാപഠനം) തുടങ്ങിയവയാണ് പ്രധാനകൃതികൾ. രണ്ടു തവണ കേരള സംഗീത നാടക അക്കാദമി അവാർഡും ഒരു തവണ കേരള സാഹിത്യ അക്കാദമി അവാർഡും നേടിയിട്ടുണ്ട്. 2010–ലെ നാടകരചനയ്ക്കുള്ള ദേശീയ അവാർഡ്, ഇദ്ദേഹത്തിന് ലഭിച്ചു.

കേരളത്തിൽ നാടോടിരംഗവേദിയെ സാമാന്യമായി പരിചയപ്പെടുത്തുന്ന 'നാടോടിരംഗവേദി' എന്ന ലേഖനം നമ്മുടെ അനുഷ്ഠാനകലയുടെ പൊതുസ്വഭാവത്തേയും അവയ്ക്ക് മനുഷ്യനും പ്രകൃതിയുമായുണ്ടായിരുന്ന ബന്ധത്തെയും മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു.]

അരങ്ങ് എല്ലാ സംസ്കാരങ്ങളിലും ആഘോഷവേദിയാണ്. ആനന്ദത്തിനും ആരാധനയ്ക്കും അതുപയോഗിക്കുന്നു. ആരാധനയാവണം അതിപ്രാചീനകാലം മുതൽക്കേ അരങ്ങിലേക്ക് വിശ്വാസിയെ അടുപ്പിച്ചത്. കാലദേശാതീതമായ ഒരു സമീപനമാണിത്. കൊട്ടിയും പാടിയും താളം ചവിട്ടിയും ചിലപ്പോൾ ഉറഞ്ഞുതുള്ളിയും നിയതമായ ഒരു സ്ഥലത്ത് ആരാധകരെ ചുറ്റും കൂട്ടിയിരുന്ന ആഭിചാര–മന്ത്രവാദ നൃത്തരൂപങ്ങളോ കൂറേക്കൂടി 'പരിഷ്കൃത'മായ അനുഷ്ഠാനങ്ങളോ എന്താണെങ്കിലും സമൂഹജീവിയായ മനുഷ്യന്റെ കൂട്ടായ്മയുടെ പ്രക്രിയയും ഫലവുമായിരുന്നു ഈ രംഗപ്രയോഗങ്ങൾ. തെളിഞ്ഞ ആകാശച്ചോട്ടിൽ നിബിഡമായി വളർന്നു നിൽക്കുന്ന വൃക്ഷങ്ങളുടെ നടുവിൽ സമൂഹത്തെ സാക്ഷി നിർത്തി ഒരാൾ മതി മറന്ന് തുള്ളുകയാണ്. പലപ്പോഴും ഇത് രാത്രിയിലാണ്. പകലും അസംഭാവ്യമല്ല. തുള്ളൽ കാണാൻ ഗ്രാമം മുഴുവനും ഇളകിയെത്തിയിട്ടുമുണ്ട്. വെറുതെയല്ല. തനിക്കും തന്റെ ഗ്രാമത്തിനും മോക്ഷം തേടണം. ഇതാണ് ഓരോ പ്രേക്ഷകന്റെയും ലക്ഷ്യം. മോക്ഷം ഇവിടെ രണ്ടു തരത്തിലുണ്ട്. ബ്രഹ്മസോദരമായ ആനന്ദാനുഭൂതിയുടേയും ദൈവസായൂജ്യം ലക്ഷ്യമാക്കിയുള്ള വിശ്വാസപൂർവ്വമായ അനുഷ്ഠാനങ്ങളിലൂടെയും എന്താണെങ്കിലും വിശാലമായോരരങ്ങും (space) അരങ്ങിൽ ആടി (അഭിനയിച്ച്) ഫലിപ്പിക്കാനുള്ള ഒരു കഥാവസ്തുവും അതു കണ്ട് നിർവൃതി പൂണ്ട് ജീവിതം സഫലമാക്കുന്ന പ്രേക്ഷകരും ചേർന്നതാണ് നമ്മുടെ നാടോടി രംഗവേദി.

ഇവിടെ സൂചിപ്പിച്ച രംഗവേദി നിഷ്കൃഷ്ടമായ അർത്ഥത്തിൽ നാടോടിയാണ്. കാരണം അത് നമ്മുടെ പ്രകൃതിജന്യമായ അടിസ്ഥാനജീവിതശൈലിയിൽ നിന്ന് ജൈവരൂപം പ്രാപിച്ച താണ് എന്നതു തന്നെ. ഒരർത്ഥത്തിൽ അത്തരമൊരു ജീവിതശൈലിയെ രൂപപ്പെടുത്തുന്ന ഒട്ട നേകം ഘടകങ്ങളിൽ ഒന്നാണ് ഈ അരങ്ങ്. ജീവിതം പ്രകൃതിയുടെ എല്ലാ ഭാവങ്ങളുമായും പ്രതിപ്രവർത്തിച്ച് സ്വായത്തമാക്കിയ തനത് രീതിയാണ് നാടോടി കൊണ്ടർത്ഥമാക്കുന്നത്. അമ്മയുടെ ഗർഭപാത്രത്തിൽ കിട്ടുന്ന ശ്രദ്ധയും സംരക്ഷണവും പിറന്നു വീണ കുഞ്ഞിന് പ്രകൃ തിയുടെ പരിലാളനയായിൽ ലഭിക്കുന്നു. 'തേനും വയമ്പും' മുതൽ ആറടി മണ്ണിലേക്കുള്ള അവസാന യാത്ര വരെ അന്തരീക്ഷവും പരിത:സ്ഥിതികളും ഊർജ്ജം നല്കിയാണ് മനു ഷ്യനെ വളർത്തിയത്. മണ്ണിൽ ചവിട്ടുന്ന സുഖം, വെയിലും മഴയും കൊള്ളുന്ന ആഹ്ലാദം, രോഗത്തിന് ചുറ്റും വളർന്നു നിൽക്കുന്ന ചെടികളുടെ വേരും തണ്ടും ഇലയും പൂവും കായും മരുന്ന്. സൂര്യചന്ദ്രന്മാരും നക്ഷത്രജാലങ്ങളും ജീവന്റെ നാന്ദിയും ഭരതവാക്യവും രണ്ടിനുമി ടയ്ക്കുള്ള ജയാപജയങ്ങളും നിമ്നോന്നതങ്ങളും നിർണ്ണയിക്കുന്നു. പഞ്ചഭൂതങ്ങൾ ജീവനെ സംരക്ഷിക്കുന്നു.. മണ്ണും മനുഷ്യനും തമ്മിൽ അഭേദ്യമായ കൊള്ളക്കൊടുക്കൽ. നന്മതിന്മ കളെ തിരിച്ചറിഞ്ഞ് ദേവാസുരന്മാർ മനുഷ്യനെ വലം വയ്ക്കുന്നു. എല്ലാം മുജ്ജന്മ സുകൃതം. അഥവാ പാപഫലം. അതനുഭവിച്ചു തീർക്കുക. ഈ ഭൂമിയിൽ മരണശേഷവും ജീവിതകാല കർമ്മങ്ങളുടെ ഗുണദോഷങ്ങൾ ആത്മാവിനെ പിന്തുടരുന്നു. ആ മരണാനന്തര സുഖ മോർത്തെങ്കിലും ജീവിതത്തിൽ സൽക്കർമ്മം ചെയ്യാൻ പ്രേരിതരാകുന്നു. എല്ലാറ്റിനും ദൈവം സാക്ഷി നിൽക്കുന്നു. അദൃശ്യമായ ആ അദ്ധ്യക്ഷസ്ഥാനം മാനിച്ചുകൊണ്ടേ മാലോകർക്ക് ആരേയും സംബോധനചെയ്യാനാവൂ. അച്ഛനമ്മമാരും മുതിർന്നവരും ഗുരുജനങ്ങളും ആരാ ധ്യർ. അപ്രതീക്ഷിതമോ അകാരണമോ ആയ രോഗം, ക്ഷാമം, വരൾച്ച, പേമാരി എന്നീ പീഡ നങ്ങൾക്ക് ദേവപ്രീതി പരിഹാരം. പ്രീതി വരുത്താൻ വ്രതാനുഷ്ഠാനങ്ങളിലൂടെയുള്ള ജീവി തവും പ്രകൃതിശക്തിയുടെ അജയ്യതയെ അംഗീകരിക്കലും. വ്യക്തിയും ഗ്രാമവും ഉള്ളുണർന്ന് പരദേവതകളെ പ്രാർത്ഥിച്ച് അടിയറ പറയണം. അഹങ്കാരം അങ്ങനെഇല്ലാതാവുന്നു. സമൂഹ ത്തിന് വന്ധ്യത, മഹാരോഗങ്ങൾ, പ്രകൃതിക്ഷോഭം, കൃഷിനാശം എന്നിങ്ങനെഅനേകം പീഡാ നുഭവങ്ങളിൽ നിന്ന് മോചനം ലഭിക്കും. ഇങ്ങിനെ വൈയക്തി കവും സാമൂഹികവുമായ ശുദ്ധീകരണ പ്രക്രിയ അരങ്ങേറുന്ന താണ് നമ്മുടെ മിക്ക നാടോടിരംഗവേദികളും.


തെയ്യം

തെയ്യവും മുടിയേറ്റും പടയണിയും പോലെയുള്ള വിശിഷ്ടങ്ങളായ നാടോടി 'കലാരൂപ'ങ്ങൾക്ക് പശ്ചാത്തല മായി വർത്തിക്കുന്ന രംഗമനസ്ഥിതിയാണ് ഇവിടെ സൂചിപ്പി ക്കുന്നത്. . ഏതെങ്കിലും ഒരു പ്രത്യേക നാടോടി കലാരൂപ ത്തിന്റെ അരങ്ങ് വർണ്ണിക്കുകയല്ല ഇവിടെ ലക്ഷ്യം. കേരള ത്തിലെ നാടോടി രംഗവേദിയുടെ പൊതുസ്വഭാവം അന്വേഷി ക്കാനാണ് ശ്രമിക്കുന്നത്. നൂറ്റാണ്ടുകളായി രൂപപ്പെട്ടുവന്ന ജീവിതശൈലിയുടെ ആത്മീയാവിഷ്ക്കാരമാണ് നമ്മുടെ


മുടിയേറ്റ്

നാടോടി രംഗവേദി. പ്രാദേശികമായി അതിന്റെ ഭൂമിശാസ്ത്രത്തിനും രൂപഘടനയ്ക്കും വ്യത്യാസങ്ങളുണ്ടാവും. ചിലയിടങ്ങളിൽ ചുറ്റമ്പലത്തിന് പുറത്ത് മാലോകർക്കെല്ലാം വന്നു കൂടാവുന്ന വിശാലമായൊരു മൈതാനത്തിലാവും. ആൽത്തറയോ വിളക്കു വയ്ക്കാവുന്ന കെട്ടിയുയർത്തിയ പീഠങ്ങളോ കേന്ദ്രസ്ഥാനത്തുണ്ടാവും. എന്നാൽ ചെറിയ കാവുകളോട് ചേർന്നാണ് മറ്റു പലയിടങ്ങളിലും രംഗവേദി രൂപപ്പെട്ടിട്ടുള്ളത്. നമ്മുടെ സംസ്ക്കാരത്തിന്റെ പരിസരബന്ധിയായ ഒരു ജൈവഘടകമാണ് കാവുകൾ. ആരാധനാമൂർത്തിയെ പ്രതിഷ്ഠിച്ച് നിത്യേനയോ വിശേഷാദിവസങ്ങളിലെങ്കിലുമോ അവിടെ വിളക്കു വയ്ക്കും. പ്രാന്തപ്രദേശത്ത് ഒരു കുളവുമുണ്ടാവാം. വലുതും ചെറുതുമായ വൃക്ഷലതാദികളുടെ ഒരു ലഘുസമുച്ചയമാണ് കാവ്. ഈ ഭൗതികരൂപവർണ്ണനക്കപ്പുറം ദാർശനികമായി പറഞ്ഞാൽ മനുഷ്യനെപ്പോലെ സ്വതന്ത്ര അസ്തിത്വമുള്ള ഒരു ജൈവഘടകമാണ് കാവ്. വൃക്ഷലതാദികളുടെ ഒരു ലഘുസമുച്ചയം മാത്രമല്ല. അകത്ത് തുടിക്കുന്ന ഒരു മനസ്സുമുണ്ട്. ഏറ്റവും ചെറിയ പ്രാണികൾ മുതൽ പലപ്പോഴും ഉരഗജന്തുക്കൾ വരെ കാവിനകത്തുണ്ടാവാം. ആരാധനക്കെത്തുന്ന മനുഷ്യൻ 'ഭൂമിയുടെ ഈ അവകാശികളെ' അവർക്കർഹമായ ആ സ്ഥലം കയ്യേറാതെ അവരേയും ഭരിക്കുന്ന 'ദൈവങ്ങളെ' വണങ്ങി വിനയപൂർവ്വം തിരിച്ചു പോരുന്നു. ഇവിടെ വിശേഷനാളുകളിലോ വർഷത്തിലൊരിക്കലോ നാടിന്റെ ഹൃദയത്തുടിപ്പ് സാഘോഷം പ്രകടമാക്കുന്ന അനുഷ്ഠാനപരിപാടികളുണ്ടാവും. പവിത്രമായി പരിഗണിക്കപ്പെടുന്ന കാവും പരിസരവുമാണ് രംഗവേദി. ചെറിയൊരു പൂജയിൽ തുടങ്ങി പലപ്പോഴും വെളിച്ചപ്പാടിന്റെ ഉറഞ്ഞുതുള്ളലിലവസാനിക്കുന്ന ആരാധനയുടെ ഈ കളിയാട്ടം കാണാൻ ആയിരങ്ങൾ പ്രാർത്ഥനാപൂർവ്വം ഓടിയെത്തുന്നു. ഈ വേദി ദേവപൂജയ്ക്കും അതിന്റെ തുടർച്ചയായ ആനന്ദ നൃത്തത്തിനും ഒരുപോലെ ഉപയോഗിക്കപ്പെടുന്നു. അതിപ്രാചീന


പടയണി

കാലം മുതൽക്കുള്ള ഈ വേദീസങ്കൽപം ഈഷൽ ഭേദങ്ങളോടെ ഇന്നും നിലനിൽക്കുന്നു. മനുഷ്യക്കുരുതിയിൽ നിന്ന് ആടുമാടുകളിലേക്കും അവിടെനിന്ന് കുമ്പളങ്ങ മുറിക്കലിലേക്കും വരെ മനുഷ്യൻ വളർന്നപ്പോഴും വേദിയുടെ പവിത്രതയ്ക്ക് ഭംഗം വന്നിട്ടില്ല. മൺചിരാത്, ചുറ്റുവിളക്ക്, നിലവിളക്ക്, പന്തം, ചൂട്ട് തുടങ്ങിയ സ്വാഭാവിക ദീപവിതാനപ്രക്രിയ അന്തരീക്ഷവും സൗകര്യവുമനുസരിച്ച് ഉപയോഗിക്കും. അവതരിപ്പിക്കുന്ന രംഗരൂപത്തിന് ഭാവാത്മകമായി അർത്ഥവും ചാരുതയും ചേർക്കുന്ന രീതിയിലാണ് ഇവിടെ തറയൊരുക്കി വെളിച്ചം വിന്യസി

ക്കുന്നത്.

നമ്മുടെ നാടോടി കലാരൂപങ്ങളിൽ ഏറിയ പങ്കും അനുഷ്ഠാനപരമാണ്. മുമ്പ് സൂചിപ്പിച്ചത് പോലെ കലയും ജീവിതവും താരതമ്യേന പ്രാർത്ഥനാമയമായ ഒരന്തരീക്ഷത്തിലാണ് ഈ അരങ്ങിൽ 'ആട്ടം' നടത്തുന്നത്. ഇതിന് സംസ്കാരത്തിന്റെ അടിത്തട്ടോളമെത്തുന്ന ഒരു പുരാവൃത്തമുണ്ടാവും (Myth). ഈ പുരാവൃത്തത്തിന്റെ വിശ്വാസപൂർണ്ണമായ ആവർത്തനപ്രക്രിയയാണ് (Ritual) അരങ്ങിൽ നാം കാണുന്നത്. ഈ ആവർത്തിതമായ അനുഷ്ഠാനം ഒരു രംഗകലയുടെ അടിസ്ഥാനസ്വഭാവങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നു (Theatre). ഈ മൂന്നു ഘടകങ്ങളും – പുരാവൃത്തവും അനുഷ്ഠാനവും ദൃശ്യകലയും – ഉചിതസമവായത്തിൽ വിന്യസിക്കുമ്പോഴാണ് ഒരു നാടോടിരംഗരൂപം അനുഭവവേദ്യമാകുന്നത്. ഇവയിൽ ഏതെങ്കിലും ഒരംശം മുന്തിനിൽക്കുന്ന കലാരൂപങ്ങളുമുണ്ട്. പുരാണേതിഹാസങ്ങളിലെ ദേവീ-ദേവന്മാരേയും അസുരന്മാരേയും (മുടിയേറ്റ്, കാളിയൂട്ട്, പടയണി തുടങ്ങിയവ)സംബന്ധിക്കുന്ന നാടോടി കലാരൂപങ്ങളുണ്ട്. അതുപോലെ മനുഷ്യന്റെ വീരചരമം മൂലം ദൈവികപദവിയിലേക്കുയർത്തപ്പെടുന്ന ഉദാത്തമായ അനുഷ്ഠാനങ്ങളുമുണ്ട്. തെയ്യം, തിറ എന്നിവ ഇവയിൽപെടും.


കുട്ടിച്ചാത്തൻ തിറ

ഈ അനുഷ്ഠാനരൂപങ്ങളിലെല്ലാം സാധാരണ മനുഷ്യന്റെ ജീവിതത്തിലെ നന്മയും തിന്മയും പാപപുണ്യങ്ങളും ബന്ധനവും മോചനവുമെല്ലാം ദൃശ്യവൽക്കരിക്കപ്പെടുന്നു. അനുഷ്ഠാനപരമല്ലാത്ത പൊറാട്ട്, മാർഗ്ഗംകളി, സംഘക്കളി, കാക്കരിശ്ശിനാടകം തുടങ്ങിയ ഒട്ടനേകം ജനകീയ രംഗരൂപങ്ങളും നമ്മുടെ പൂർവ്വകാല ഗ്രാമജീവിതത്തിന് ശുദ്ധിയും സമ്പന്നതയും നൽകിയിരുന്നു. ഈ നാടോടി രൂപങ്ങളിലെല്ലാം സ്വാഭാവികമായി ലയിച്ചു ചേർന്നിട്ടുള്ള ദൃശ്യപ്പൊലിമയും നാടകീയതയുമാണ് ഇന്നത്തെ തലമുറയെ ഇവയോട് അടുപ്പിക്കുന്നത്. പ്രകൃതത്തിലും പെരുമാറ്റത്തിലും വൈവിധ്യമുള്ള കഥാപാത്രങ്ങളും അവയ്ക്കിണങ്ങുന്ന വാചികവും ആംഗികവും ആഹാര്യവുമായ അഭിനയ സമ്പ്രദായങ്ങളും ശ്രദ്ധേയമാണ്. ഇതിന് ഏറ്റവും നല്ല ഉദാഹരണം മുടിയേറ്റ് ആണ്. ശിവനാരദ സംവാദം, ദാരികന്റെ പുറപ്പാട്, കാളിയുടെ വരവ്, കോയിമ്പടാരുടെ പ്രവേശം, കൂളിയുടെ പുറപ്പാട്, കാളിയും ദാരികനുമായുള്ള യുദ്ധം, ദാരികന്റെ പലായനം, കാളിയുടെ കലിയടക്കൽ, മുടിയെടുക്കൽ, മുടിയുഴിച്ചിൽ എന്നിവയടങ്ങുന്ന എട്ട് അങ്കങ്ങളുള്ള ഒരു നാടകമാണ് മുടിയേറ്റ്. ഇതുപോലെ ഓരോ നാടോടിദൃശ്യരൂപത്തേയും അപഗ്രഥിച്ച് അവയുടെ നാടകീയതയും രംഗസാദ്ധ്യതകളും കണ്ടെത്താവുന്നതാണ്. എല്ലാ നാടോടി കലാരൂപങ്ങളിലും ശ്രദ്ധേയമായ ഒരു ഘടകം അവയിലെ


പൂതൻ തിറ




പ്രേക്ഷക പങ്കാളിത്തമാണ്. മുമ്പ് സൂചിപ്പിച്ചതുപോലെ ആധുനിക നാടകാസ്വാദകന്റെ മാനസികാവസ്ഥയല്ല ഇവിടെ പ്രേക്ഷകന്റേത്. പ്രേക്ഷകൻ എന്ന പ്രയോഗവും അപൂർണ്ണമോ ചിലപ്പോൾ അർത്ഥരഹിതമോ ആകാം. കാരണം അമ്പലത്തിലോ, കാവിലോ അമ്പലപ്പറമ്പുകളിലോ പാടത്തോ ഒക്കെ പ്രാർത്ഥനാപൂർവ്വം ആടിയിരുന്ന ഈ നാടോടിരംഗരൂപങ്ങൾ കാണുവാനല്ല, ആരാധിക്കുവാനാണ് വിശ്വാസികൾ ഓടിയെത്തിയിരിക്കുന്നത്. അനുഷ്ഠാനാംശം കുറയുംതോറും ഈ വിശ്വാസികൾ പ്രേക്ഷകരായി മാറുന്നു. ഉദാഹരണത്തിന്, തെയ്യത്തിന് ചുറ്റും നമ്രമനസ്ക്കരായി കൂടിയിരിക്കുന്ന വിശ്വാസികളല്ല പൊറാട്ട് കണ്ട് ആസ്വദിക്കുന്ന 'പ്രേക്ഷകർ'. മുടിയേറ്റിലും വിശ്വാസത്തിന്റെ അംശം കൂടും. കളമെഴുത്ത് ആരംഭിക്കുന്നതോടെ തദ്ദേശവാസികൾക്ക് ദേവീ (കാളി) സാന്നിദ്ധ്യം അനുഭവപ്പെടുന്നു. ഇവിടെ പ്രേക്ഷകനും വിശ്വാസിയുമൊക്കെയായ ഗ്രാമീണർ രംഗസംഭവങ്ങളിൽ മനസ്സ് പൂർണ്ണമായി ലയിപ്പിക്കുന്നു എന്നതാണ് പ്രധാനം. അരങ്ങിലെ കഥാപാത്രങ്ങൾ പലപ്പോഴും അതീന്ദ്രിയാവസ്ഥയിലേക്ക് വഴുതിവീഴുമ്പോഴും പ്രേക്ഷകൻ അവരെ പിന്തുടരുന്നു. സ്ഥല-കാല സങ്കല്പങ്ങളിലും ക്രിയാപുരോഗതിയിലും ഈ അനുധാവനമാണ് സംഭവിക്കുന്നത്. ഭൂമിയും സ്വർഗ്ഗനരകങ്ങളും പാതാളവുമെല്ലാം നിത്യേനപരിചയമുള്ളതുപോലെ കഥാപാത്രങ്ങളോടൊപ്പം കാണിയും അനുഭവിക്കുന്നു. ഗ്രാമീണരിലൊരുവൻ സ്വജാതീയനോ വിജാതീയനോ ആവാം. ദൈവ സാന്നിദ്ധ്യമുള്ള കഥാപാത്രമാവുന്നതും ആ കഥാപാത്രം തന്നെ പല ദേശ-കാലങ്ങളിലും രൂപഭാവങ്ങളിലും മാറി വളർന്ന് ആരാധനാ മൂർത്തിയാവുന്നതും ഗ്രാമം തന്നെ സാക്ഷ്യം വഹിക്കുന്നു. പ്രേക്ഷകന്റെ ഇന്ദ്രിയാനുഭവങ്ങളെ തൃപ്തിപ്പെടുത്താൻ പോന്ന ആഹാര്യഭംഗിയും മേളക്കൊഴുപ്പും അഭിനയ ഗാംഭീര്യവും നമ്മുടെ നാടോടി രംഗവേദിയുടെ സവിശേഷ ഘടകങ്ങളാണ്. പ്രേക്ഷകനിവിടെ പൂർണ്ണപങ്കാളിയാണ്.

കേരളത്തിന്റെ നാടോടിരംഗവേദിയെപ്പോലെ ഭാരതത്തിലെങ്ങും ഒരു കാലത്ത് സജീവവും അർത്ഥവത്തുമായ അരങ്ങുകൾ ഗ്രാമീണ ജീവിതത്തെ സമ്പന്നമാക്കിയിരുന്നു. ബി.സി. മൂന്നാംനൂറ്റാണ്ടു മുതൽ എ.ഡി.പത്താം നൂറ്റാണ്ടു വരെ ഭാരതത്തിൽ സംസ്കൃത നാടകവേദിയുടെ പ്രഭാവം പ്രകടമായിരുന്നു. എന്നാൽ അതുകഴിഞ്ഞ് ഏകദേശം പതിനാറാം നൂറ്റാണ്ടുവരെയുള്ള മുസ്ളീം ഭരണകാലത്തു ഔദ്യോഗികവും ഔപചാരികവുമായ സംസ്കൃതഭാഷാ പ്രചാരണത്തിനും പഠനത്തിനും മാന്ദ്യം സംഭവിച്ചതായി സാംസ്കാരിക ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു പക്ഷേ അങ്ങനെ സംസ്കൃത നാടകവേദിയുടെ ആഢ്യസങ്കല്പത്തിന് മങ്ങലേറ്റപ്പോഴും ഭാരതത്തിലങ്ങോളമിങ്ങോളം തദ്ദേശീയ രംഗവേദികളിൽ ഒരു അനാഢ്യനാടകപ്രവർത്തനം വേരുറയ്ക്കുകയായിരുന്നു. ശാസ്ത്രീയ നിയമങ്ങളുടെ കർശനമായ പരിപാലനമോ ലക്ഷണയുക്തമായ നാടകഘടനയോ ഇല്ലെങ്കിലും ഇവയുടെ വിദൂരച്ഛായയുള്ള നാടോടി രംഗാവതരണങ്ങൾ നാടെങ്ങും നടന്നിരുന്നു. കേരളത്തിലെ മുടിയേറ്റ്, പടയണി,

കാക്കരിശ്ശി, തെയ്യം, പൊറാട്ട് തുടങ്ങിയവ പോലെ മറ്റു പ്രദേശങ്ങളിലും ജനജീവിതത്തിന്റെ സ്രോതസ്സുകളിൽ നിന്നുയിർക്കൊണ്ട ദൃശ്യകലാരൂപങ്ങൾ കൂടുതൽ പ്രചാരത്തിൽ വന്നു. തെരുക്കൂത്ത് (തമിഴ്നാട്), യക്ഷഗാനം (കർണ്ണാടകം), വീഥി നാടകം (ആന്ധ്ര), തമാശ (മദ്ധ്യപ്രദേശ്), ജാത്ര (ബംഗാൾ), ഭാവായ് (ഗുജറാത്ത്) എന്നിങ്ങനെ ഒട്ടനവധി നാടോടിരംഗാവതരണങ്ങൾ പ്രാദേശികനാടകവേദികളെ സജീവമാക്കി. ഹരികഥ പോലുള്ള ആഖ്യാനരൂപങ്ങളും ഭാരതത്തിൽ ഗ്രാമീണരംഗവേദിയുടെ മുഖമുദ്രയായി. നാൽക്കവലകളും അമ്പലപ്പറമ്പുകളും കാവുകളും കൊയ്തൊഴിഞ്ഞ പാടങ്ങളും മറ്റും ഇത്തരം രംഗാവതരണങ്ങൾക്ക് വേദിയായി മാറുന്നു. ഇവയിലെല്ലാം ദൃശ്യമാവുന്ന ഭാരതീയ ദൃശ്യസംസ്ക്കാരത്തിന്റെ ചില പൊതുഘടകങ്ങളും ശ്രദ്ധേയമാണ്.



കുമ്മാട്ടി

ഭാരതത്തിലെ എല്ലാ പ്രാദേശിക രംഗവേദികളിലും കഥാവസ്തുവായി മാറുന്നത് ഭാരതത്തിന്റെ പുരാണേതിഹാസങ്ങളിലും മിത്തുകളിലുമുള്ള സംഭവങ്ങളാണ്. കാളിയും ദാരികനും പാണ്ഡവന്മാരും കൗരവന്മാരും ദേവാസുരന്മാരും പ്രാദേശിക ചരിത്രങ്ങളിലെ വീരനായകന്മാരും മറ്റുമാണ് ഇവിടെ അരങ്ങ് തകർക്കുന്നത്. അതുപോലെ മിക്ക പ്രാദേശിക നാടകവേദികളിലും രംഗാവതരണം രാത്രി മുഴുവനും നീണ്ടുനിൽക്കുന്ന ഒരു ഗ്രാമീണോത്സവമാണ്. ഒരു പക്ഷേ, സന്ധ്യക്ക് കുറേ ദൂരം നടന്നെത്തുന്ന മലമടക്കുകളും പുഴകളും താണ്ടി തടിച്ചു കൂടുന്ന ഗ്രാമീണർക്ക് മടങ്ങിപ്പോകാൻ സൗകര്യമാകും വരെ – പലപ്പോഴും സൂര്യോദയം വരെ കളി തുടരുക എന്നതായിരുന്നിരിക്കണം പ്രധാനകാരണങ്ങളിൽ ഒന്ന്. ആട്ടവും പാട്ടും കഥ പറച്ചിലും ഫലിത പ്രയോഗങ്ങളും യുദ്ധവും സന്ധിയും എല്ലാം കണ്ടും കേട്ടും രസിച്ച് ഇടക്കിടെ അല്പമൊന്ന് കണ്ണു ചിമ്മി കഴിഞ്ഞിരുന്ന പ്രേക്ഷകർക്ക് ഒരിക്കലും സമാനമല്ല ആധുനിക നാടകവേദിയിലെ അലസരായ ആസ്വാദകർ. മറ്റൊരു പ്രധാനപ്പെട്ട പൊതുഘടകം നമ്മുടെ പാരമ്പര്യം സംഗീതാത്മകമാണ് എന്നതാണ് ത്രൗരിത്രികത്തിന്റെ ചിട്ടപ്പെടുത്തലുകളും വിശദാംശങ്ങളുമില്ലെങ്കിലും ഗാനാത്മകതയും സംഗീതമാധുര്യവും അകമ്പടി സേവിക്കാൻ നൃത്തവും വാദ്യവും ഹൃദ്യമായ ചേരുവയിൽ രംഗരൂപം തേടുന്നു. ജീവിതശൈലിയിൽ തന്നെ ഈ സംഗീതാത്മകത ലയിച്ചു ചേർന്നിട്ടുള്ളവരാണ് രംഗകലാകാരന്മാർ. പ്രഭാഷണപരത പിന്നീട് അരങ്ങിലേക്ക് കടന്നുവന്ന ഒരു ഘടകമാണ്. അതുപോലേ ഭാരതത്തിലെ എല്ലാ നാടോടി നാടകവേദികളും വിശ്വാസവുമായി ബന്ധപ്പെട്ടിരിക്കുന്നു. കേവല വിനോദത്തിനപ്പുറം പ്രബോധനാത്മകത വിശ്വാസത്തിന്റെയോ ധർമ്മബോധത്തിന്റെയോ പേരിൽ കേന്ദ്രസ്ഥാനം കയ്യടക്കിയിരുന്നു. മതാത്മകതയെക്കാൾ സാമൂഹികവും ആത്മീയവുമായ കൂട്ടായ്മയാണ് ഇതിനെ ഭരിച്ചിരുന്നത്.

സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരാണ് പൊതുവെ നാടോടിരംഗങ്ങളിൽ മുഴുകിയിരിക്കുന്നത്. മേൽത്തട്ടിലുള്ളവർക്ക് താരതമ്യേന ഉയർന്ന ആഢ്യകലാരൂപങ്ങളായിരുന്നു വിനോദോപാധികൾ. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ ചൂഷണങ്ങൾക്കും അടിച്ചമർത്തലിനും വിധേയരായിക്കഴിഞ്ഞ ബഹുഭൂരിപക്ഷത്തിന്റെ സമത്വസ്വപ്നങ്ങൾക്ക് വേദിയൊരുക്കിയത് മതാത്മകമോ മതേതരമോ ആയ നാടോടിരംഗവേദികളായിരുന്നു. ഇത്തരം രംഗാവതരണോത്സവങ്ങളിലെങ്കിലും ളിലെങ്കിലും തങ്ങൾ പേറുന്ന നുകം വലിച്ചെറിയുകയും ചങ്ങലകൾ പൊട്ടിക്കുകയും സമൂഹത്തിന്റെ ഭക്തിക്കും ആദരവിനും പാത്രമായിത്തീരുകയും ചെയ്തിരുന്നു. മറ്റുള്ളവരെ അനുഗ്രഹിക്കുവാനുള്ള 'മേൽക്കോയ്മ' വരെ രംഗകലാകാരൻ (വെളിച്ചപ്പാട്, കോലം തുടങ്ങിയവർ) നേടിയിരുന്നു. രംഗാവതരണത്തിന് വളരെ മുമ്പു തന്നെ വ്രതാനുഷ്ഠാനം തുടങ്ങുന്ന ഈ 'നടൻ' ക്രമാനുഗതമായി തന്റെ ആത്മശക്തി വളർത്തി രംഗവേദിയിലെത്തുമ്പോഴേക്കും അജയ്യനും 'തെയ്യ'വും (ദൈവം) സമൂഹത്തിന്റെയാകെ ധർമ്മപാലകനുമായി വളർന്നുയർന്നു നിൽക്കുന്നു. ഗ്രാമം മുഴുവനും ഈ പരിവർത്തനം പൂർണ്ണമായി അംഗീകരിക്കുകയും അരങ്ങിലുറഞ്ഞു തുള്ളുന്ന ഈ കോലത്തിന്റെ അനുഗ്രഹങ്ങൾക്കായി ശിരസ്സു കുനിക്കുകയും ചെയ്യുന്നു. നമ്മുടെ നാടോടി രംഗവേദിയും വിശ്വാസികളായ പ്രേക്ഷകരും തമ്മിലുള്ള അപൂർവ്വ സുന്ദരമായ ഈ 'ധാരണ' ഇന്ന് ലോകത്തിൽ മറ്റൊരിടത്തും നിലനിൽക്കുന്നില്ല എന്നത് സവിശേഷ ശ്രദ്ധയർഹിക്കുന്ന കാര്യമാണ്. നടന്റെ ദ്വന്ദ്വാത്മകതയെപ്പറ്റി (Duality) ഏറെ ഗവേഷണം നടത്തുന്ന ഇക്കാലത്ത് നമ്മുടെ നാടോടി രംഗവേദിയിലെ ഈ പാരസ്പര്യവും അതിന് പിന്നിലുള്ള പ്രകൃതിജന്യമായ ജീവിതവും സാമൂഹികബന്ധങ്ങളും പ്രത്യേകം പഠനവിഷയമാക്കേണ്ടതാണ്.


പുലിക്കളി

## അഭ്യാസം

### I. പദപരിചയം :

നിയതം, അനുഷ്ഠാനം, നിബിഡം, അസംഭാവ്യം, അനുഭൂതി, സായൂജ്യം, നിർവൃതി, നിഷ്കൃഷ്ടം, ജൈവരൂപം, ജയാപജയം, നിമ്നോന്നതം, വൈയക്തികം, പ്രാന്തപ്രദേശം, ഉരഗം, പവിത്രം, വൈവിധ്യം, അതീന്ദ്രിയാവസ്ഥ, അനുധാവനം, നിസ്സഹായൻ, ലക്ഷണയുക്തം, സ്രോതസ്സ്, സ്വായത്തമാക്കുക, പ്രകൃതിജന്യം

### II. വിപരീതപദമെഴുതുക :

വിശ്വാസി, കാരണം, പാപം, ധർമ്മം

### III. വാക്യത്തിൽ പ്രയോഗിക്കുക :

വിശ്വാസപൂർവ്വം, സ്വായത്തമാക്കുക, അഭേദ്യം, കർശനം, മുഖമുദ്ര, താരതമ്യേന

## IV. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക :

1. എന്താണ് നാടോടി രംഗവേദി?
2. നാടോടി എന്നതു കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
3. പീഡാനുഭവങ്ങളിൽ നിന്ന് മോചനം ലഭിക്കാൻ എന്ത് ചെയ്യണം?
4. നാടോടി രംഗവേദിയുടെ സവിശേഷഘടകങ്ങൾ എന്തെല്ലാം?
5. പ്രാദേശിക നാടകവേദികളെ സജീവമാക്കിയ നാടോടി രംഗാവതരണങ്ങൾ ഏതെല്ലാമാണ്?
6. നാടോടി രംഗരൂപം അനുഭവവേദ്യമാക്കുന്നതെപ്പോഴാണ്?

## V. ഖണ്ഡികയിൽ ഉത്തരമെഴുതുക :

1. കേരളത്തിലെ നാടൻകലകളുടെ അനുഷ്ഠാനപരതയെക്കുറിച്ചെഴുതുക
2. നാടോടിരൂപങ്ങളെ ഇന്നത്തെ തലമുറയോട് അടുപ്പിക്കുന്ന ഗുണങ്ങളെന്തെല്ലാം?
3. നാടൻ കലാരൂപങ്ങളിലെ പ്രേക്ഷകപങ്കാളിത്തത്തെക്കുറിച്ചെഴുതുക
4. പാരമ്പര്യനാടകവേദിയിൽ പരിസരത്തിനുള്ള സ്വാധീനശക്തിയെക്കു റിച്ചെഴുതുക
5. കേരളത്തിനകത്തും പുറത്തുമുള്ള പ്രധാനപ്പെട്ട നാടോടി രംഗാവതരണങ്ങൾ ഏതെല്ലാം? അവയുടെ പൊതു സ്വഭാവങ്ങളേതെല്ലാം?

## VI. ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

കേരളത്തിലെ നാടോടിരംഗവേദിയുടെ പൊതുസ്വഭാവങ്ങളെക്കുറിച്ചെഴുതുക

# നിന്റെ ഓർമയ്ക്ക്

## എം.ടി.വാസുദേവൻ നായർ



[എം.ടി. വാസുദേവൻ നായർ: പൊന്നാനി താലൂക്കിൽ കൂടല്ലൂരിൽ 1933–ൽ ജനനം. പാലക്കാട് വിക്ടോറിയ കോളേജിൽ നിന്ന് ബി.എസ്സ്സി ബിരുദം നേടി. 1956–ൽ മാതൃഭൂമി സഹപത്രാധിപരായി. 1968 മുതൽ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ മുഖ്യ പത്രാധിപരായി. 1981 വരെ ആ സ്ഥാനത്തു തുടർന്നു. 88–ൽ വീണ്ടും മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായി. അധ്യാപകൻ, പത്രാധിപർ, തിരക്കഥാകൃത്ത്, ചലച്ചിത്ര സംവിധായകൻ എന്നീ നിലകളിൽ പ്രശസ്തനാണ്. വ്യക്തികളുടെ അന്തരംഗങ്ങളിലെ ആഴങ്ങളിലേക്ക് വെളിച്ചം വീശുകയും അതു വഴി സാമൂഹികജീവിതസമസ്യകൾ വ്യഞ്ജിപ്പിക്കുകയും ചെയ്യുന്ന എം.ടി. യുടെ രചനകൾ മലയാളസാഹിത്യത്തെ കൂടുതൽ ഭാവനിർഭരമാക്കുകയുണ്ടായി. വെയിലും നിലാവും, വേദനയുടെ പൂക്കൾ, നിന്റെ ഓർമ്മയ്ക്ക്, ഓളവും തീരവും, കുട്ട്യേടത്തി, ബന്ധനം, കളിവീട്, വാരിക്കുഴി, ദാർ എസ്.സലാം, സ്വർഗം തുറക്കുന്ന സമയം, വാനപ്രസ്ഥം, തിരഞ്ഞെടുത്ത കഥകൾ (കഥകൾ) മഞ്ഞ്, കാലം, നാലുകെട്ട്, അസുരവിത്ത്, പാതിരാവും പകൽവെളിച്ചവും, രണ്ടാമൂഴം (നോവലുകൾ) പഞ്ചാഗ്നി, നഖക്ഷതങ്ങൾ, വൈശാലി, പെരുന്തച്ചൻ, ഒരു വടക്കൻ വീരഗാഥ, നഗരമേ നന്ദി, നീലത്താമര, നിഴലാട്ടം (തിരക്കഥകൾ) ഗോപുരനടയിൽ (നാടകം), കാഥികന്റെ കല, കാഥികന്റെ പണിപ്പുര, ഹെമിംഗ്‌വേ ഒരു മുഖവുര (ലേഖനങ്ങൾ) ആൾക്കൂട്ടത്തിൽ തനിയെ (യാത്രാവിവരണം) തുടങ്ങിയവയാണ് പ്രധാനപുസ്തകങ്ങൾ. ചലച്ചിത്ര മേഖലയിലെ സംഭാവനകൾക്ക് നിരവധി തവണ ദേശീയ, സംസ്ഥാന അവാർഡുകൾ നേടിയിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ് ഓടക്കുഴൽ അവാർഡ് എന്നിവയും നേടിയിട്ടുണ്ട്. 1996–ൽ സാഹിത്യത്തിനുള്ള ഭാരതത്തിലെ പരമോന്നത ബഹുമതിയായ ജ്ഞാനപീഠപുരസ്കാരത്തിനർഹനായി.]

ഒരു പന്തീരാണ്ടിനുശേഷം ലീലയെപ്പറ്റി ഞാനിന്ന് ഓർത്തുപോയി ലീലയെന്നു കേൾക്കുമ്പോൾ നിങ്ങൾ പെട്ടെന്ന് വിചാരിച്ചേക്കാം. തെറ്റിദ്ധരിക്കാതിരിക്കാൻ നേർത്തെ പറഞ്ഞുകൊള്ളട്ടെ. അവൾ എന്റെ സഹോദരിയാണ്! ഈ വസ്തുത അറിയുന്ന വ്യക്തികൾ ലോകത്തിൽ വളരെ കുറച്ചേ ഉള്ളു.

ലീലയെക്കുറിച്ച് ഓർക്കാൻ കാരണം പെട്ടിക്കടിയിൽനിന്ന് കണ്ടുകിട്ടിയ റബ്ബർ മൂങ്ങയാണ്. റദ്ദു ചെയ്ത ഷർട്ടും മുണ്ടും പഴയ കടലാസുകളും ഇട്ട പെട്ടിക്കകത്ത് ഇന്നൊരു പരിശോധനനടത്തി. നോക്കുമ്പോഴുണ്ട് ആ പഴയ റബ്ബർ മൂങ്ങ കിടക്കുന്നു. അതിന്റെ നിറം മങ്ങി ആകർഷകത്വമില്ലാതായിട്ടുണ്ട്. സ്ഫടികം കൊണ്ടുണ്ടാക്കിയ കണ്ണുകൾ മാത്രം മങ്ങിയിട്ടില്ല. ഒരു കാലത്ത് അതെന്റെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരനായിരുന്നു. അതിന്റെ ഉടമസ്ഥനായതിൽ അഭിമാനിച്ചിരുന്നു. വളരെ വളരെ കൊതിച്ചു കിട്ടിയതാണ്. അത് സഞ്ചിയിൽ വെച്ചു

കൊണ്ട് സ്കൂളിൽചെന്നു കയറിയപ്പോൾ ഞാൻ സ്വയം ഒന്നുയർന്നപോലെ തോന്നി. കാരണം എന്റെ സഞ്ചിക്കകത്ത് വിലപിടിപ്പുള്ള ഒരു മുതലുണ്ട്. അപ്പുക്കുട്ടന്റെ പളുങ്കു ഡപ്പിയേക്കാളും എമ്പ്രാൻകുട്ടിയുടെ മൗത്ത് ഓർഗനേക്കാളും മുന്തിയതാണ് എന്റെ മൂങ്ങ. അതേയ്, കൊള മ്പിൽ നിന്ന് കൊണ്ടു വന്നതാണ്!

റബ്ബർ മൂങ്ങയ്ക്ക് രണ്ടു വിശേഷതകളുണ്ട്. അടിഭാഗത്തെ കുറ്റി അമർത്തിയാൽ അതിന്റെ വയർ തുറക്കും. വയറിന്നകത്ത് പതുപതുപ്പുള്ള ഒരു കൊച്ചുകുഷ്യന്റെ മുകളിൽ കടും നീല നിറത്തിലുള്ള ഒരു ചെറിയ കുപ്പി. അതിൽ സെന്റായിരുന്നു! അടപ്പു തുറന്നാൽ അരിമുല്ലപ്പൂക്കളുടെ മണം ക്ളാസു മുഴുവൻ വ്യാപിക്കും. പെൺകുട്ടികളിരിക്കുന്ന ബെഞ്ചിൽ നിന്നു പിറുപിറുപ്പുകൾ കേൾക്കാം:

ആ കുട്ടീടെ കയ്യിലാ...!

ആ കുട്ടി ഞാനായതിൽ എനിക്കഭിമാനമുണ്ടായിരുന്നു.

എന്നിട്ടും അത് 'മാപ്ളസെന്റാ'ണെന്ന് പുച്ഛിച്ച ശങ്കുണ്ണിയുമായി ഇടിപ്പയറ്റു നടത്തിയ തിൽ എനിക്കിന്നും പശ്ചാത്താപമില്ല. രണ്ടാമത്തെ പ്രത്യേകത: പിൻവശത്തെ കമ്പികളിളക്കി യാൽ മൂങ്ങ കണ്ണുരുട്ടും.



ഉച്ചസമയത്ത് കുട്ടികളുടെ മുമ്പിൽ മൂങ്ങയെ പ്രദർശിപ്പിക്കുമ്പോൾ മായക്കുതിരയുടെ ഉടമസ്ഥനായ രാജകുമാരന്റെ കഥ മുത്തശ്ശി പറഞ്ഞത് എന്റെ മനസ്സിലുണ്ടാവും. ആ മൂങ്ങ എന്റെ ജീവനായിരുന്നു. മറ്റൊരാളെ ഏൽപ്പിക്കാൻ മനസ്സു വരില്ല. അതിന്റെ 'മെക്കാനിസം' അറിയുന്നത് എനിക്കു മാത്രമല്ലേ?

ഞാൻ ആരംഭിച്ചത്...... ഓ, ലീലയെപ്പറ്റിയായിരുന്നു. ഒന്ന് പറയാൻ വിട്ടുപോയി, റബ്ബർ മൂങ്ങ എനിക്കു സമ്മാനിച്ചത് ലീലയായിരുന്നു.

ജീവിതത്തിൽ നിന്ന് ചീന്തിയെടുക്കുന്ന ഒരു പഴയ താളാണിത്.

കുടുക്കുകൾ വേറിട്ട ഒരു മുഷിഞ്ഞ കാലുറ അരയിൽ കുടുക്കിനിർത്തി നടക്കുന്ന കാലം. പത്തോ പതിനൊന്നോ വയസ്സ് പ്രായം കാണും. അമ്മയുടേയും ജ്യേഷ്ഠന്മാരുടെയും അടി മുറയ്ക്കു വാങ്ങും. 'അമ്മാളുഅമ്മയുടെ മകൻ വാസു വല്ലാത്ത വികൃതിയാണെ'ന്നായിരുന്നു പൊതുജനാഭിപ്രായം. അതിന് പ്രചരണം നൽകിയത് അയൽവക്കത്തെ പാറുവമ്മയാണ്. ഉച്ചയ്ക്ക് അവർ പതുക്കെ ഞങ്ങളുടെ നടപ്പുരയിലെത്തും. അമ്മയുടെ തലയിൽ നിന്നു പേനെടുത്തുകൊണ്ടു പാറുവമ്മ നാല് ഞായം പറയും. അത് കേൾക്കാൻ എനിക്കിഷ്ടമാണ്. ഇല്ലത്തെ മാളാത്തേലിനേപ്പറ്റിയോ തെരണ്ടിരിക്കുന്ന കുട്ടിയെപ്പറ്റിയോ ആയിരിക്കും പറയുന്നത്. എന്നാലും കേട്ടിരിക്കാൻ രസമുണ്ട്. അതിനിടയ്ക്ക് പാറുവമ്മ പറയും: 'ന്റെ മോൻ ആ ചെല്ലൊന്ന് എടത്തൊണ്ടരൂ..' അതാണ് കുഴപ്പം. അതിന് ഞാൻ കൂട്ടാക്കാത്തപ്പോൾ അമ്മ കൽപ്പിക്കും. അതനുസരിക്കില്ല. പിന്നെയും ശാസിച്ചുനോക്കും. ഞാനെന്തെങ്കിലും വികടം പറഞ്ഞെന്ന് വരും. അപ്പോൾ വീഴും പുറത്തൊന്ന്.

ഒരു സാധാരണ രംഗമാണത്.

അയൽവക്കത്തെ സ്ത്രീകൾക്കിടയിൽ അമ്മ ബഹുമാനത്തിന് പാത്രമായിരുന്നു. കാരണം അമ്മയുടെ കൈയിൽനിന്നു പണമോ അരിയോ വായ്പ കിട്ടും. സദ്യക്കു പോകാനുള്ള പണ്ടം കടം വാങ്ങാനും അമ്മയുടെ സേവ വേണം.

'മാസം മാസം ആയമ്മയ്ക്ക് എത്ര പണാ വര്ണ്?'

'അയാൾക്കേയ്, കൊളമ്പില് എന്ത് വാരലാത്രെ!'

അങ്ങിനെപോകുന്നു അഭിപ്രായങ്ങൾ...........

അച്ഛൻ വളരെ കാലമായി സിലോണിലാണ്. മാസം തോറും ധാരാളം പണമയയ്ക്കും. ഞങ്ങൾ നാലാൺമക്കളാണ്. സഹോദരിമാർ ആരുമില്ല. മറ്റുള്ളവരുടെ കണ്ണിൽ അതൊരു നല്ല ഗുണമാണ്. പാറുവമ്മയുടെ അഭിപ്രായത്തിൽ അതാണമ്മയുടെ ഏറ്റവും വലിയ സുകൃതം. അതിന്റെ കാരണം ഞാൻ വിചാരിക്കുന്നത് പാറുവമ്മയുടെ വീട്ടിൽ പെരുകി വരുന്ന പെൺപടയാണ്. ആയമ്മയ്ക്ക് അഞ്ചും അവർക്കു ഏഴും. പതിമൂന്ന് പെണ്ണുങ്ങൾ നിറഞ്ഞ ഒരു കുടുംബമാണത്. ഒരു പെൺകുട്ടിയുണ്ടാവാൻ അമ്മയും അച്ഛനും ആഗ്രഹിച്ചിരുന്നു. മൂന്നാൺമക്കൾക്കു ശേഷം അമ്മ ഗർഭിണിയായപ്പോൾ കണിയാർ പറഞ്ഞു: 'ഇത് പെൺകുട്ടി തന്നെ'. എല്ലാവർക്കും സന്തോഷമായി. ചെയ്യാത്ത വഴിപാടുകളും കയറാത്ത അമ്പലങ്ങളുമില്ല.

പക്ഷേ പ്രതീക്ഷകളെല്ലാം തട്ടിമാറ്റിക്കൊണ്ട് ഒരു ചാവാളിച്ചെറുക്കൻ ഭൂജാതനായി. വിനയപൂർവ്വം അറിയിച്ചുകൊള്ളട്ടെ, ആ നിർഭാഗ്യവാൻ ഈ ഞാനാണ്.

എന്റെ സ്ഥാനത്ത് ഒരു പെൺകുഞ്ഞ് പിറക്കാമായിരുന്നു..... ദൈവത്തെ ഞാൻ ശപിച്ചത് പിന്നീടാണ്.

കുടുക്കില്ലാത്ത മുഷിഞ്ഞ ട്രൗസർ ഇട്ട് വികൃതിയായി നടന്നിരുന്ന കാലത്ത് – അന്നെനിക്ക് അച്ഛനെഓർമ്മയില്ല. അച്ഛന്റെ പടം മുറിയിൽ പലേടത്തും കണ്ടിട്ടുണ്ട്. എനിക്ക് നാലുവയസ്സുള്ളപ്പോൾ സിലോണിൽ പോയതാണ്. പിന്നെ വന്നിട്ടില്ല.

അതിനേപ്പറ്റി സൂചിപ്പിച്ചാൽ ഏട്ടൻമാർ എന്നെ കളിയാക്കും. അവരുടെ മുമ്പിൽ ഞാൻ ചൂളിപ്പോകും. അവർ സിലോണിൽ വളരെക്കാലം ജീവിച്ചിട്ടുണ്ട്. എന്നെക്കാളും അധികാരപൂർവ്വം അച്ഛനെപ്പറ്റി സംസാരിക്കുന്നത് അവരാണ്.

ഞാൻ അമ്മയുടെ ഗർഭത്തിലിരിക്കുന്ന കാലത്താണ് അമ്മയും മറ്റു സഹോദരന്മാരും നാട്ടിലേക്ക് മടങ്ങിപ്പോന്നത്. അതിൽപ്പിന്നെ കൊല്ലത്തിൽ രണ്ടു മുന്നു മാസം അവധിയിൽ അച്ഛൻ നാട്ടിൽ വരും.

അമ്മയുടെ വക എനിക്കു ധാരാളം അടി വന്നു ചേരാറുണ്ട്. ഏട്ടന്മാരും ഇടയ്ക്കെല്ലാം ദ്രോഹിക്കും. തനിച്ചിരിക്കുമ്പോൾ എന്റെ ദുരവസ്ഥയെപ്പറ്റി ഞാനോർത്തുപോകും. ഒരു മകളുടെ സ്ഥാനത്ത് വന്നു പിറന്നതുകൊണ്ടായിരിക്കാം.

എന്നോടുള്ള ദേഷ്യം കൊണ്ടായിരിക്കുമോ അച്ഛൻ നാട്ടിൽ വരാത്തത്?
രാത്രിയിൽ കിടക്കുമ്പോൾ പലതും ആലോചിക്കും. ഓർത്തോർത്തു അവസാനം അറിയാതെചോദിച്ചു പോകും.

'അമ്മേ, ഞാൻ പെങ്കുട്ടി ആയിച്ചാലോ?'
'മിണ്ടാതെ കിടക്കെടാ'
ഉറക്കം പിടിച്ചുതുടങ്ങിയ അമ്മ ദേഷ്യം പിടിച്ച് തുടയ്ക്കൊരു നുള്ളു പാസ്സാക്കും.
ഒരു പെൺകുട്ടിയുണ്ടാവാത്തതിൽ അമ്മയ്ക്കും അച്ഛനും വേദനയുണ്ട്. അതെനിക്കറിയുകയും ചെയ്യും.

ഒരു പെങ്ങളുണ്ടാവുക നല്ലൊരു കാര്യമാണ്. എന്റെ ക്ളാസിലെ കുട്ടികൾക്കും ചേട്ടത്തിമാരും അനിയത്തിമാരുമുണ്ട്. ഗോപിയുടെ പുസ്തകങ്ങളെല്ലാം കലണ്ടർ ഏടുകൾ കൊണ്ട് ഭംഗിയിൽ പൊതിഞ്ഞു കൊടുക്കുന്നത് ഭാനുചേച്ചിയാണത്രേ. അവന്റെ ഭാനുചേച്ചിയാണ് പുസ്തകങ്ങളിൽ പേരെഴുതിക്കൊടുക്കുന്നത്. എന്ത് ഭംഗിയുള്ള അക്ഷരങ്ങൾ! കരുണാകരന്റെ മൂത്ത പെങ്ങൾക്ക് കല്യാണമുണ്ടായി. വലിയൊരു മീശയും ഇത്തിരി മാത്രം വലിപ്പ

മുള്ള ഒരു വാച്ചുമുള്ള ആളാണത്രേ അവന്റെ ചേച്ചിയെ കല്യാണം കഴിച്ചത്. അയാളും കൂട്ടുകാരും പന്തലിൽ വന്നു കയറിയപ്പോൾ കാൽ കഴുകിച്ചത് അവനാണുപോലും. കുരവയും നാദസ്വരവുമൊക്കെ അന്നു രാത്രിയിൽ ഞാനും കേൾക്കുകയുണ്ടായി. അതെല്ലാം നല്ലതുതന്നെ. എന്നാലും കാൽ കഴുകിക്കുന്നത് എനിക്കത്ര പിടിച്ചില്ല.

'പിന്നേയ്' അവൻ സ്വകാര്യം പറയുകയാണ്. 'ഞാൻ എന്താശ്ശണ്ടോ അയാളെ വിളിക്യാ? അളിയാന്ന്.'

കരുണാകരനും ഗോപിയുമൊക്കെ ഭാഗ്യവാന്മാരാണെന്ന് തോന്നി. വീട്ടിൽ ഒരു കല്യാണമുണ്ടാവുന്നത് നല്ലൊരു കാര്യമാണ്. അലങ്കരിച്ച പന്തലും പെട്രോമാക്സ് വിളക്കുകളും ആൾത്തിരക്കും അകത്തു നിറയെ പെണ്ണുങ്ങളും .....ഒന്നു വിട്ടുപോയി: ഗ്രാമഫോൺ പാട്ടും. എന്റെ വീട്ടിൽ ഒരു കല്യാണമുണ്ടാവാൻ യാതൊരു വഴിയുമില്ല. എനിക്കൊരു പെങ്ങളില്ല…! എന്റെ പുസ്തകങ്ങൾക്കു ഭംഗിയുള്ള പൊതിച്ചിലില്ല. നല്ല അക്ഷരത്തിൽ പെരെഴുതിയിട്ടില്ല. എനിക്ക് ഒരളിയനുണ്ടാവില്ല….. ഉണ്ടായിരുന്നെങ്കിലല്ലേ കരുണാകരന്റെ വീട്ടിലേക്കാളും ഗംഭീരമാക്കും. അപ്പോൾ കരുണാകരൻ എന്നെ കാണണം. അവന്റെ വീട്ടിലെ കല്യാണം അത്രയൊന്നും നന്നാവില്ല. അല്ലെങ്കിലും അവനെന്ത് കുളുസാ....!

എന്റെ പുസ്തകങ്ങൾ ഞാൻ തന്നെയാണ് പൊതിയുന്നത്. വൃത്തിയാവില്ല. ഏട്ടന്മാരോട് പറഞ്ഞാൽ വല്ലതുമൊക്കെ പറയും. എതിരു പറഞ്ഞാൽ വികൃതിയാണെന്ന പൊതുജനാഭിപ്രായത്തെ മാനിച്ചുകൊണ്ട് തലയ്ക്കൊരു മേട്ടമോ മറ്റോ സമ്മാനിക്കും.

അച്ഛന്റെ കത്തുകൾ മുറയ്ക്ക് വരാറുണ്ട്. അമ്മ ശ്രദ്ധിച്ചു വായിക്കും. പത്താം ക്ളാസുകാരനായ മൂത്ത ഏട്ടൻ വായിക്കുമ്പോൾ ഒരിക്കൽ കൂടി കേൾക്കുകയും വേണം. 'കുട്ടികൾക്കെല്ലാവർക്കും സുഖമെന്ന് കരുതുന്നു. അവരുടെ വിവരങ്ങൾക്ക് പ്രത്യേകം എഴുതുമല്ലോ...'

അടങ്ങാത്ത ആവേശത്തോടെ ഞാനതെല്ലാം കേൾക്കും. കുട്ടികൾ എന്നു പറയുന്നതിൽ ഞാനും അടങ്ങിയിട്ടുണ്ടല്ലോ. മുന്നൂറിൽപ്പരം നാഴികയ്ക്കപ്പുറത്ത് ജോലി ചെയ്യുന്ന അച്ഛനെപ്പറ്റി ഞാനോർക്കും. അദ്ദേഹം ഒരു കമ്പനിയിലാണത്രെ ജോലി ചെയ്യുന്നത്. ഏട്ടന്മാരെല്ലാം അച്ഛന്റെ ഓഫീസിൽ പോയിട്ടുണ്ട്.

സിലോണിനെപ്പറ്റി പറയുന്നതെന്തും ഞാൻ ശ്രദ്ധവെച്ചു കേൾക്കും എവിടെവെച്ചായാലും അവിടുത്തെ ആളുകൾ പറയുന്നത് നമുക്ക് തിരിയുകയില്ലത്രെ. കാരണം അവർ സംസാരിക്കുന്നത് മറ്റേതോ ഭാഷയാണ്. അവിടത്തെ ആളുകൾ ഭയങ്കരന്മാരാണ്. കുഞ്ഞുങ്ങളെ റോട്ടിലും മറ്റും കണ്ടാൽ അരയിൽ നിന്നും കത്തിയൂരിയെടുത്ത് കഴുത്തുമുറിച്ചു കളയുമെന്നാണ് ബാലേട്ടൻ പറയുന്നത്. അത്തരമൊരു സംഭവം സ്വന്തം കണ്ണുകൊണ്ട് കണ്ട ആളാണ് വല്യേട്ടൻ.

അതറിഞ്ഞപ്പോൾ ഭയം തോന്നി. ഈ ക്രൂരന്മാരുടെ ഇടയിലാണ് അച്ഛൻ ജീവിക്കുന്നത്....ഈശ്വരാ? 'കുട്ട്യോളേ മാത്രേ കോല്ലുള്ളു , അല്ലേ?' 'പണം കിട്ടാൻ ആരേം കൊല്ലും....'

അത് കേൾക്കുമ്പോൾ ഉള്ളിലൊരു നടുക്കം. പുറത്ത് കാട്ടില്ല. എന്റെ ഈശ്വരാ......അച്ഛന്റെ കൈവശം ധാരാളം പണമുണ്ടെന്നാണ് ആളുകൾ പറയുന്നത്. ആയിടയ്ക്കാണ് കമ്പി കിട്ടിയത്. അച്ഛൻ നാട്ടിലേക്ക് പുറപ്പെടുന്നുവെന്നതാണ്....!

എവിടെയൊക്കെയോ യുദ്ധം നടക്കുന്ന കാലമാണ്. അച്ഛൻ ജോലി ചെയ്യുന്ന സ്ഥലത്തും യുദ്ധം തുടങ്ങിയിരിക്കുന്നുവത്രേ. അതാണ് അച്ഛൻ പെട്ടെന്ന് പുറപ്പെടാൻ കാരണം. കടലാസ്സു വായിക്കാറുള്ള വല്യേട്ടന് യുദ്ധത്തിനെ സംബന്ധിച്ചെല്ലാം അറിയാം.

വീട്ടിലെ അന്തരീക്ഷത്തിൽ അത് ചലനങ്ങൾ നിർമിച്ചു. അച്ഛൻ വരുന്നു.....! ആറു കൊല്ലത്തിനു ശേഷം എനിക്കച്ഛനെ കാണാം. ....! 'കൊളമ്പീന്ന് ഇവടെത്താൻ എത്ര ദിവസം വേണം?' ഞാൻ അന്വേഷിച്ചു. മൂന്നു മണിക്കൂർ കപ്പലിലിരിക്കണം. രണ്ടു ദിവസം വണ്ടിയിലും.

കപ്പൽ വെള്ളത്തിൽ സഞ്ചരിക്കുന്ന വാഹനമാണെന്ന് അഞ്ചാം പാഠത്തിൽ പറഞ്ഞിട്ടുണ്ട്. വെള്ളത്തിൽ സഞ്ചരിക്കുന്ന വാഹനങ്ങളെയെല്ലാം എനിക്ക് ഭയമാണ്. ഭഗവതീക്ഷേത്രത്തിൽ തൊഴാൻ പോകുമ്പോൾ തോണിയിലിരിക്കാറുണ്ട്. പേടിച്ചു വിറച്ചായിരിക്കും ഞാൻ തോണി കടക്കുന്നത്. മറിയുമോ എന്ന ഭയം. തോണി പുഴയിലാണ്. കപ്പൽ കടലിലും. കടലിൽ കൂറ്റൻ തിരമാലകളുണ്ടാകും. കപ്പലും മറിയാറുണ്ടോ?

അച്ഛൻ വേഗം വരണേ..!

അമ്മയുടെ കണക്കുപ്രകാരം തിങ്കളാഴ്ച അച്ഛനെത്തുമെന്നാണ് വിശ്വസിക്കേണ്ടത്.

സ്ക്കൂളുണ്ടായിരുന്നെങ്കിലും പോകുന്നില്ലെന്ന് വെച്ചു. ഏട്ടന്മാരും പോയില്ല. എല്ലാവർക്കും അമ്മ ലീവ് സാങ്ഷനാക്കീട്ടുണ്ട്.

....ഉറക്കം വരുന്നതുവരെ പടിക്കലേക്ക് നോക്കിയിരുന്നു. കാണുന്നില്ല.

അടുത്ത പ്രഭാതത്തിൽ അച്ഛൻ വന്നു കയറി.

പത്തായപ്പുരയുടെ മുകളിൽ നിന്ന് ബാലേട്ടനാണത് കണ്ടത്. വയൽവരമ്പിലൂടെ അച്ഛൻ വരുന്നു. പിന്നിൽ വലിയ പെട്ടികളും മറ്റും ചുമന്ന് കൂലിക്കാരും.

കോലായിൽ കയറിയ ഉടനെഅച്ഛൻ എന്നെ വാരിയെടുത്തു.

ഒരു കാര്യം ഉറപ്പാണ്. ഏട്ടന്മാരുടെ മുമ്പിൽ എപ്പോഴെങ്കിലും ഞാൻ ഉയർന്നതായി തോന്നിയിട്ടുണ്ടെങ്കിൽ അപ്പോളാണ്....

അടുത്തത് അവരുടെ ഊഴമായിരുന്നു. അച്ഛൻ ഓരോരുത്തരേയും തൊട്ടുതടവി.

ട്രൗസർ ഉരച്ചുകയറ്റിക്കൊണ്ട് അൽപ്പം നാണിച്ചു നിൽക്കുന്ന ഞാൻ അച്ഛനെ നല്ല പോലെ കണ്ടു. ഫോട്ടോവിൽ കാണുന്നതിലുമധികം കറുത്തിട്ടാണ്. തടിയും കൂടുതലുണ്ട്. അരുകിന്ന് ചിത്രപ്പണിയുള്ള നീണ്ട സാൽവ കഴുത്തിൽ ചുറ്റിയിട്ടിരിക്കുന്നു.

അതിലിടയ്ക്കാണ് ഞാൻ മറ്റൊരദ്ഭുതം കണ്ടത്. അച്ഛന്റെ പിറകിൽ ഒരു പെൺകുട്ടി!

വിളറിയ നിറത്തിൽ വട്ടമുഖവും വിടർന്ന കണ്ണുകളും കഴുത്തുവരെ വളർത്തിയ ചുരുണ്ട ചെമ്പൻമുടിയുമുള്ള ഒരു പെൺകുട്ടി. വെളുത്ത സിൽക്കിൽ ചുവന്ന വലിയ പൂക്കൾ വളർത്തിയ ഒരു ഗൗണാണിട്ടിട്ടുള്ളത്. എന്നേക്കാളും ഉയരം കാണും.

അച്ഛൻ അവളോടെന്തോ പറഞ്ഞു. എനിക്കജ്ഞാതമായിരുന്നു ആ ഭാഷ. അവൾ തല കുലുക്കി. എന്നിട്ട് പതുക്കെ ഉമ്മറക്കോലായിലേക്ക് കയറി അമ്പരപ്പോടെ നിന്നു വാതിൽക്കലും ജനാലകളിലും ഉത്ക്കണ്ഠ നിറഞ്ഞ കണ്ണുകൾ കാണാമായിരുന്നു.

ആറു വർഷത്തിനു ശേഷം നാട്ടിൽ വരുന്ന അച്ഛനെക്കാളുമധികം മറ്റുള്ളവരുടെ ശ്രദ്ധയാകർഷിച്ചിരിക്കുന്നത് ആ പെൺകുട്ടിയാണ്. കൂലിക്കാർ പെട്ടിയും സാധനങ്ങളും താഴെയിറക്കി. പടുകൂറ്റൻ പെട്ടികൾ. കൂട്ടത്തിൽ ഇളം നീലത്തുണി കൊണ്ടുള്ള കുപ്പായമിട്ട ഒരു തോൽപ്പെട്ടിയും. അത് നിലത്തു വെച്ചപ്പോൾ ആ പെൺകുട്ടി പതുക്കെ അതൊരരുകിലേക്ക് മാറ്റിവെച്ചു.

ഉമ്മറത്തേക്ക് ചായയെത്തി. അകത്തുനിന്ന് കൊക്കിക്കുരച്ചുകൊണ്ട് മുത്തശ്ശി ഉമ്മറത്തു വന്നു.

'പെലച്ച വണ്ടിക്കേ വന്ന് ?'

'അതെ, എന്ത് തിരക്കാ.... സെക്കൻഡ് ക്ളാസ്സില് ഇരിക്കാൻ കൂടി സ്ഥലംല്യാച്ചാലോ?' കണ്ണു തിരുമ്പിക്കൊണ്ട് അച്ഛൻ പറഞ്ഞു.

'വല്ലാത്ത കാലം. പണ്ടോക്കെ ആളോള് കാശിക്കു കൂടി നടന്നിട്ടാ പൂവാ.'

'മുഴുവൻ സിലോണിൽനിന്നു വരുന്നവരാണ്..... അവിടെ ബോംബിട്ടപ്പോൾ ഒഴിച്ചു പോരുന്നോരാ.' മുത്തശ്ശി ഇടയ്ക്കിടെ ചുമരും ചാരി നിൽക്കുന്ന ആ പെൺകുട്ടിയുടെ നേരേ ഒന്നു നോക്കും. അവളാകട്ടെ, ഭൂഗർഭത്തിൽ നിന്ന് ആദ്യമായി പകൽ വെളിച്ചത്തിലേക്ക് കയറി വന്ന ഒരത്ഭുത ജീവിയെപ്പോലെ നിൽക്കുന്നു!

അമ്മ ഇനിയും ഉമ്മറത്തേക്ക് വന്നിട്ടില്ല. അമ്മയെ വിളിച്ചാലോ എന്ന് തോന്നി. ആറു കൊല്ലത്തിനു ശേഷം അച്ഛൻ വന്നു കയറിയിരിക്കുകയാണ്. അപ്പോൾ ഒന്നു പുറത്തു വന്നു കൂടെ? ഗൃഹാന്തരീക്ഷത്തിൽ അർത്ഥഗർഭമായ ഒരു മൂകതയാണു തങ്ങി നിൽക്കുന്നത്. എനിക്കതിന്റെ കാരണം മനസ്സിലായി.

മുത്തശ്ശിയോടെന്ന മട്ടിൽ, അച്ഛൻ ജോലിസ്ഥലത്ത് ബോംബിട്ട വിവരവും മറ്റും എല്ലാ വർക്കുമറിയാനായി വിവരിച്ചു. അച്ഛൻ താമസിക്കുന്ന തെരുവിന്റെ ഒരറ്റത്തും ബോംബു വീണുവത്രേ. ഒരു വലിയ തുണിച്ചരക്കു പീടിക മുഴുവൻ കത്തി നശിച്ചു. കെട്ടിടങ്ങൾ പലതും നിലംപറ്റി. പലരും മരിച്ചു. മരിച്ചവരുടെ കൂട്ടത്തിൽ അച്ഛന്റെ ഒരു സ്നേഹിതനും പെട്ടിരുന്നു. അയാൾ സിംഹാളിയാണ്. അയാളുടെ മകളാണ് അച്ഛന്റെ കൂടെയുള്ളത്. ലീല.

ലീലയ്ക്ക് സ്വന്തമായി മറ്റാരുമില്ല. അമ്മ ചെറുപ്പത്തിൽത്തന്നെ മരിച്ചിരിക്കുന്നു. അച്ഛൻ ബോംബു വീണപ്പോഴും. ഇനിയും അവിടെ ബോംബിട്ടേക്കാം. അപ്പോൾ അവളെ രക്ഷിക്കാൻ, കൂടെ കൊണ്ടുവരികയേ നിവൃത്തിയുള്ളു.

ഞാൻ അച്ഛനും അമ്മയുമില്ലാത്ത ആ കുഞ്ഞിനെനോക്കി. എനിക്കപ്പോൾ വേദനതോന്നി. പാവം. അവളെ കാണാൻ ചന്തമുണ്ട്. എന്റെ ക്ളാസ്സിലെ പെൺകുട്ടികളെ ക്കാളും ചന്തമുണ്ട്, തീർച്ച.

മുത്തശ്ശി അവളെ അകത്തേക്കു വിളിച്ചു. അവൾക്കത് കേട്ട ഭാവമില്ല. അടുത്തുചെന്ന് കൈ പിടിച്ചപ്പോൾ അവൾ ഒരൊറ്റ ചീറ്റൽ. തുടർന്നൊരു വിളിയും.

'ഡാഡീ...'

അച്ഛന്റെ സമീപത്തുവന്ന് മുത്തശ്ശിയുടെ നേരെ ചൂണ്ടിക്കൊണ്ട് അവൾ കുലുകുലു വെന്ന് എന്തൊക്കെയോ പറഞ്ഞു. അതെനിക്കു രസിച്ചില്ല. സംസാരമല്ല. അച്ഛനെതൊട്ടുകൊണ്ടുള്ള ആ നിൽപ്പ്. അന്നു രാത്രിയിൽ അച്ഛനും അമ്മയും തമ്മിൽ മണിക്കൂറുകളോളം നീണ്ടുനിന്ന വാദപ്രതിവാദമായിരുന്നു... എന്തിനാണ് അച്ഛനോട് കയർക്കുന്നത്?

ഞാൻ പ്രതീക്ഷിച്ചതുപോലെ വീട്ടിനകത്തെ അന്തരീക്ഷം സുഖകരമാവുന്നില്ല. കുശുകുശുപ്പുകൾ അവിടവിടെ പൊങ്ങുന്നു.... അമ്മയെ കേൾപ്പിക്കരുതെന്ന് അവർക്കെല്ലാമുണ്ട്. കുഴപ്പം മുഴുവൻ, ഞാൻ മനസ്സിലാക്കിയേടത്തോളം ആ പെൺകുട്ടിയെക്കൊണ്ടാണ്.

അയൽവക്കത്തെ പാറുവമ്മയോട് ചെറിയമ്മ പതിഞ്ഞ സ്വരത്തിൽ പറയുകയാണ്:

'കണ്ടാലറിഞ്ഞൂടേ?'

'പിന്നില്ലാണ്ടോ?'

' ഏടത്തി കേക്കണ്ട, ഇതാത്രെ മൂത്ത മകള്....'

കാര്യം ഏറെക്കുറെ എനിക്കു മനസ്സിലായി. വീടിനകത്തെ പിറുപിറുപ്പുകളിലെല്ലാം അടങ്ങുന്ന വിഷയം ഒന്നാണ്: ലീല അച്ഛന്റെ മകളാണ്! അച്ഛന്റെ മകൾ! അപ്പോൾ എന്റെ പെങ്ങളുമാണ്. ഞാൻ ഇത്ര നാളും വിചാരിച്ചത് തെറ്റാണ്. എനിക്കും ഒരു പെങ്ങളുണ്ട്! അതൊരു കാര്യമാണെന്നാണ് എന്റെ വിശ്വാസം. എന്നിട്ടും ഇവരെല്ലാം മുറുമുറുക്കുന്നതെന്തിന്? അവൾ പറയുന്നത് എനിക്ക് മനസ്സിലായില്ല. പിന്നെ ആ തറയ്ക്കുന്ന നോട്ടം. എന്നാലും

എനിക്കതിൽ പ്രതിഷേധമില്ല. അവളെന്റെ പെങ്ങളല്ലേ? അവൾ എന്റെ അനുജത്തിയോ, ജ്യേഷ്ഠത്തിയോ? പറയാൻ വിഷമമുണ്ട്. അച്ഛനോട് ചോദിച്ചാൽ അറിയാം. പക്ഷേ ചോദിക്കാൻ വയ്യ. അനിയത്തിയാവാനേതരമുള്ളു. എന്റെ ഭാഷ അവൾക്ക് മനസ്സിലാവാൻ തുടങ്ങിയാൽ ഞാൻ പിന്നെ 'അനീത്തീ' എന്നേ വിളിക്കൂ. അനിയത്തിയുമായി അടുക്കുവാൻ ശ്രമിച്ചുവെങ്കിലും അത് ഫലിച്ചില്ല: അവൾ ഞങ്ങളിൽ നിന്നെല്ലാം അകന്ന് നിൽക്കുകയാണ്. അച്ഛനോട് മാത്രമേ സംസാരിക്കൂ. എപ്പോഴും അവൾക്ക് 'ഡാഡി' മതി. 'ഡാഡീ' എന്നാൽ 'അച്ഛാ' എന്നാണർത്ഥമെന്ന് വല്യേട്ടൻ പറഞ്ഞു. വല്യേട്ടന് ഇംഗ്ളീഷറിയാം.

പകൽമുഴുവൻ അവൾ ആ തോൽപ്പെട്ടിയുടെ പുറത്തു കഴിച്ചുകൂട്ടും. താക്കോൽക്കൂട്ടം എപ്പോഴും ചൂണ്ടാണിവിരലിൽ ചുഴറ്റുന്നുണ്ടാവും. പെട്ടിയുടെ അടുത്തേക്ക് ആരെങ്കിലും ചെന്നാൽ ഈറ്റുപാമ്പിനെപ്പോലെ അവൾ ചീറ്റി നിൽക്കും.

ആ പെട്ടി നിറയെ ഉടുപ്പുകളാണ്. ഭംഗിയുള്ള തുണികൾ കൊണ്ടുള്ള ഉടുപ്പുകൾ. തുറന്നാൽ 'കൂറഗുളിക'യുടെ മണമുണ്ടാവും. സുഖകരമായ മറ്റേതോ സുഗന്ധവും.

രണ്ടു ദിവസത്തിനു ശേഷമാണ് ഞാൻ ആ റബ്ബർ മൂങ്ങ കാണുന്നത്. അവൾ പെട്ടി തുറന്നപ്പോൾ ഞാൻ പിന്നിൽ നിന്ന് പതുക്കെ എത്തിനോക്കി. അപ്പോളാണ് കണ്ടത്. ഉടുപ്പുകൾക്കിടയിൽ ഭംഗിയുള്ള ഒരു റബ്ബർ മൂങ്ങ.

'ഹതെന്താ'

ജിജ്ഞാസ അടക്കാൻ കഴിഞ്ഞില്ല.

അവൾ കണ്ണ് ചുളിച്ച് നിസ്സാരഭാവത്തിൽ എന്നെ നോക്കി. ഞാൻ പറഞ്ഞത് മനസ്സിലായിരിക്കയില്ല.

'അതേയ്.... ആ ആ കാണുന്നത്?'

ഞാൻ ചൂണ്ടിക്കാണിച്ചു.

അവൾ ആ റബ്ബർ മൂങ്ങ പുറത്തെടുത്തു. അതിന്റെ ഭംഗി സ്വയം ഒന്നാസ്വദിച്ച ശേഷം അവൾ എന്നെ ഒന്ന് നോക്കി. അവളുടെ നേർത്ത വിരലുകൾ അതിന്റെ പിന്നിൽ ചലിച്ചു. മൂങ്ങയുടെ നീലക്കണ്ണുകളിളകുന്നു....!

'ഒന്നു നോക്കട്ടെ...!'

ഞാൻ ലജ്ജയോടെ പറഞ്ഞു. ആരെങ്കിലും കേട്ടാൽ കളിയാക്കുമോ എന്ന് ഭയമുണ്ട്. വീണ്ടും നിസ്സാരഭാവത്തിൽ അവൾ എന്നെ ഒന്നു നോക്കി. എന്നിട്ടു പതുക്കെ ആറബ്ബർമൂങ്ങ പെട്ടിക്കടിയിൽവെച്ചു ഭദ്രമായി പൂട്ടി. ഞാൻ ഇളിഭ്യനായി. എന്റെ അച്ഛന്റെ മകളാണെങ്കിലും അവൾ തണ്ടുകാരിയാണ് തീർച്ച.

എനിക്കാ റബ്ബർമൂങ്ങയിൽ കമ്പം പിടിച്ചിട്ടുണ്ടെന്ന് അവൾക്ക് മനസ്സിലായിക്കാണണം. അല്ലെങ്കിൽ ഇടയ്ക്കിടെ പെട്ടി തുറന്ന് അതു പുറത്തു കാണിച്ച് എന്നെ കൊതി പിടിപ്പിക്കുന്നതെന്തിനാണ്? അവളുടെ പത്രാസ് എനിക്ക് കേൾക്കണ്ട. അച്ഛനോട് പറഞ്ഞാൽ എനിക്കും അതുപോലൊന്ന് വാങ്ങിത്തരാതിരിക്കില്ല. ഒന്ന് കിട്ടിയിരുന്നെങ്കിൽ ക്ളാസിൽ കൊണ്ടുപോയി കൂട്ടുകാരുടെ മുമ്പിൽ വെച്ച് കണ്ണുകളിളക്കാം. വയർ തുറക്കാം.

അച്ഛനോട് പറഞ്ഞാലോ? അച്ഛന്റെ അടുത്തുപോകാൻ എനിക്കൽപം വിഷമമുണ്ടായിരുന്നു. കാരണമൊന്നുമില്ല. അവളെപ്പോലെ 'ഡാഡി' എന്ന് വിളിച്ച് ഓടിച്ചെന്ന് മടിയിൽക്കയറിയിരിക്കാൻ കരളുറപ്പില്ല.

അച്ഛൻ അധികം സംസാരിക്കാറില്ല, ദൂരെനിന്ന് അച്ഛൻ ചാരുകസേരയിൽ കിടക്കുമ്പോൾ ഞാൻ കണ്ണോടിക്കും. തടിച്ച ഫ്രെയ്മുള്ള ആ കണ്ണട മുഖം തിരിക്കുമ്പോൾ പ്രകാശിക്കുന്നത് കാണാൻ രസമുണ്ട്.

ഒരിക്കൽ ധൈര്യമവലംബിച്ച് ചോദിക്കാൻ തന്നെ തീരുമാനിച്ചു. ലീലയുടെ മുമ്പിൽ മോശക്കാരനാവാൻ പാടില്ലല്ലോ. അടുത്തുചെന്ന് നിന്നപ്പോൾ അച്ഛൻ ചോദിച്ചു.

' ഉം?'

മുഖമുയർത്തിയപ്പോൾ ആ കണ്ണട പ്രകാശിച്ചു.

എനിക്കൊന്നും പറയാൻ കഴിഞ്ഞില്ല. എന്റെ കുറ്റിത്തല തടവിക്കൊണ്ട് അച്ഛൻ ചോദിച്ചു.

'സ്ക്കൂളിൽ പോണില്ല്യേ?'

'ഉം...'

പിന്നെയൊന്നും ചോദിച്ചില്ല: ഒന്നും പറയാൻ സാധിച്ചതുമില്ല:

റബ്ബർ മൂങ്ങയില്ലെങ്കിൽ പോട്ടെ, ക്ളാസിൽ കുട്ടികൾ വെറുതെ എന്നെ വിഷമിപ്പിക്കുന്നതെന്തിനാണ്?

അച്ഛൻ വന്നതും കൂടെ ഒരു പെൺകുട്ടിയെ കൊണ്ടുവന്നതും നാട്ടുകാർ എത്ര വേഗമാണറിയുന്നത്! എന്റെ വീട്ടിൽ ഒരു പെൺകുട്ടി വന്നുകയറിയതുകൊണ്ട് ഇരിക്കപ്പൊറുതിയില്ലാത്തത് ഞങ്ങളുടെ ക്ളാസ്സിലെ ജാനുവിനാണ്.

ഞാൻ കേൾക്കെ അവൾ പറയുകയാണ്:

'ഈ കുട്ടീടെ അച്ഛൻ വന്നപ്പോ ഒരു പെങ്കുട്ടീനെകൊണ്ടന്നിട്ടുണ്ട്.'

'എവിട്ന്ന്?'

കൂടെയുള്ള വെളുത്തേടത്തെ നാണി ചോദിച്ചു

'കൊളമ്പ്ന്ന്. പിന്നേയ്, അമ്മ പറയാ ഈ കുട്ടീടെ അച്ഛന് അവടെ ചെട്ടിച്ചീം

മക്കളുംണ്ടത്രെ....' 'പ്ഫ എന്നൊരാട്ടു കൊടുത്ത്, ആ കൊടുച്ചിപ്പെണ്ണിന്റെ ചെകിടത്തൊന്ന് ചാർത്താനാണ്തോന്നിയത്. പക്ഷേ ചെയ്തില്ല. അവളെനിക്ക് അണ്ടിപ്പരിപ്പ് തന്നിട്ടുണ്ട്.' എന്നാലും അവൾ പറഞ്ഞത് അക്രമമാണ്. എന്റെ അച്ഛനെപ്പറ്റിയാണ്.... അച്ഛന് കൊളമ്പില്.... ഛെ, അതു നുണയാണ്! അവളുടെ അമ്മയ്ക്കാണല്ലോ കമ്പി! അവളുടെ അമ്മയും മുത്തശ്ശിയുമെല്ലാം ഒന്നാം തരം നുണച്ചികളാണ്..... അതെന്നെ വിഷമിപ്പിച്ചു. സംശയം തീർക്കാൻ, വൈകുന്നേരം കുളത്തിൽ നിന്ന് പോരുമ്പോൾ ഞാൻ അമ്മയോട് ചോദിച്ചു:

'അമ്മേ, ഞങ്ങടെ ക്ളാസിലെ ജാനു പറയ്യാ....'
'ഉം?'
'അച്ഛനേയ്.... അച്ഛന് കൊളമ്പില് ചെട്ടിച്ചീം മക്കളും ഉണ്ടത്രെ....'
ജാനുവിന് സമ്മാനിക്കാൻ ഞാൻ കരുതിയ അടി എനിക്കാണു കൊണ്ടത്.
'നിന്റെ തന്തോട് തന്നെ ചോദിക്ക്.......'

ഈ വക കാര്യങ്ങൾ ആരു പറഞ്ഞാലും ശ്രദ്ധിക്കുകയില്ലെന്ന് നിശ്ചയിച്ചു. ആരോടും ഒന്നും ചോദിക്കുകയില്ല. അച്ഛൻ വന്നതിന്റെ ആറാം ദിവസം രാത്രിയിലാണത് സംഭവിച്ചത്. അച്ഛൻ കിടക്കുന്ന മുറിയുടെ തൊട്ടടുത്ത മുറിയിലാണ് ഞാൻ കിടക്കുക. ഊണു കഴിഞ്ഞ് ഉറങ്ങാൻ ചെന്നപ്പോൾ അച്ഛന്റെ ശരീരത്തിൽ ചേർന്നു നിന്നുകൊണ്ട് ലീലയുണ്ട് സംസാരിക്കുന്നു..... മുറിക്കകത്തുനിന്ന് ചുരുട്ടിന്റെ രൂക്ഷമായ മണം പൊങ്ങുന്നുണ്ട്.

ഞാൻ അത് കാണുന്നില്ലെന്ന് നടിച്ചു. അച്ഛന്റെ തൊട്ടടുത്തുനിന്ന് ഒരിക്കലും ഞാനിങ്ങനെസംസാരിച്ചിട്ടില്ല. എനിക്കസൂയ തോന്നി. ഞാൻ വളരെ മോശക്കാരനാണെന്ന് എനിക്ക് ബോദ്ധ്യമായി. വാസന പ്രസരിക്കുന്ന ഭംഗിയുള്ള ഉടുപ്പുകളും, റബ്ബർ മൂങ്ങയും, കാണാൻ ചന്തമുള്ള മുഖവും എനിക്കില്ല. എന്റെ കുടുക്കുകൾ പൊട്ടിയ ട്രൗസറിൽ മിക്കപ്പോഴും ചേറും ചെളിയുമുണ്ടാവും. അതു കൊണ്ടാവുമോ അച്ഛൻ അടുത്തു നിർത്തി സംസാരിക്കാത്തത്.

എനിക്ക് കരയാൻ തോന്നി. കോസറിയിൽ മുഖമമർത്തിക്കൊണ്ട് ഞാൻ അനങ്ങാതെ കിടന്നു.....

'വാസു...'
അച്ഛൻ വിളിച്ചു.
'ഏ....'
'വന്നാ. ഇങ്ങോട്ട് വന്നാ....'

ഞാൻ പതുക്കെ ആ മുറിയിലേക്ക് കടന്നു ചെന്നു. അച്ഛന്റെ ചുമലിൽ തിരുപ്പിടിച്ചു കൊണ്ട് നിൽക്കുന്ന ലീലയുടെ നേരെ നോക്കാൻ ധൈര്യപ്പെട്ടില്ല.

'വാ മോനെ....' അച്ഛൻ എന്നെ ദേഹത്തോടടുപ്പിച്ചു. എന്റെ കുറ്റിത്തലയിൽ തടവി

ക്കൊണ്ട് അച്ഛൻ ലീലയോടെന്തോ പറഞ്ഞു. ആ ഭാഷ എനിക്കിന്നും അജ്ഞാതമാണ്. പക്ഷെ അതിന്റെ അർത്ഥം ഇന്നെനിക്കറിയാം.

'മോളേ ഇത് നിന്റെ സഹോദരനാണ്......' വേദനയോടെയാണ് ഞാൻ ഓർക്കുന്നത്:

അന്ന് കുടുംബത്തിനകത്ത് ഒരു ചുഴലിക്കാറ്റ് വീശി. കഴിഞ്ഞ ആറു ദിവസങ്ങളായി അത് രൂപമെടുത്തുവരികയാണെന്ന് അപ്പോഴാണ് എനിക്ക് മനസ്സിലായത്. അച്ഛനും അമ്മയും തമ്മിൽ വഴക്കാരംഭിച്ചു. വീട്ടുകാരാരും അതിൽ ഇടപെട്ടില്ല. വാക്കുകളുടെ മൂർച്ചയും ക്ഷോഭവും പെരുകി വന്നു. അച്ഛൻ കഴിയുന്നേടത്തോളം ശാന്തനാവാൻ ശ്രമിച്ചു.

'നീ വെറുതെ തെറ്റിദ്ധരിക്കുകയാണ്.....'
'എനിക്കു കേൾക്കണ്ട. എനിക്കെല്ലാം മനസ്സിലായി.....'
'എന്ത് മനസ്സിലാവ്ണ്?'
'എന്നെക്കൊണ്ട് പറയിപ്പിക്കരുത്. മാധവൻ എനിക്കെല്ലാമെഴുതിയിട്ടുണ്ട്.'

മാധവൻ ആരാണെന്ന് എനിക്കറിയാം. അച്ഛന്റെ ജോലിസ്ഥലത്തിനടുത്താണ് മാധവമ്മാവ നിൽക്കുന്നത്. അമ്മയുടെ ആങ്ങളയാണ്. പിന്നെ അച്ഛൻ വാദിച്ചില്ല. അമ്മ പറഞ്ഞു കയറി.... തീ പിടിച്ച വാക്കുകൾ.... ഞാൻ മുഖമമർത്തിക്കിടന്നു. ഹൃദയം വിങ്ങുകയായിരുന്നു. ഞാൻ ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചു.

'ഭഗോതീ...... ഒന്നുണ്ടാവല്ലേ.......'
മേശപ്പുറത്തെ കുപ്പിഗ്ളാസ്സുകൾ തകർന്നുടഞ്ഞു.....
ഞാൻ ചെവി പൊത്തി.
തലയിണയിലേയ്ക്ക് കണ്ണുനീർത്തുള്ളികൾ ഉരുണ്ടുവീണു.
'ഈശ്വരാ.....'

കുറച്ചു കഴിഞ്ഞപ്പോൾ അമ്മ കോണിയിറങ്ങിപ്പോകുന്നതു കണ്ടു. അമർത്തിപ്പിടിച്ച തേങ്ങലുകൾ........... അടുത്ത പ്രഭാതത്തിൽ ഞാനുണർന്നപ്പോൾ കണ്ടത് അച്ഛനും ലീലയും യാത്രയ്ക്കൊരുങ്ങിനില്ക്കുന്നതാണ്......... കോലായിൽ പെട്ടികൾ അടുക്കി വെച്ചിട്ടുണ്ട്.

'അച്ഛനെങ്ങോട്ടാ പോണ്?'
ഞാൻ ഏട്ടനോട് പതുക്കെ ചോദിച്ചു.
ഏട്ടൻ അരിശത്തോടെ പറഞ്ഞു:
'ആവോ!'
അപ്പോൾ വേദനയോടെ ഞാൻ വിചാരിച്ചു: ഇവിടെ ഉള്ളവർക്കൊക്കെ എന്താ?
അച്ഛൻ ആദ്യം മുത്തശ്ശിയോട് യാത്ര പറഞ്ഞു.പിന്നെ ഞങ്ങളോടും.
ഏട്ടനും ബാലേട്ടനും കണ്ണു തുടച്ചു.

അച്ഛൻ അത് കണ്ടില്ലെന്ന് തോന്നുന്നു. മുറ്റത്തിറങ്ങി, വലിയ കൊളമ്പുകൊട കൈത്തണ്ടയിലിട്ടു അച്ഛൻ വിളിച്ചു:

'ലീലാ ...'
'ദാദീ......'

അവൾ യാത്രയ്ക്കൊരുങ്ങിയ നിലയിൽ പുറത്തു വന്നു. വലിയ സൂര്യകാന്തിപ്പൂക്കൾ വരഞ്ഞ ഗൗണാണിട്ടുള്ളത്. അരയിൽ നീലച്ച പട്ടുനാട കൊണ്ട് ഒരു കെട്ടും. കയ്യിൽ ആ റബ്ബർ മൂങ്ങയുമുണ്ട്.

കോലായിൽ തൂണും ചാരി നിൽക്കുന്ന എന്നെ നോക്കി അവൾ മന്ദഹസിച്ചു. ഞാൻ ചിരിച്ചില്ല. എന്റെ അടുത്തുവന്ന് കൈകളിൽ ആ റബ്ബർ മൂങ്ങ വെച്ചു തന്നപ്പോൾ ഞാൻ അത്ഭുതം കൊണ്ട് സ്തബ്ധനായി.

ഒരിക്കൽകൂടി മന്ദഹസിച്ചുകൊണ്ട്, എന്തോ പതുക്കെ പിറുപിറുത്തുകൊണ്ട് അവൾ കൊച്ചുകുടയും കുലുക്കി മുറ്റത്തിറങ്ങി. അച്ഛൻ മുന്നിലും ലീല പിറകിലുമായി പടിയിറങ്ങി...... നീണ്ടു പോകുന്ന ഇടവഴിയിലൂടെ, അവർ നടന്നകലുകയാണ്. അവർ പോകുകയാണോ?........

ദൂരെ ആ സൂര്യകാന്തിപ്പൂക്കളും നീലപ്പട്ടുനാടയും കാഴ്ചപ്പാടിൽ നിന്ന് മറഞ്ഞു.

* * * *

പന്തീരാണ്ടിനു ശേഷം ഞാനിന്ന് ലീലയെക്കുറിച്ച് ഓർത്തുപോയി.
പ്രിയപ്പെട്ട സഹോദരീ, നാഴികകൾക്കപ്പുറത്തു നിന്ന്, ഞാൻ മംഗളം നേരുന്നു....
നിന്റെ ഓർമ്മയ്ക്കുവേണ്ടി ഞാനിതു കുറിക്കട്ടെ.

## വ്യാകരണം

| | | | |
|---|---|---|---|
| സന്ധി | : | ലോപസന്ധി<br>ആഗമസന്ധി<br>ആദേശസന്ധി<br>ദ്വിത്വസന്ധി | – അവലോകനം |
| അലങ്കാരം | : | രൂപകം, ദീപകം, (അവലോകനം) | |
| വൃത്തം | : | കേക, കളകാഞ്ചി (അവലോകനം) | |
| രചന | : | ആശയവിപുലനം | |

# സൂര്യകാന്തി

## ജി.ശങ്കരക്കുറുപ്പ്



[ജി.ശങ്കരക്കുറുപ്പ്: 1901 ൽ അങ്കമാലിക്കടുത്തുള്ള നായത്തോട് എന്ന ഗ്രാമത്തിൽ ജനിച്ചു. 1936–ൽ മഹാരാജാസ് കോളേജിൽ മലയാളം ലക്ചറായി. 1947–ൽ അവിടെ പ്രൊഫസറായി നിയമിക്കപ്പെട്ടു. 1956–ൽ വിരമിച്ചതിനുശേഷം തിരുവനന്തപുരം ആകാശവാണിയിൽ പ്രൊഡ്യൂസറായി. വിസ്തൃത പ്രകൃതിയും താനും അനാദ്യന്തമായ ഒരേ ചൈതന്യത്തിന്റെ അംശമാണെന്ന ബോധം വെച്ചുപുലർത്തുന്ന പ്രകൃത്യുപാസകനാണ് ജി.ശങ്കരക്കുറുപ്പ്. പ്രകൃതിയുടെ സൂക്ഷ്മഭാവങ്ങളാവിഷ്ക്കരിക്കുന്നതിൽ കൂടുതൽ താല്പര്യം കാണിച്ചിട്ടുള്ള ജി. യുടെ കവിത പ്രതീകാത്മകങ്ങളാണ്. പ്രകൃതിഗായകനേയും ദേശസ്നേഹിയേയും മിസ്റ്റിക്കിനെയുമെല്ലാം അദ്ദേഹത്തിന്റെ കവിതകളിൽ കാണാം. സൂര്യകാന്തി, നിമിഷം, പഥികന്റെ പാട്ട്, അന്തർദാഹം, വെള്ളിലൽപറവകൾ, വിശ്വദർശനം, ജീവനസംഗീതം, മധുരം സൗമ്യം ദീപ്തം, ഗീതാഞ്ജലി (വിവർത്തനം) തുടങ്ങിയവയാണ് പ്രധാനകൃതികൾ. ഭാരതീയ ജ്ഞാനപീഠത്തിന്റെ പ്രഥമ അവാർഡ് (1965), കേരള സാഹിത്യ അക്കാദമി അവാർഡ് (1960), കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (1963), സോവിയറ്റ് ലാൻഡ് നെഹ്രു അവാർഡ് (1967) എന്നിവ നേടിയിട്ടുണ്ട്. 1968–ൽ പദ്മഭൂഷൺ ബഹുമതി ലഭിച്ചു. അതേ വർഷം രാജ്യസഭാംഗമായി നോമിനേറ്റു ചെയ്യപ്പെട്ടു. 1978–ൽ അന്തരിച്ചു. സൂര്യനെസ്നേഹിക്കുന്ന സൂര്യകാന്തിപ്പൂവിന്റെ പ്രേമാർദ്രഭാവങ്ങളെ കല്പനചെയ്തിരിക്കുന്ന സൂര്യകാന്തി എന്ന കവിത (കൃതി-സൂര്യകാന്തി) സ്നേഹം മോഹനപ്രകാശം തന്നെയെന്നുദ്ഘോഷിക്കുന്ന ഭാവഗീതമാണ്.]



മന്ദമന്ദമെൻ താഴും
    മുഗ്ദ്ധമാം മുഖം പൊക്കി-
സ്സുന്ദര ദിവാകരൻ
    ചോദിച്ചൂ മധുരമായ്:-
"ആരു നീയനുജത്തീ?
    നിർന്നിമേഷമായെന്തെൻ
തേരു പോകവേ നേരേ
    നോക്കിനില്ക്കുന്നൂ ദൂരേ?
സൗമ്യമായ് പിന്നെപ്പിന്നെ
    വിടരും കണ്ണാൽ സ്നേഹ-
രമ്യമായ് വീക്ഷിക്കുന്നൂ
    തിരിഞ്ഞു തിരിഞ്ഞെന്നെ;
വല്ലതും പറയുവാ-
    നാഗ്രഹിക്കുന്നുണ്ടാവാ-

മില്ലയോ, തെറ്റാണൂഹ–
　　മെങ്കിൽ, ഞാൻ ചോദിച്ചീലാ.''
ഒന്നുമുത്തരം തോന്നീ–
　　ലെങ്ങിനെതോന്നും! സർവ്വ–
സന്നുതൻ സവിതാവെ–
　　ങ്ങെങ്ങു നിർഗ്ഗന്ധം പുഷ്പം!
അര്യമാവിനെസ്നേഹി–
　　ക്കുന്ന ധിക്കാരത്തിന്നു
''സൂര്യകാന്തി'' യെന്നെന്നെ–
　　പ്പുച്ഛിപ്പതാണീലോകം!
പരനിന്ദ വീശുന്ന
　　വാളിനാൽ ചൂളിപ്പോകാ,
പരകോടിയിൽച്ചെന്ന
　　പാവനദിവ്യസ്നേഹം.
ധീരമാമുഖം തന്നെ
　　നോക്കിനിന്നു ഞാൻ; ഗുണോ–
ദാരനാമവിടത്തേ–
　　ക്കെന്തു തോന്നിയോ ഹൃത്തിൽ!
ഭാവപാരവശ്യത്തെ
　　മറയ്ക്കാൻ ചിരിപ്പതി–
നാവതും ശ്രമിച്ചാലും
　　ചിരിയായ്ത്തീർന്നീലല്ലോ.
മഞ്ഞുതുള്ളിയാണെന്നു
　　ഭാവിച്ചേനാനന്ദാശ്രു,
മാഞ്ഞുപോം കവിൾത്തുടു–
　　പ്പിളവെയ്‌ലിലെന്നോർത്തേൻ;
വേപമുണ്ടായംഗത്തിൽ,
　　ക്കുളിർകാറ്റിനാൽ, ലജ്ജാ–
ചാപലത്താലല്ലെന്നു
　　നടിച്ചേനധീര ഞാൻ.
ക്ഷുദ്രമാമിപ്പുഷ്പത്തിൻ
　　പ്രേമത്തെഗ്ഗണിച്ചാലോ
ഭദ്രനാദ്ദേവൻ നിന്ദ–
　　നീയമായഗണ്യമായ്!
മാമകപ്രേമം നിത്യ–
　　മൂകമായിരിക്കട്ടെ,
കോമളനവിടന്ന–

തൂഹിച്ചാലൂഹിയ്ക്കട്ടെ.
സ്നേഹത്തിൽനിന്നില്ലല്ലോ
മറ്റൊന്നും ലഭിച്ചീടാൻ;
സ്നേഹത്തിൻഫലം സ്നേഹം,
ജ്ഞാനത്തിൻ ഫലം ജ്ഞാനം.
സ്നേഹമേ പരം സൗഖ്യം,
സ്നേഹഭംഗമേ ദു:ഖം,
സ്നേഹം മേ ദിക്കാലാതി–
വർത്തിയായ് ജ്വലിച്ചാവൂ!
ദേഹമിന്നതിൻ ചൂടിൽ
ദ്ദഹിച്ചാൽ ദഹിക്കട്ടെ,
മോഹനപ്രകാശമെ–
ന്നാത്മാവു ചുംബിച്ചല്ലോ.
മാമകമനോഗത–
മവിടന്നറിഞ്ഞെന്നോ;
പോമളവദ്ദേഹത്തിൻ–
മുഖവും വിവർണ്ണമായ്,
വളരെപ്പണിപ്പെട്ടാ–
ണെന്റെമേൽനിന്നും ദേവൻ
തളരും സുരക്തമാം
കൈയെടുത്തതു നൂനം.
അക്ഷരം പുറപ്പെട്ടി–
ല്ലന്യോന്യം നോക്കീ ഞങ്ങൾ;
തൽക്ഷണം കറമ്പി രാ–
വെന്തിനങ്ങോട്ടേക്കെത്തീ
നന്ദി കാണിപ്പാനെന്റെ
ശിരസ്സു കുനിഞ്ഞതു
മന്ദിതോത്സാഹൻ പോകെ
ക്കണ്ടിരിക്കില്ലാ ദേവൻ!
നിദ്രയില്ലാഞ്ഞാരക്ത–
നേത്രനായ് പുലർച്ചയ്ക്കു
ഹൃദ്രമനെത്തും, നോക്കു–
മിപ്പുരമുറ്റത്തെന്നെ;
വിളറും മുഖം വേഗം,
തെക്കൻകാറ്റടിച്ചട–.
ർന്നിളമേൽ കിടക്കുമെൻ
ജീർണ്ണമംഗകം കാൺകെ.

ക്ഷണമാമുഖം നീല–
ക്കാറുറുമാലാലൊപ്പി–
പ്രണയാകുലൻ നാഥ–
നിങ്ങനെവിഷാദിക്കാം :
"ആ വിശുദ്ധമാം മുഗ്ദ്ധ–
പുഷ്പത്തെ കണ്ടില്ലെങ്കിൽ!
ആ വിധം പരസ്പരം,
സ്നേഹിക്കാതിരുന്നെങ്കിൽ!"



## അഭ്യാസം

### I. പദപരിചയം :

മുഗ്ദ്ധം, രമ്യം, സവിതാവ്, നിർഗന്ധം, അര്യമാവ്, ഗുണോദാരൻ, വേപം, ക്ഷുദ്രം, മന്ദിതം, ഹൃദ്രമൻ, അംഗകം

### II. സന്ദർഭം വിവരിച്ച് ആശയം വിശദമാക്കുക :

1. അര്യമാവിനെസ്നേഹിക്കുന്ന..........പുച്ഛിപ്പതാണീലോകം
2. പരനിന്ദ വീശുന്ന..................പാവന ദിവ്യ സ്നേഹം
3. ആ വിശുദ്ധമാം ശുദ്ധ..........സ്നേഹിക്കാതിരുന്നെങ്കിൽ

### III. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

1. എന്തിനാണ് ലോകം തന്നെ പുച്ഛിക്കുന്നതെന്നാണ് പൂവ് കരുതുന്നത്?
2. സൂര്യന്റെ മുഖം വിവർണ്ണമായതെപ്പോൾ?

### IV. ഖണ്ഡികയിൽ ഉത്തരമെഴുതുക :

1. 'ഒന്നുമുത്തരം തോന്നീലെങ്ങിനെതോന്നും!'– എന്നു സൂര്യകാന്തിപ്പൂവിനു തോന്നാൻ ഇടയായ സന്ദർഭത്തെക്കുറിച്ചെഴുതുക.
2. സ്നേഹത്തെക്കുറിച്ച് സൂര്യകാന്തിപ്പൂവ് പറയുന്നതെന്ത്?
3. പരസ്പരം സ്നേഹിക്കാതിരുന്നെങ്കിൽ എന്ന് പൂവ് പറയുന്നതെന്തുകൊണ്ട്?

### V. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

1. സൂര്യകാന്തിയും ദിവാകരനും തമ്മിലുള്ള സ്നേഹത്തെ കവി വർണ്ണിച്ചിരിക്കുന്നതെങ്ങനെയെന്ന് എഴുതുക.

**മനഃപാഠമാക്കുക :**

മന്ദമന്ദമെൻതാഴും............പാവനദിവ്യസ്നേഹം.

# ദാനത്തിൽ തെളിയുന്ന ശോഭ

## പി.കെ.ബാലകൃഷ്ണൻ



[**പി.കെ.ബാലകൃഷ്ണൻ**: 1926–ൽ എറണാകുളം ജില്ലയിലെ എടവനക്കാട് എന്ന ഗ്രാമത്തിൽ ജനിച്ചു. എറണാകുളം മഹാരാജാസ് കോളേജിൽ പഠിക്കുമ്പോൾ ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്ത് ജയിലിലടയ്ക്കപ്പെട്ടതിനാൽ കോളേജു വിദ്യാഭ്യാസം മുടങ്ങി. ദിനപ്രഭയുടെ പത്രാധിപരായിരുന്നു. ദീർഘകാലം കേരള കൗമുദി പത്രാധിപസമിതിയംഗമായിരുന്നു. കേരളഭൂഷണം, മാധ്യമം എന്നീ ദിനപത്രങ്ങളുടെ മുഖ്യപത്രാധിപരുമായിരുന്നു. ചരിത്രഗവേഷകൻ, വിമർശകൻ, നോവലിസ്റ്റ്, രാഷ്ട്രീയ ചിന്തകൻ, പ്രഭാഷകൻ എന്നിങ്ങനെനിരവധി മേഖലകളിൽ ശോഭിച്ച ബഹുമുഖ വ്യക്തിത്വത്തിനുടമയായിരുന്നു പി.കെ.ബാലകൃഷ്ണൻ. നാരായണഗുരു, ചന്തു മേനോൻ ഒരു പഠനം, നോവൽ സിദ്ധിയും സാധനയും, കാവ്യകല – കുമാരനാശാനിലൂടെ (നിരൂപണം), പ്ലൂട്ടോ പ്രിയപ്പെട്ട പ്ലൂട്ടോ, ഇനി ഞാൻ ഉറങ്ങട്ടെ (നോവൽ), ജാതിവ്യവസ്ഥയും കേരളചരിത്രവും, ടിപ്പു സുൽത്താൻ (ചരിത്രം) എന്നിവയാണ് പ്രധാനപുസ്തകങ്ങൾ. 1991–ൽ അന്തരിച്ചു.

വ്യാസവിരചിതമായ മഹാഭാരതത്തെ ഉപജീവിച്ചുകൊണ്ട് കർണ്ണനെന്ന കഥാപാത്രത്തെ കേന്ദ്രസ്ഥാനത്തു നിറുത്തി രചിച്ച നോവലാണ് 'ഇനി ഞാൻ ഉറങ്ങട്ടെ.' ഭാരതയുദ്ധത്തിൽ വിജയിച്ചുവെങ്കിലും ഭ്രാതൃഹത്യകളുടെ ഫലമായി നേടിയ വിജയത്തിലാഹ്ലാദിക്കാൻ പാണ്ഡവർക്ക് കഴിയുന്നില്ല. പാപഭാരത്താൽ വെന്തുരുകുന്ന യുധിഷ്ഠിരനോട് നാരദമഹർഷി കർണ്ണന്റെ കഥ വിവരിക്കുന്നു. നോവലിലെ എട്ടാമധ്യായമാണ് പാഠഭാഗം.]

### ''യതോ ധർമ്മസ്തതോ ജയഃ''

**കർണ്ണന്റെ ജന്മവിഭൂഷകളായ കവചകുണ്ഡലങ്ങൾ നഷ്ടപ്പെട്ട് അവൻ വധ്യനായതെങ്ങനെയെന്ന കഥ വിവരിക്കാൻ ഭാവിച്ചുകൊണ്ട് നാരദൻ പറഞ്ഞു തുടങ്ങി:**

**''എന്നാൽ ഇവിടെ കർണ്ണന്റെ അനുഭവം നോക്കൂ. ആത്മരക്ഷാചിന്തപോലും അവന്റെ ധർമ്മവ്രതാനുഷ്ഠാനത്തെ പ്രതിരോധിക്കാൻ ശക്തമാവുന്നില്ല. സ്വന്തം അമരത്വം അറിഞ്ഞുകൊണ്ടു കൈവെടിഞ്ഞും അവൻ ധർമ്മമാർഗ്ഗത്തിൽ ഉറച്ചുനിൽക്കുന്നു. ഫലമോ? ആത്യന്തികമായ നാശവും.''**

**യുധിഷ്ഠിരൻ പറഞ്ഞു:**

**''മഹർഷേ! സുകൃതിക്കു സൽക്കർമ്മംകൊണ്ടുള്ള ഫലസിദ്ധി ആത്മനാശമാണെങ്കിൽ നന്മതിന്മകളെ തരംതിരിക്കുന്ന അടിസ്ഥാനതത്ത്വമെന്താണ്? അപ്പോൾ ധർമ്മവ്യവസ്ഥിതി തന്നെ ആധാരമറ്റതാകുന്നുവല്ലോ. ഏതു കർമ്മവും ആർക്കും കഴിവുപോലെ ആചരിക്കാവുന്നതാണെന്നുള്ള നാസ്തികാവസ്ഥയ്ക്ക് അപ്പോഴുള്ള തടയെന്താണ്?''**

**നാരദൻ പറഞ്ഞു:**

"യുധിഷ്ഠിരാ, സാമാന്യത്തിന്റെ നിയമങ്ങൾകൊണ്ട് അപൂർവ്വത്തിന്റെ ചര്യകളെ നീ വിലയിരുത്താൻ ശ്രമിക്കുന്നു. ജീവിതത്തോടു മല്ലടിക്കുന്ന മനുഷ്യരുടെ ചര്യകൾക്ക് ആധാരമായ സാമാന്യ തത്ത്വങ്ങൾ കൊണ്ട്, വിധിയോടു മല്ലടിക്കുന്ന അപൂർവ്വ സൃഷ്ടികളുടെ കർമ്മങ്ങളെയും കർമ്മഫലങ്ങളെയും അളക്കാവതല്ല. അർത്ഥികൾക്കു ദാനം നിഷേധിക്കുകയില്ലെന്ന മഹാവ്രതം ദേവകൾക്കു പോലും ദുഷ്കരമായ ഒന്നാണ്. ആ മഹാവ്രതമാണ് അവന്റെ അമാനുഷികശക്തിക്കുള്ള അവലംബം. അതേ അവലംബം തന്നെയാണ് അവന്റെ നാശത്തിനുള്ള പ്രവേശനദ്വാരവും. ഇതു രണ്ടും ഒരേ സമയത്ത് ഒരേ കൈകൊണ്ട് വിധി ഒരുക്കിവയ്ക്കുന്നു! പുരുഷൻ വിധിക്കു പ്രതിയോഗിയായി മല്ലടിക്കേണ്ടി വരുമ്പോഴുള്ള ചര്യാക്രമം തികച്ചും അജ്ഞേയമാണ് യുധിഷ്ഠിരാ!"

**നാരദൻ തുടർന്നു:**

"ആരോടും വെളിവാക്കാത്തതും പതിമ്മൂന്നു വർഷം നിന്നെ നിദ്രാവിഹീനനാക്കിയതുമായ ഒരു വലിയ ഭയം വനവാസകാലത്തു നിനക്കുണ്ടായിരുന്നുവല്ലോ. അർജ്ജുനനെ ദിവ്യാസ്ത്രലാഭാർത്ഥം തപസ്സിനയച്ച് ആ ഭയത്തിനു നിവാരണം കാണാൻ നീ ശ്രമിച്ചു. എന്നാൽ നിന്റെ മനസ്സിലെ ആ ഭയം, അർജ്ജുനന്റെ പിതാവായ ഇന്ദ്രനറിഞ്ഞു. സ്വപുത്രന്റെ രക്ഷയോർത്തു നിന്നെപ്പോലെതന്നെ അവനും ഉത്കണ്ഠിതനായി. ആജന്മവിഭൂഷകളുള്ള കർണ്ണനെ ആർക്കും വധിക്കാനാവുകയില്ലെന്ന ചിന്ത കർണ്ണന്റെ മഹാപ്രതിയോഗിയുടെ പിതാവിനെഅസ്വസ്ഥനാക്കി."



ബ്രാഹ്മണർക്ക് യാതൊരു ദാനവും നിഷേധിക്കുകയില്ലെന്ന കർണ്ണന്റെ വ്രതമറിഞ്ഞ് ബ്രാഹ്മണവേഷത്തിൽ ആ കവച കുണ്ഡലങ്ങൾ കർണ്ണനോട് യാചിച്ചുവാങ്ങാൻ ദേവാധിപനായ ഇന്ദ്രൻ തീരുമാനിച്ചതും ഇന്ദ്രന്റെ ഒരുക്കമറിഞ്ഞ കർണ്ണപിതാവായ സൂര്യൻ മകനു വരുന്ന വിപത്തിൽ വ്യാകുലനായി

അവനു മുന്നറിയിപ്പു നൽകാൻ തിരിച്ചതുമായ രംഗങ്ങൾ നാരദൻ വിവരിച്ചുതുടങ്ങി.

അംഗരാജധാനിയിലെ ശയ്യാഗൃഹത്തിൽ നിദ്രാധീനനായിരുന്ന കർണ്ണന്റെ സ്വപ്നാന്ത്യത്തോടടുത്ത നിമിഷം ഉറക്കറയിൽ തേജസ്വിയായ ഒരു വിപ്രനെക്കണ്ട് അവൻ കൈ കൂപ്പി.

**കർണ്ണൻ പറഞ്ഞു:**

"മഹാത്മാവേ, രാധേയനായ കർണ്ണനിതാ നിന്നെ വണങ്ങുന്നു. നീ ആരാണ്? നിന്റെ എന്തു ഹിതമനുഷ്ഠിക്കാനുള്ള സൗഭാഗ്യമാണ് എനിക്കുള്ളത്?"

വിപ്രവേഷധാരിയായ സൂര്യഭഗവാൻ പറഞ്ഞു.

"കർണ്ണാ, നിനക്കു ഞാൻ നന്മ നേരുന്നു. ഭക്തോത്തംസമായ നിന്നോടു നേരെതന്നെ ഞാൻ പറയാം. ഞാൻ സൂര്യനാണ്. കവിഞ്ഞ ഭക്തിയോടെ നീ നിത്യവും എന്നെ ഉപാസിക്കുന്നു. അതിനാൽ നിന്നിൽ പ്രീതനായി ഞാൻ നിന്റെ മുമ്പിൽ നേരിട്ടുതന്നെ വന്നു. നിന്നോടു വെളിപ്പെടുത്താനാവാത്ത ഒരു ദേവരഹസ്യത്താൽ പ്രേരിതനായും ഞാൻ നിന്റെ മുമ്പിൽ വന്നു. നിന്നെക്കുറിച്ചുള്ള ഉത്കണ്ഠമൂലം നിനക്ക് ഹിതമുപദേശിക്കാനാണ് ഞാൻ വന്നത്; നിന്നിൽനിന്നും ദാനം കൈക്കൊള്ളാനല്ല."

**കർണ്ണൻ പറഞ്ഞു:**

"ഞാനിന്നു തികച്ചും ധന്യനായി. സൂര്യഭഗവാനിൽനിന്നും നേരിട്ടു ഞാൻ ഹിതവാക്യം കേൾക്കുന്നുവല്ലോ! ദേവാ! നിന്റെ ഏതഭിമതമാണ് ഞാൻ അനുസരിക്കേണ്ടത്?"

**സൂര്യൻ പറഞ്ഞു:**

"ഉണ്ണീ! ദാനാർത്ഥിയായ വിപ്രനുവേണ്ടി ജീവനുൾപ്പെടെ എന്തും ദാനം ചെയ്യുന്ന മഹാവ്രതിയാണ് നീ. ആ ദാനവ്രതത്തിന്റെ മറവിൽ ഒരു മഹാവിപത്ത് നിന്നെ ഗ്രസിക്കാൻ ഭാവിക്കുന്നതറിഞ്ഞ് നിനക്കു മുന്നറിവു തരാനാണ് ഞാൻ വന്നത്."

**അർജ്ജുനന്റെ രക്ഷയെക്കരുതി ഇന്ദ്രന്റെ പുറപ്പാടു വിവരിച്ചുകൊണ്ട് സൂര്യൻ തുടർന്നു:**

"ഇന്നു മദ്ധ്യാഹ്നജപസമയത്ത് നിന്റെ ആജന്മവിഭൂതികൾ യാചിച്ചു വാങ്ങാൻ ബ്രാഹ്മണന്റെ വേഷത്തിൽ ഇന്ദ്രൻ നിന്റെ അടുത്തുവരും. നിന്റെയും, നിന്നിൽ പ്രിയമുള്ളവരുടെയും ശ്രേയസ്സിനെക്കരുതി ആ ദാനാർത്ഥന നീ കൈക്കൊള്ളരുത്. ഉണ്ണീ, അമൃതോത്ഥിതരത്നങ്ങൾ കൊണ്ട് നിർമ്മിച്ചവയാണ് നിനക്കു ജന്മനായുള്ള ആ ദിവ്യവിഭൂതികൾ. കവചകുണ്ഡലങ്ങൾ അണിഞ്ഞ നീ അവധ്യനാണ്. അർജ്ജുനനുമായി ദ്വൈരഥം കാംക്ഷിക്കുന്ന നിന്റെ അമരത്വം അവസാനിപ്പിക്കാനാണ് അർജ്ജുനപിതാവായ ഇന്ദ്രൻ നിന്റെ മുമ്പിൽ വരുന്നത്. അനുനയം പറഞ്ഞും മറ്റനേകം ദാനങ്ങൾ വാഗ്ദാനം ചെയ്തും യുക്തികൾ പറഞ്ഞുകേൾപ്പിച്ചും കവചകുണ്ഡലങ്ങൾക്കായുള്ള ആ അർത്ഥനയിൽ നിന്ന് നീ ഒഴിഞ്ഞുമാറണം."

**കർണ്ണൻ പറഞ്ഞു:**

"ദേവാ, നിന്റെ പ്രീതിയാൽ ഞാൻ പരമധന്യനായി! ഇതേ പ്രീതിക്കു പാത്രമായി എന്നും വർത്തിക്കാൻ നീ എന്നെ അനുഗ്രഹിക്കേണമേ! ബ്രാഹ്മണരിൽ നിന്നുള്ള ഒരു ദാനാർത്ഥനയും നിഷേധിക്കുകയില്ലെന്നുള്ളത് നിന്റെ ഈ ഭക്തന്റെ ജീവിതവ്രതമാണ്. ജീവരക്ഷാർത്ഥം ജീവിതവ്രതം ലംഘിക്കുന്ന ഞാൻ പിന്നെ എങ്ങനെയാണ് തമോഹരനായ നിന്റെ പ്രീതിക്ക് അർഹനാകുക? യശസ്സിനെബലി കൊടുത്തും ജീവൻ രക്ഷിക്കുന്നത് ഭീരുക്കളുടെ ചര്യയല്ലേ? എന്റെ തരക്കാർക്കു ചേർന്നതാണോ ആ കർമ്മം? ജീവിക്കുന്ന മനുഷ്യൻ ദുഷ്കീർത്തിയാൽ ഹതനാവുന്നു. സത്കീർത്തി, മരിച്ച മനുഷ്യനെ ചിരംജീവിയാക്കുകയും ചെയ്യുമല്ലോ. വീരനായ മനുഷ്യനു സത്കീർത്തിയിൽ നിന്നു വേറിട്ട് വേറെ ഏത് ആയുസ്സാണുള്ളത്? പോരിൽ ജീവൻ മറന്നു ദുഷ്കരക്രിയകൾ ചെയ്തും, അഭയം യാചിക്കുന്നവർക്ക് അപകടം നിനയാതെ അഭയം നൽകിയും, ബ്രാഹ്മണ ഹിതങ്ങൾ എപ്പോഴും നിറവേറ്റിയും നിത്യമായ യശസ്സിനെകാംക്ഷിക്കുന്നവനാണ് ഞാൻ. നിന്നിൽ നിന്നും നേരിട്ടു ഹിതോപദേശം കേട്ടു പരമധന്യനായ എന്നെ, ജീവിതവ്രതങ്ങൾ പാലിക്കാൻ കൂടുതൽ ശക്തി നല്കി നീ അനുഗ്രഹിച്ചാലും."

**സൂര്യൻ പറഞ്ഞു:**

"കർണ്ണാ, എന്റെ എല്ലാ ആശിസ്സുകളും എന്നും നിനക്കുള്ളതാണ്. കേവല തത്ത്വങ്ങളുടെ പ്രഭയിൽ, പക്ഷെ, നീ സത്യങ്ങളെ വിസ്മരിക്കുന്നു. സ്വരക്ഷ ജീവികളുടെ ജീവിതമഹാധർമ്മങ്ങളിലൊന്നാണ്. മകനേ! സ്വർഗ്ഗത്തിലെ സ്ഥിരകീർത്തി മാത്രമല്ല, കീർത്തിസമ്പന്നമായ ലോകജീവിതവും പുരുഷന്റെ മഹാലക്ഷ്യങ്ങളിൽ പെടുന്നു. പ്രാണവിരോധിയായ കീർത്തിയെ യാണു നീ കാംക്ഷിക്കുന്നത്. എന്നാൽ ജീവിക്കുന്ന യശസ്വികളാണ് അച്ഛനമ്മമാർക്കും പുത്രന്മാർക്കും സുഹൃജ്ജനങ്ങൾക്കും നന്മ ചെയ്ത് ജീവിതധന്യതയനുഭവിക്കുന്നത് എന്ന സത്യം നീ മറക്കുന്നു. അവരാണു കർണ്ണാ, സൃഷ്ടിയുടെ പരമനിയോഗം നിറവേറ്റുന്ന ധന്യന്മാർ, ചത്തുചാമ്പലാവുന്ന മനുഷ്യന്, യശസ്സിനാൽ എന്തു കാര്യമാണുള്ളത്? മൃതനായ മനുഷ്യനുള്ള കീർത്തി, ജഡത്തിന്മേലണിയിക്കുന്ന മാല്യം പോലെ നിരർത്ഥമാണ്. ഭക്തനായ നിന്റെ ശ്രേയസ്സിൽ അതികാംക്ഷയാൽ ഞാൻ നിന്നോട് ഇന്നിതു പറയുന്നു. നിന്നോടു വെളിപ്പെടുത്താനരുതാത്ത മറ്റൊരു ദേവരഹസ്യത്തിന്റെ പ്രചോദനത്താലും നിന്റെ മുമ്പിൽ വന്നു നിന്ന് ഞാൻ നിന്നോടിതു പറയുന്നു. ഇന്ദ്രന്റെ അർത്ഥനയ്ക്കു വഴങ്ങി ജന്മവിഭൂതികൾ ദാനമായി കൊടുക്കാതിരിക്കുക, മകനേ, ബ്രാഹ്മണവേഷത്തിൽ വന്ന് അവൻ നിന്നോട് ചെയ്യുന്ന അർത്ഥനതന്നെയും ധർമ്മവിരുദ്ധമല്ലേ? ധർമ്മിയെ നശിപ്പിക്കാൻ അവന്റെ ധർമ്മവ്രതത്തെ ഉപയോഗപ്പെടുത്തുന്നതിൽ കവിഞ്ഞ അധർമ്മമെന്താണുള്ളത്? സ്വന്തം പ്രാണരക്ഷയെ കാംക്ഷിച്ചല്ലെങ്കിൽ പ്രിയജനഹിതത്തെക്കരുതിയെങ്കിലും നീ ഇന്ദ്രന്റെ ഈ ഉപജാപം തോൽപിച്ചയയ്ക്കൂ. "

**കർണ്ണൻ പറഞ്ഞു:**

"ദേവാ, നിന്റെ ഈ ഉത്കണ്ഠ എന്നെ വിവശനാക്കുന്നു. എന്റെ രക്ഷയിലുള്ള താത്പര്യത്താൽ മഹാതത്ത്വങ്ങളെ വലം വെച്ച് ഒഴിഞ്ഞുനിന്നാണ് എന്നോടു നീ ഹിതം ഉപദേശിക്കു

ന്നത്. ഇതുപോലുള്ള നിന്റെ വാത്സല്യത്തിനു പാത്രമായ ഞാൻ, ഒന്നല്ല, അനവധി പുരുഷാർത്ഥങ്ങൾ നേടിക്കഴിഞ്ഞവനാണ്. അങ്ങനെയുള്ള ഞാൻ, എന്നും ഞാനായിരിക്കാൻ നീ എന്നെ അനുഗ്രഹിക്കേണമേ!''

സൂര്യദേവനോടുള്ള ഭക്തിയെക്കവിഞ്ഞ വ്രതവും, അതിൽക്കൂടുതൽ ശക്തിയുള്ള ചേതോവികാരവും തനിക്കു വേറെയില്ലെന്നു വിശദമാക്കിക്കൊണ്ടും, താൻ പറയുന്ന വാക്കുകളിലെ എളിമയും ധർമ്മസങ്കടവും അലിവോടെ ഗ്രഹിക്കണമെന്നു പറഞ്ഞുകൊണ്ടും കർണ്ണൻ തുടർന്നു:

''കർണ്ണന്റെ കവചകുണ്ഡലങ്ങൾ ഇരന്നുവാങ്ങിയല്ലാതെ രക്ഷപ്പെടാവതല്ല അർജ്ജുനന്റെ ജീവനെങ്കിൽ അതിന്റെ ദുഷ്കീർത്തി അവനുള്ളതാണ്. അവനും അവന്റെ പ്രാണനുവേണ്ടി ഭിക്ഷ യാചിക്കുന്ന അവന്റെ പിതാവിനും ഉള്ളതാണ് ആ ദുഷ്കീർത്തി. ദേവാ, ഇന്ദ്രന്റെ അർത്ഥന അധാർമ്മികമായ അർത്ഥനയാണെന്നു നീ പറയുന്നു. തീർച്ചയായും അത് അകീർത്തികരമാണെന്നു മാത്രമല്ല അധാർമ്മികവുമാണ്. എന്നാൽ സ്വന്തം പ്രാണരക്ഷയുൾപ്പെട്ട സന്ദർഭത്തിൽ സ്വവ്രതം ലംഘിക്കുന്നവന്റെ കർമ്മം അക്കാരണത്താൻ വീരനു ചേർന്ന കർമ്മമാവുന്നില്ല. അതിനാൽ അതു ധർമ്മനിരതമായ കർമ്മമാകുന്നുമില്ല. ഒരുത്തന്റെ ധർമ്മച്യുതി മറ്റൊരുത്തന്റെ ധർമ്മഭ്രംശത്തിനു സാധൂകരണമാകുന്നതെങ്ങനെയാണു ദേവാ?''

**ധർമ്മതത്ത്വങ്ങൾ ഉപദേശിക്കുകയാണു താനെന്നു തെറ്റിദ്ധരിക്കരുതെന്നും ധർമ്മസങ്കടത്താൽ വിലപിക്കുകയാണു താൻ ചെയ്യുന്നതെന്നും അവൻ തുടർന്നു പറഞ്ഞു:**

''ദേവാ, ബ്രാഹ്മണാർത്ഥന നിരാകരിച്ച് കവചകുണ്ഡലങ്ങൾ സൂക്ഷിച്ചു സ്വന്തം പ്രാണരക്ഷയ്ക്കു ഞാൻ മുതിരണമെന്നു നീ പറയുന്നു. ഈ എന്നെ സ്വയം ഹനിക്കാതെ ആ അർത്ഥന നിരസിക്കാൻ എനിക്ക് എങ്ങനെയാണു കഴിയുക? അസ്തിത്വത്തിന്റെ അടിസ്ഥാനം നിഷേധിച്ചതിൽപ്പിന്നെ കർണ്ണന് എങ്ങനെയാണ് കർണ്ണനായി ജീവിക്കാൻ കഴിയുക? സ്വന്തം അസ്തിത്വം നിഷേധിച്ചു രക്ഷിച്ചെടുത്ത ശരീരവുമായി പിന്നെയും ശ്വസിച്ചു ജീവിക്കുന്ന വ്യക്തി, ആ പഴയ വ്യക്തി തന്നെയാകുമോ? ദേവാ, ഭാവിയിൽ പടനിലത്തു ശത്രുവിനാൽ വധിക്കപ്പെടുന്നതൊഴിവാക്കാൻ, ഇന്നേ കർണ്ണൻ സ്വയം ഹനിക്കുന്നത് അപഹാസ്യമല്ലേ? ബ്രാഹ്മണാർത്ഥന ഞാൻ നിഷേധിക്കുന്നതിന്റെ അർത്ഥം ഭാവിയിലെ മൃതിയെ ഭയന്നു ഞാൻ ഇന്നേ മൃതിക്കു വശപ്പെടുന്നുവെന്നാണ്. സ്വപുത്രന്റെ ശത്രുവിനെ ഉപജാപത്താൽ ശക്തിഹീനനാക്കുന്ന ഇന്ദ്രന്റെ നടപടിക്കു കർണ്ണൻ ഉത്തരവാദിയല്ല. എന്നാൽ ജീവിതാമഹാവ്രതം ലംഘിക്കുന്ന സ്വന്തം നടപടിക്ക്, ധർമ്മശാസ്ത്രത്തിന്റെ മുൻപിലല്ലെങ്കിൽ സ്വന്തം അന്തഃകരണത്തിന്റെ മുമ്പിൽ, കർണ്ണൻ കൈയോടെ സമാധാനം പറയേണ്ടിവരും. ആ ധർമ്മലംഘനത്തിനു ശേഷം ജീവിക്കുന്ന കർണ്ണൻ ഇന്നു നിന്നിൽനിന്നും ഹിതം കേൾക്കുന്ന കർണ്ണനായിരിക്കുകയില്ല. ദേവാ, ഞാനിതാ നിന്നെ പ്രണാമം ചെയ്യുന്നു. ഞാനായി ജീവിക്കാൻ നീയെന്നെ അനുഗ്രഹിക്കേണമേ!''

സാഷ്ടാംഗപ്രണാമം ചെയ്തു ചലനമറ്റു കിടക്കുന്ന കർണ്ണന്റെ ദീർഘമായ രൂപം ദു:ഖിതനായി സൂര്യൻ നോക്കിനിന്നു. അഭിമാനത്തിന്റെ തെളിച്ചത്താൽ അവന്റെ മുഖത്തെ കാളിമ ക്രമേണ മാഞ്ഞു. പ്രണമിച്ചുകിടക്കുന്ന ശിരസ്സിനുമേലേ കൈയുയർത്തി ആശീർവദിച്ചുകൊണ്ടു സൂര്യൻ പറഞ്ഞു:

"ഉണ്ണീ, നിനക്കു നന്മ ഭവിക്കട്ടെ. നീ തന്നെയായി വർത്തിക്കാൻ, നിനക്ക് എപ്പോഴും കഴിയുമാറാകട്ടെ. എഴുന്നേൽക്കൂ! ഞാനിതാ തോറ്റു പിന്മാറുന്നു."

**സൂര്യന്റെ മുഖത്തു വിഷാദത്തിന്റെ നിഴൽപ്പാടു കണ്ട് കർണ്ണൻ പറഞ്ഞു:**

"ദേവാ, കർണ്ണന്റെ ജീവിതത്തെ ഇന്നു നീ തികച്ചും ധന്യമാക്കി. പ്രീതിയും ഉത്ക്കണ്ഠയും നിറഞ്ഞ നിന്റെ സംരക്ഷയുള്ള കർണ്ണനെ ജീവിതത്തിൽ എന്ത് അമംഗളമാണു നേരിടുക? അവനെന്തു വിപത്തു സംഭവിക്കാനാണ്? ഭഗവാനേ, എന്റെ ഈ വാക്കുകൾ കൂടി നീ ഉൾക്കൊള്ളേണമേ! എന്റെ പ്രാണനെപ്രതി നിനക്കുള്ള ഉത്ക്കണ്ഠ ഞാനറിയുന്നു. ആ ഉത്ക്കണ്ഠ നിരാലംബമാണ്.

പരശുരാമശിഷ്യനായ കർണ്ണൻ സ്വന്തം ബലത്താലും ശിക്ഷണവൈഭവത്താലും വീര്യത്താലും അർജ്ജുനനെജയിക്കാൻ പോന്ന വില്ലാളിയാണ്. കൈയിൽ ധനുസ്സേന്തിയ കർണ്ണൻ, ആർക്കും പടയിൽ വീഴ്ത്താനാവാത്ത ബലശാലിയാണെന്ന് ഉറച്ചു വിശ്വസിച്ചുകൊണ്ട് പോയാലും." ഉറക്കമുണർന്ന കർണ്ണന് താൻ കണ്ടതു സത്യമാണോ സ്വപ്നമാണോ എന്നു സന്ദേഹമുണ്ടായി. മദ്ധ്യാഹ്നജപസമയത്ത് അവൻ സൂര്യദേവനോട് നടന്നതെല്ലാം വിവരിച്ചു. അപ്പോൾ സൂര്യബിംബത്തിൽ നിന്ന് അശരീരി ഉണ്ടായി:

"കർണ്ണാ, നീ കണ്ടതൊക്കെ സത്യമാണ്. സ്വജനശ്രേയസ്സു കരുതിയെങ്കിലും നീ നിന്റെ പ്രാണരക്ഷയിൽ ശ്രദ്ധ വയ്ക്കൂ."

മദ്ധ്യാഹ്നജപത്തിലമർന്ന കർണ്ണൻ ജപം നിർത്തി പിൻതിരിയുമ്പോൾ പിന്നിൽ നിൽക്കുന്ന ബ്രാഹ്മണനെകണ്ട് മനസാ ചിരിച്ചു. താണുവണങ്ങി ഹിതമെന്തെന്നു തിരക്കിയ അവനോട് തനിക്കുവേണ്ട ദാനമെന്തെന്ന് ബ്രാഹ്മണൻ വിവരിച്ചു:

"ബ്രാഹ്മണന്മാരുടെ യാതൊരർത്ഥനയും നിരസിക്കാത്ത മഹാധർമ്മിയാണു നീയെന്നു ലോകം പറയുന്നു. നിന്റെ വിഭൂഷകളായ കവചകുണ്ഡലങ്ങൾ എനിക്കു ദാനമായി നൽകി നിന്റെ യശസ്സിനു ശോഭ വർദ്ധിപ്പിച്ചാലും!"

**കർണ്ണൻ പറഞ്ഞു:**

"വിപ്രസത്തമാ, എന്റെ കീർത്തിയെപ്പറ്റി നിന്നിൽനിന്നറിഞ്ഞ ഞാൻ ധന്യനാണ്. ബ്രാഹ്മണൻ മനസ്സുവയ്ക്കുന്ന ദാനം ഞാൻ നിഷേധിക്കുകയില്ല. കാതിലെ ചർമ്മത്തോടു ചേർന്ന കുണ്ഡലവും മാറിലെ ചർമ്മത്തിന്റെ ഭാഗമായ കവചവും എനിക്കുള്ള ജന്മവിഭൂഷക

ളാണ്. അവ ശരീരത്തിലുള്ളപ്പോൾ എന്നെ ആർക്കും വധിക്കാനാവാത്തതിനാൽ ഒരർത്ഥ ത്തിൽ അവ എന്റെ പ്രാണനാണ്. എന്റെ കാതിലെ ഈ കുണ്ഡലത്തെക്കാൾ അമൂല്യമായ നൂറുകുണ്ഡലങ്ങൾ ഞാൻ നിനക്കു തരാം. എന്റെ മാറിലെ ചട്ടയെക്കാൾ അമൂല്യമായ നൂറു സുവർണ്ണ ചട്ടകളും ഞാൻ നിനക്കു തരാം. നിന്നെ കൂടുതൽ പ്രീതനാക്കുന്ന ഈ ദാനങ്ങളും, പിന്നെ നിനക്കു ദാനമായി വേണ്ട സമ്പത്തുകളെന്തും ഞാൻ നൽകാം. എന്റെ ജന്മവിഭൂഷക ളുടെ വില അവയോടു തട്ടിച്ചാൽ എത്ര തുച്ഛമാണ്! പക്ഷേ, എനിക്കതു പ്രാണനായിരിക്കു കയും ചെയ്യുന്നു. മഹാത്മാവായ നീ എന്നിൽനിന്നു വിലപ്പെട്ട ദാനങ്ങൾ സ്വീകരിച്ച് എന്നെ ആശീർവദിച്ചാലും.''

കർണ്ണന്റെ വാക്കുകേട്ട് അപ്രീതി ഭാവിച്ചുകൊണ്ട് ഇന്ദ്രൻ പറഞ്ഞു.

''ദാനശീലത്തിലുള്ള നിന്റെ യശസ്സു കേട്ടു ഞാൻ വന്നു. നൂറു കുണ്ഡലങ്ങളും കവച ങ്ങളും എനിക്കാവശ്യമില്ല. നിന്റെ ജന്മവിഭൂതികളായ കവചകുണ്ഡലങ്ങൾക്കായി ഞാൻ വന്നു. അതിനായി ഞാനിതാ നിന്നോട് യാചിക്കുന്നു. ബ്രാഹ്മണന്റെ ഈ അർത്ഥനയ്ക്കു നീ എന്തു പറയുന്നുവെന്നാണ് എനിക്കറിയേണ്ടത്.''

**മന്ദഹാസത്താൽ ദീപ്തമായ മുഖത്തോടെ കർണ്ണൻ പറഞ്ഞു:**

''ദേവാധിപാ, രാധേയനായ കർണ്ണൻ നിന്നെ വണങ്ങുന്നു. ഭക്തനായ എന്നെ നീ എന്തി നാണിങ്ങനെ പരീക്ഷിക്കാൻ മുതിരുന്നത്? നിന്റെ പുത്രനായ അർജ്ജുനന്റെ രക്ഷയ്ക്കായി കർണ്ണന്റെ ജന്മരക്ഷകൾ അവനിൽ നിന്നും കളയാൻ നീ ആഗ്രഹിക്കുന്നു. അഭിനയം കൂടാതെ തന്നെ ഞാൻ – നിന്റെ ഈ ഭക്തൻ – നിനക്ക് അവ തരുമായിരുന്നല്ലോ! ദേവാധിപാ, ഇതാ എന്റെ കവചകുണ്ഡലങ്ങൾ നിന്റേതാണ്. കർണ്ണൻ മരണത്തെ ഭയപ്പടുന്നവനല്ല. അവൻ ദുര്യശ സ്സിനെഭയപ്പെടുന്നു. പുത്രന്റെ മരണത്തെ ഭയപ്പെടുകയും അവനുള്ള ദുര്യശസ്സിനെഭയപ്പെടാ തിരിക്കുകയും ചെയ്യുന്ന നിനക്കായി ഞാനിതാ ഈ ജന്മവിഭൂഷകൾ ദാനം ചെയ്യുന്നു.''

**ലജ്ജിതനായി തല താഴ്ത്തിയ ഇന്ദ്രൻ, ക്രുദ്ധനായി സൂര്യബിംബത്തെ ഉറ്റു നോക്കാനായി ട്ടാണ് അതുയർത്തിയത്. സൂര്യനെ രോഷത്തോടെ നോക്കിയ ശേഷം ഇന്ദ്രൻ പറഞ്ഞു:**

''കർണ്ണാ, നിന്റെ മുൻപിൽ ഞാനിതാ ലജ്ജിതനായി തല കുനിക്കുന്നു. എന്നെ ഇങ്ങനെ ലജ്ജിതനാക്കിയ ആ സൂര്യന്റെ നേരേ പോലും എനിക്കിപ്പോൾ രോഷമില്ല. നിന്നെപ്പോലൊരു മഹാവ്രതിയുടെ മുമ്പിലാണല്ലോ ഞാൻ തല കുനിച്ചത്. നീ എനിക്കു നൽകുന്ന ദാനത്തിനു പകരമായി എന്തെങ്കിലും വരം നീ എന്നിൽ നിന്നു കൈക്കൊള്ളണമെന്നും ഞാൻ ആഗ്രഹിക്കുന്നു.''

**കർണ്ണൻ പറഞ്ഞു:**

''നിന്റെ ഹിതം നിറവേറ്റാൻ അവസരം തന്നതുതന്നെ നീ എനിക്കു നൽകിയ വരമാണ്. കൂടുതലായി എന്തു വരമാണ് എനിക്കു വേണ്ടത്? എന്നാൽ നിന്നോട് എനിക്കൊരർത്ഥനയു

ണ്ട്. കവചകുണ്ഡലങ്ങൾ ശരീരത്തിൽ നിന്ന് അറുത്തുവേർപെടുത്തുമ്പോഴുള്ള വടുക്കളാൽ എനിക്കു വൈരൂപ്യം സംഭവിക്കാതിരിക്കാൻ എന്നെ അനുഗ്രഹിക്കണം.''

**ഇന്ദ്രൻ പറഞ്ഞു:**

''കർണ്ണാ, ചർമ്മം അറുത്തു വേർപെടുത്തിയതിനുമേൽ നിന്റെ ശരീരത്തിൽ വടുക്കളൊന്നുമുണ്ടാവുകയില്ല. നിന്റെ ശരീരം അനന്തരം കൂടുതൽ പ്രോജ്ജ്വലത്തായ സുവർണ്ണ ശോഭ നേടും.''

ഇന്ദ്രന്റെ ആശിസ്സോടെ കർണ്ണൻ കരവാൾ കൈക്കൊണ്ടു. കാതിൽനിന്ന് കുണ്ഡലങ്ങൾ അവൻ അറുത്തെടുത്തു. മാർത്തട്ടിലെ ചർമ്മം മുഖത്തൊരു ഭാവഭേദവും കൂടാതെ അവൻ കവചത്തോടൊപ്പം അറുത്തുവേർപെടുത്തി. ചോരയിൽ കുതിർന്ന ആ വിഭൂതികൾ ഇന്ദ്രന്റെ കൈകളിൽ അവൻ നിക്ഷേപിച്ചു.

കൈയിലേന്തിയ കരവാൾ കൊണ്ടു സ്വന്തം ശരീരത്തിലെ ചർമ്മം ഭാവഭേദം കൂടാതെ ഉരിഞ്ഞു വേർപെടുത്തുന്ന കർണ്ണന്റെ രൂപം കണ്ടെന്നപോലെ, ഭീതമായ മിഴികളുമായി യുധിഷ്ഠിരൻ ഇരുന്നു. കൊടും ശത്രുവായ കർണ്ണന്റെ ദിവ്യരക്ഷകൾ പോയ വിവരം വനത്തിൽ വച്ച് ബ്രാഹ്മണർ പറഞ്ഞറിഞ്ഞപ്പോഴുണ്ടായ രംഗം അവന്റെ ഓർമ്മയിൽ വന്നു. പുനർജ്ജന്മമുണ്ടായതുപോലെ താൻ അന്ന് മതിമറന്നാഹ്ലാദിച്ചു. ഭീമസേനൻ സന്തോഷത്താൽ തുള്ളിച്ചാടുകയായിരുന്നു. കർണ്ണന്റെ തുടയിൽ തുളച്ചുകയറിയ കീടം പോലെ പാപബോധം യുധിഷ്ഠിരന്റെ ഹൃദയത്തിൽ തുളച്ചിറങ്ങി. നിശ്ചഞ്ചലനായിരിക്കാൻ പക്ഷേ, അവനു കഴിഞ്ഞില്ല. ഹൃദയവേദനയാൽ പിടഞ്ഞ്, മുഖം കൈകളിലമർത്തി, മഹർഷിയുടെ സാന്നിദ്ധ്യം പോലും മറന്ന് അവൻ വിലപിച്ചു.

''ഞാൻ ഭ്രാതൃഹന്താവാണ്. മഹാത്മാവായ ജ്യേഷ്ഠനെ വധിച്ച ഭ്രാതൃഹന്താവിന് ഇഹത്തിലും പരത്തിലും ഇനി എന്താണു ഗതി?''

## അഭ്യാസം

### I. പദപരിചയം :

വിഭൂഷ, കവചം, കുണ്ഡലം, വധ്യൻ, അമരത്വം, സുകൃതി, നാസ്തികം, പ്രതിയോഗി, അജ്ഞേയം, നിദ്രാവിഹീനൻ, നിവാരണം, ശയ്യാഗൃഹം, വിപ്രൻ, ഭക്തോത്തംസം, പ്രീതൻ, ദാനാർത്ഥി, മഹാവ്രതി, വിഭൂതി, അമൃതോത്ഥിതം, അർത്ഥന, തമോഹരൻ, ഹതൻ, ഉപജാപം, ഹിതം, വിപ്രസത്തമൻ, ദുര്യശസ്സ്, ക്രൂദ്ധൻ, പ്രോജ്ജ്വലം, ഭ്രാതൃഹന്താവ്

### II. വിപരീതപദമെഴുതുക :

ധർമ്മം, സൽക്കർമ്മം, നാസ്തികം, അജ്ഞേയം, യുക്തി, നിത്യം, ഹിതം, രക്ഷ

### III. വാക്യത്തിൽ പ്രയോഗിക്കുക :

1. മല്ലടിക്കുക, അവലംബം, പ്രചോദനം, അധാർമ്മികം

## IV. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക :

1. ധർമ്മപുത്രരെ പതിമ്മൂന്നു വർഷം നിദ്രാവിഹീനനാക്കിയ ഭയമെന്തായിരുന്നു?
2. മകന്റെ രക്ഷയ്ക്കായി ഇന്ദ്രൻ എന്തു ചെയ്യാനാണ് തീരുമാനിച്ചത്?
3. കർണ്ണന്റെ ജീവിതവ്രതമെന്ത്?
4. പ്രണമിച്ചു കിടന്ന കർണ്ണനെ സൂര്യൻ ആശീർവദിച്ചതെങ്ങനെ?
5. സൂര്യബിംബത്തിൽ നിന്നുണ്ടായ അശരീരിയെന്തായിരുന്നു.?
6. ലജ്ജിതനായ ഇന്ദ്രൻ കർണ്ണനോട് പറഞ്ഞതെന്തായിരുന്നു?
7. ഇന്ദ്രനോടുള്ള കർണ്ണന്റെ അർത്ഥനയെന്തായിരുന്നു?

## V. ഖണ്ഡികയിൽ ഉത്തരമെഴുതുക :

1. നന്മതിന്മകളെ തരം തിരിക്കുന്ന അടിസ്ഥാനതത്ത്വമെന്തെന്നുള്ള യുധിഷ്ഠിരന്റെ ചോദ്യത്തിന് നാരദൻ നല്കിയ മറുപടി എന്തായിരുന്നു?
2. ഇന്ദ്രന്റെ അർത്ഥന നിരസിക്കാനാവശ്യപ്പെട്ട സൂര്യന് കർണ്ണൻ നൽകിയ മറുപടിയെന്തായിരുന്നു?
3. പ്രാണവിരോധിയായ കീർത്തിയെ കാംക്ഷിക്കുന്ന കർണ്ണന് സൂര്യൻ നല്കുന്ന ഉപദേശമെന്ത്?
4. 'ഒരുത്തന്റെ ധർമ്മച്യുതി മറ്റൊരുത്തന്റെ ധർമ്മഭ്രംശത്തിനു സാധൂകരണമാകുന്നതെങ്ങനെയാണു ദേവാ?' – ഇപ്രകാരം കർണ്ണൻ സൂര്യനോട് ചോദിക്കുന്നതെന്തു കൊണ്ട്?
5. കർണ്ണൻ എങ്ങനെയാണ് ഇന്ദ്രനെ ലജ്ജിതനാക്കിയത്?
6. യുധിഷ്ഠിരന്റെ ഹൃദയത്തിൽ തുളച്ചിറങ്ങിയ പാപബോധത്തെ നോവലിസ്റ്റ് വരച്ചുകാണിക്കുന്നതെങ്ങിനെ?

## VI. ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക :

ജീവൻ ബലി കൊടുത്തും യശസ്സ് നേടാൻ കൊതിക്കുന്ന കർണ്ണനെന്ന ഇതിഹാസപാത്രത്തെ നോവലിസ്റ്റ് അവതരിപ്പിക്കുന്നതെങ്ങനെയെന്ന് എഴുതുക.

കഥ

# കടൽത്തീരത്ത്

**ഒ.വി.വിജയൻ**



**[ഒ.വി.വിജയൻ:** 1931–ൽ പാലക്കാട് ജനിച്ചു. മദ്രാസ് പ്രസിഡൻസി കോളേജിൽ നിന്ന് ഇംഗ്ലീഷിൽ എം.എ. ജയിച്ച ശേഷം കോളേജ് അദ്ധ്യാപകനായി. പിന്നീട് ശങ്കേഴ്സ് വീക്കിലിയിലും പേട്രിയറ്റ് ദിനപത്രത്തിലും ജോലി ചെയ്തു. നോവലിസ്റ്റ്, ചെറുകഥാകൃത്ത്, കാർട്ടൂണിസ്റ്റ്, രാഷ്ട്രീയ ചിന്തകൻ, പത്രപ്രവർത്തകൻ, എന്നീ നിലകളിൽ പ്രശസ്തനായ ഒ.വി വിജയൻ ദാർശനികസ്വഭാവമുള്ള രചനകളിലൂടെ മലയാളത്തിലും ഇംഗ്ലീഷിലും സുപ്രതിഷ്ഠ നേടി. ആധുനിക ഭാവുകത്വം രൂപപ്പെടുത്തുന്നതിൽ നിർണായകമായ പങ്കു വഹിച്ച ഇദ്ദേഹത്തിന്റെ ആദ്യ നോവലായ ഖസാക്കിന്റെ ഇതിഹാസം മലയാള നോവലിന്റെ ചരിത്രത്തിലെ നാഴികക്കല്ലുകളിലൊന്നായി പരിഗണിക്കപ്പെടുന്നു. ധർമപുരാണം, ഗുരുസാഗരം, മധുരം ഗായതി, പ്രവാചകന്റെ വഴി, തലമുറകൾ തുടങ്ങിയവയാണ് മറ്റു നോവലുകൾ. വിജയന്റെ കഥകൾ, ഒരു നീണ്ട രാത്രിയുടെ ഓർമയ്ക്കായി, അശാന്തി, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, പൂതപ്രബന്ധവും മറ്റ് കഥകളും, കുറെ കഥാബീജങ്ങൾ (കഥാസമാഹാരങ്ങൾ), ഘോഷയാത്രയിൽ തനിയെ, ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ, സന്ദേഹിയുടെ സംവാദം, ഇതിഹാസത്തിന്റെ ഇതിഹാസം, എന്റെ ചരിത്രാന്വേഷണ പരീക്ഷകൾ (ലേഖനങ്ങൾ) തുടങ്ങിയവയാണ് പ്രധാനകൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ് എന്നീ അംഗീകാരങ്ങൾ നേടിയിട്ടുണ്ട്. 2005 മാർച്ച് 30ന് അന്തരിച്ചു.]

വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽനിന്നു കൂട്ടനിലവിളി ഉയർന്നു. അപ്പുറത്ത് അമ്മിണിയുടെ വീട്ടിലും അതിനുമപ്പുറത്ത് മുത്തുരാവുത്തന്റെ വീട്ടിലും ആളുകൾ ശ്രദ്ധാലുക്കളായി, വിഷാദവാന്മാരായി. ആ വീടുകൾക്കുമപ്പുറത്ത് പാഴൂതറയിലെ അമ്പതിൽ ചില്വാനം കുടികളിലത്രയും ഈ വിഷാദവും സഹാനുഭൂതിയും നിറഞ്ഞു. വെള്ളായിയപ്പൻ കണ്ണൂരിലേക്കു പോകുകയാണ്. വെള്ളായിയപ്പന്റെ കൂടെ തീവണ്ടി കയറാൻ പണമുണ്ടായിരുന്നെങ്കിൽ അമ്മിണിയേടത്തിയും മുത്തുവണ്ണനും നാകേലച്ചനും കോമ്പിപ്പൂശാരിയും പിന്നെ പാഴൂതറയിലുള്ളവരത്രയും തന്നെ കണ്ണൂരിലേക്കു പോകുമായിരുന്നു. കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര പാഴൂതറ എന്ന ഗ്രാമത്തിനുവേണ്ടിയായിരുന്നു. വെള്ളായിയപ്പൻ കുടിയിരുപ്പുകൾ വിട്ട് നെടുവരമ്പത്തൂടെ പാടം മുറിച്ചു നടന്നു. പിന്നിൽ നിലവിളി അകന്നു ശമിച്ചു. ഇപ്പോൾ നെടുവരമ്പു വിട്ട് വെള്ളായിയപ്പൻ പറമ്പിലേക്കു കയറി. പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദു:ഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു.

“ദൈവങ്ങളേ, തമ്പിരാക്കന്മാരേ,” വെള്ളായിയപ്പൻ വിളിച്ചു. ചവിട്ടടിപ്പാതയ്ക്കിരുവശവും നിന്ന കരിമ്പനകളിൽ കാറ്റു പിടിച്ചു. പട്ടകളിൽ കാറ്റിരമ്പുന്നത് വെള്ളായിയപ്പന് അന്നാദ്യമായി അപരിചിതമായിത്തോന്നി. പനമ്പട്ടകൾ സംസാരിക്കുന്നതുപോലെ. പനമ്പട്ടകളിൽ



ഊട്ടുദൈവങ്ങളും കാരണവന്മാരും സംസാരിക്കുന്നതുപോലെ തുവർത്തിൽ കെട്ടിയ പൊതിച്ചോറിന്റെ കഞ്ഞിനനവ് കൈയിൽ തട്ടി. തന്റെ കോടച്ചി ഈ ചോറു പൊതി കെട്ടുമ്പോൾ അതിലേക്ക് ഒരുപാടു കണ്ണുനീർ വീഴ്ത്തിയിരിക്കണം. കണ്ണുനീരിന്റെ ഓതം തോർത്തിന്റെ കെട്ടിലൂടെ കുതിർന്നുപിടിക്കുന്നു. തീവണ്ടിയാപ്പീസെത്താൻ ഇനിയും നാലു കല്ലു നടക്കണം. കുറച്ചു നടന്നപ്പോൾ കുട്ട്യസ്സൻമാപ്പിള എതിരെ വരുന്നു. കുട്ട്യസ്സൻ മാപ്പിള ആദരവോടെ വഴിമാറി നിന്നു.

"വെള്ളായിയേ," മാപ്പിള പറഞ്ഞു.

"മരയ്ക്കാറേ," വെള്ളായിയപ്പൻ പ്രതിവചിച്ചു.

അത്രമാത്രം. രണ്ടു വാക്കുകൾ, പേരുകൾ. എന്നാൽ, ആവാക്കുകളിൽ ദീർഘങ്ങളും സമ്പന്നങ്ങളുമായ സംഭാഷണ പരമ്പരകൾ അടങ്ങിയത് വെള്ളായിയപ്പനും കുട്ട്യസ്സൻ മാപ്പിളയും അറിഞ്ഞു. മരയ്ക്കാരേ, നിങ്ങൾക്കു ഞാൻ പതിനഞ്ചു റുപ്പിക കടം വീട്ടാനുണ്ട്. അല്ല, പതിനഞ്ചു റുപ്പികയും നാലണയും.

വെള്ളായി ഈ യാത്രയിൽ അതിനെക്കുറിച്ച് ഓർക്കരുത്.

മരയ്ക്കാരേ, ഇനിയൊരിക്കലും എനിക്കത് വീട്ടാൻ കഴിഞ്ഞെന്നു വരില്ല.

വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അത് അങ്ങനെതന്നെയിരിക്കട്ടെ.

എന്റെ ഉള്ളു പൊട്ടുന്നു, എന്റെ പ്രാണൻ പറിയുന്നു.

പടച്ചവൻ തുണയ്ക്കട്ടെ, മുത്തുനബി തുണയ്ക്കട്ടെ, നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ.

കരിമ്പനപ്പട്ടകളിലെ കാറ്റ് ദൈവസാന്ദ്രമായി. കുട്ട്യസ്സൻ മാപ്പിളയെ വിട്ടുകൊണ്ട് വെള്ളായിയപ്പൻ യാത്ര തുടർന്നു. ഇനിയും നാലു കല്ലു നടക്കണം. വഴിയിൽ പിന്നെയും ഒരഭിമുഖം, നീലിമണ്ണാത്തി. അലക്കിയ തുണികളുടെ കെട്ട് ചുമലിൽ ഞാത്തി എതിരേ വന്ന നീലി വഴി മാറി നിന്നു.

"വെള്ളായിച്ചോ," അവൾ പറഞ്ഞു. അത്രമാത്രം.

"നീലിയേ," വെള്ളായിയപ്പൻ പറഞ്ഞു. അത്രമാത്രം.

രണ്ടു വാക്കുകൾ മാത്രം.  രണ്ടു വാക്കുകൾക്കിടയ്ക്കു സാന്ത്വനത്തിന്റെ നിറവ്. വെള്ളായിയപ്പൻ നടന്നു.

ചവിട്ടടിപ്പാത വെട്ടുവഴിയിൽ ചേർന്നു.  വെള്ളായിയപ്പൻ വെട്ടുവഴിയിലൂടെ നടന്നു. വെട്ടുവഴി പുഴയിലേക്കിറങ്ങി.  പുഴ കടന്നു മേടു കയറിയാൽ പിന്നെ തീവണ്ടിയാപ്പീസിലേക്കുള്ള വഴിയാണ്. പുഴമണലിൽനിന്ന് വെള്ളായിയപ്പൻ പുഴവെള്ളത്തിലേക്കിറങ്ങി.  കാൽവണ്ണയെ തഴുകിക്കൊണ്ട്, പരൽമീനുകളെ പേറിക്കൊണ്ട് പുഴ ഒഴുകി.  പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി.  അപ്പന്റെ ശവത്തെ കുളിപ്പിച്ചത്, മകനെ അവന്റെ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചത്.  ഇളംചൂടുള്ള വെള്ളം, അതൊക്കെയും ഓർമിപ്പിച്ചു.  പുഴ കടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു.

തീവണ്ടിയാപ്പീസിലെത്തിയ വെള്ളായിയപ്പൻ ചീട്ടു വാങ്ങുന്നേടത്ത് വരിയിൽ നിന്നു. ഉടുമുണ്ടിന്റെ കോന്തലയഴിച്ചു പണം പുറത്തേക്കെടുത്തു.

"കണ്ണൂര്," വെള്ളായിയപ്പൻ പറഞ്ഞു.  ഗുമസ്തൻ ചീട്ടെടുത്ത് അച്ചു കുത്തി ജനാലയിലൂടെ പുറത്തേക്കിട്ടപ്പോൾ യാത്രയിൽ ഒരു ഘട്ടം താണ്ടിയതുപോലെ വെള്ളായിയപ്പനു തോന്നി.  ചീട്ടിനെ മുണ്ടിന്റെ കോന്തലയിൽ കെട്ടി വെള്ളായിയപ്പൻ പടവുകയറി പ്ലാറ്റ്ഫോറത്തിലെത്തി ബഞ്ചിൽ വണ്ടിക്കായി കാത്തിരുന്നു.  അകലെ സൂര്യൻ താഴുന്നു.  ഇരുണ്ടുതുടങ്ങുന്ന കരിമ്പനകൾക്കു മുകളിലൂടെ പക്ഷികൾ പറന്നു കൂടുപറ്റുന്നു.  മുണ്ടകപ്പാടത്തിന്റെ വരമ്പത്തു തന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അത്ഭുതപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർത്തു.  അസ്തമയത്തിലൂടെ പാടത്തേക്ക് ഇറങ്ങി നടക്കുന്ന സ്വന്തം അപ്പനെ ഓർത്തു.  രണ്ടു ചിത്രങ്ങൾ, അവയ്ക്കിടയിൽ രണ്ടു പേരുകൾക്കിടയിലെന്നപോലെ, രണ്ടു വാക്കുകൾക്കിടയിലെന്നപോലെ. എന്തിന്റെയൊക്കെയോ നിറവ്.  ബഞ്ചിൽ ബാക്കിയുണ്ടായിരുന്ന സ്ഥലത്തുവന്ന് ഇരുപ്പുറപ്പിച്ച ഒരു കാരണവർ ചോദിച്ചു:

"കോയമ്പത്തൂർക്കോ?"
"കണ്ണൂർക്ക്."  വെള്ളായിയപ്പൻ പറഞ്ഞു.
"നാന് കോയമ്പത്തൂർക്കാണ്."
"ഓ."
"കണ്ണൂര് എന്താ പണി?"
"വിചേഴിച്ച് ഒന്നുവില്ല."
"വെറുതെ പുഗ്ഗാണ്?"

അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകി.  പാഴുതറയുടെ നെടുവരമ്പു കടന്നാൽ ലോകം മുഴുവൻ അപരിചിതരാണ്.  അപരിചിതരുടെ താത്പര്യരഹിതമായ സംഭാഷണം എണ്ണമറ്റ കൊലക്കയറുകളായി. കോയമ്പത്തൂരിലേക്കുള്ള വണ്ടി നേരത്തേ വരികയാൽ ബഞ്ചിൽ സമീപത്തിരുന്ന കാരണവർ

എഴുന്നേറ്റുപോയി. വെള്ളായിയപ്പൻ തനിച്ചായി. ചോറുപൊതി അഴിക്കാൻ തോന്നിയില്ല. തുവർത്തിലൂടെ പുറത്തേക്കു കുതിർന്ന അതിന്റെ നനവിൽ കൈ വെച്ചുകൊണ്ട് വെള്ളായിയപ്പൻ ഇരുന്നു. അങ്ങനെ ഇരുന്ന് ഉറങ്ങി. ഉറക്കത്തിൽ കിനാവു കണ്ടു. കിനാവിൽ വെള്ളായിയപ്പൻ പറഞ്ഞു, 'കണ്ടുണ്ണിയേ, മകനേ.'

തീവണ്ടിയുടെ ചീറ്റലും നടുക്കവും വെള്ളായിയപ്പനെ ഉണർത്തി. വെള്ളായിയപ്പൻ തട്ടിപ്പിടഞ്ഞ് എഴുന്നേറ്റു. മുണ്ടിന്റെ കോന്തലയിലെ ചീട്ട് അവിടെത്തന്നെയുണ്ടോ എന്നു നോക്കി നിജം വരിത്തി. പതുക്കെ വണ്ടിയിലേക്കു നടന്നു. ഒഴിവ് കണ്ടിടത്തു കേറാൻ തുടങ്ങി.

"ഇത് ഒന്നാം ക്ലാസ്സാണ്, കാർന്നോരേ."
"തന്നെ?"
അപ്പുറത്തെ പെട്ടിയിൽ.
"റിസർവ്ഡ് ആണ്."
"തന്നെ?"
"അപ്പുറത്തു നോക്കിക്കോളൂ, കാർന്നോരേ."
അപരിചിതരുടെ സ്വരങ്ങൾ.

ഒടുവിൽ ഒരു പെട്ടിയിൽ കയറിക്കൂടി. ഇരിക്കാനിടമില്ല. പിടിച്ചുനിൽക്കാം. ഞാൻ നിന്നുകൊള്ളാം. എനിക്കുറങ്ങേണ്ട. ഈ രാത്രിയിൽ എന്റെ മകൻ ഇറക്കമിളയ്ക്കുന്നു. തീവണ്ടിയുടെ താളം, നിലം മാറുന്നതനുസരിച്ച് അതിന്റെ താളഭേദം. വഴിവിളക്കുകൾ, പുഴമണൽത്തിട്ടകൾ, മരങ്ങൾ. വളരെ മുമ്പൊരിക്കലാണ് തീവണ്ടിയിൽ സഞ്ചരിച്ചിട്ടുള്ളത്. പകലിന്റെ വെളിച്ചത്തിൽ. ഇതു രാത്രിവണ്ടിയാണ്. മങ്ങിയ ചിത്രങ്ങൾ പതിച്ച ചുവരുകളുള്ള ഒരു തുരങ്കത്തിലൂടെ അതു പായുന്നു.

കണ്ണൂരെത്തിയപ്പോൾ നേരം പുലർന്നിട്ടില്ല. അപ്പോഴും കെട്ടഴിക്കാതെ പൊതിച്ചോറ് കൈയിലിരുന്നു. ഗെയ്റ്റിൽ ചീട്ടുതിരിച്ചുകൊടുത്തുകൊണ്ട് വെള്ളായിയപ്പൻ പുറത്തു കടന്നു. ആകാശത്തിന്റെ ഇരുട്ടിൽ അകലെയെവിടെയോ വിടരുന്ന പുലരിയുടെ സൂചന. തീവണ്ടിയാപ്പീസിന്റെ മുറ്റത്തു കൂട്ടം തട്ടിനിന്ന കുതിരവണ്ടിക്കാർ വണ്ടി വേണോ എന്ന് വെള്ളായിയപ്പനോടു ചോദിച്ചില്ല. വെള്ളായിയപ്പൻ ചോദിച്ചു: "ജയിലിലിക്ക് ഏതിയാണ് വഷി?"

ആരോ ചിരിച്ചു. ഇതാ ഒരു കിഴവൻ നേരം പുലരുന്നതിനുമുമ്പു ജയിലിലേക്കുള്ള വഴി തേടുന്നു. വീണ്ടും ആരോ ചിരിച്ചു: കാരണവരേ, കട്ടാൽ മതി, ജയിലിലെത്തിച്ചേരാം. അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനുചുറ്റും പിരിഞ്ഞുമുറുകി. വെള്ളായിയപ്പനു ശ്വാസം മുട്ടി.

അവസാനം ആരോ വഴി പറഞ്ഞുകൊടുത്തു. വെള്ളായിയപ്പൻ നടന്നു. കാക്കക്കരച്ചിലോടെ മുകളിൽ പതുക്കെ ആകാശങ്ങൾ തെളിഞ്ഞു. ജയിലിന്റെ പടിക്കൽ പാറാവുകാരൻ

വെള്ളായിയപ്പനെതടഞ്ഞു.“എങ്ങോട്ടാ ഈ രാവിലെ?”ഒരു കുട്ടിയുടെ നിസ്സഹായതയോടെ അയാൾ പാറാവുകാരന്റെ മുമ്പിൽ നിന്നു. എന്നിട്ട് പതുക്കെ മുണ്ടിന്റെ കോന്തലയഴിച്ചു. മഞ്ഞനിറത്തിലുള്ള ഒരു കടലാസ് പുറത്തെടുത്തു. കടലാസ് ചുരുണ്ട് അലങ്കോലമായിരുന്നു.

“എന്താത്?” പാറാവുകാരൻ ചോദിച്ചു.

വെള്ളായിയപ്പൻ കടലാസ് പാറാവുകാരനെ ഏൽപ്പിച്ചു. പാറാവുകാരൻ കടലാസ്സിലേക്കു നോക്കിയില്ല. വോള്ളായിയപ്പൻ പറഞ്ഞു: “എന്റെ കുട്ടി ഇബ്ടെ ഇണ്ടു.”

“ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്?” പാറാവുകാരൻ പരുക്കനായി പറഞ്ഞു: “ആപ്പീസ് തൊറക്കട്ടെ.” ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തിനോക്കി. പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി.

“നാളെയാണ്, അല്ലേ?” പാറാവുകാരൻ പറഞ്ഞു.

“എയ്ക്കി പിടിയില്ല” വെള്ളായിയപ്പൻ പറഞ്ഞു. “കടലാശില് എന്താണ് എഷ്തിക്കെട്ക്ക്ണത്, ആവോ?”

പാറാവുകാരൻ കടലാസ്സിലെ വിവരങ്ങൾ ഒരിക്കൽക്കൂടി ശ്രദ്ധിച്ചു വായിച്ചു.

“അതെ, നാളെ രാവിലെ അഞ്ചുമണിക്ക്.” അയാൾ പറഞ്ഞു.

വെള്ളായിയപ്പന്റെ കണ്ണുകൾ വിടർന്നു.

അവയിൽ അന്ധാളിപ്പു നിറഞ്ഞു.

“തന്നേ?” വെള്ളായിയപ്പൻ പറഞ്ഞു.

“കാർന്നോര് ഇവിടെ ഇരിക്കൂ.”

“ഓ.”

ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു. അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നതുപോലെ.

“കാർന്നോർക്ക് ചായോ മറ്റോ വേണോ?”

“വേ്ണ്ട”

എന്റെ മകൻ ഈ രാത്രിയിൽ ഉറങ്ങിയിട്ടുണ്ടാവില്ല. ഉറങ്ങാതെ ഉണർന്നിട്ടുണ്ടാവില്ല. ഉറങ്ങാതെ, ഉണരാതെ അവനു ചായ കുടിക്കാൻ മനസ്സുവരുന്നതെങ്ങനെ? വെള്ളായിയപ്പന്റെ കൈപ്പടം പൊതിച്ചോറിലമർന്നു. മകനേ, ഈ പൊതിച്ചോറ് നിന്റെ അമ്മ എനിക്കുവേണ്ടി പൊതിഞ്ഞതാണ്. യാത്രയിൽ ഞാൻ അതു കഴിക്കാതെ ഇവിടം വരെ എത്തിച്ചു. ഇനി നിനക്കു തരാൻ എന്റെ കൈയിൽ ഇതു മാത്രമേയുള്ളു. തുവർത്തിനകത്ത് കെട്ടഴിക്കാതെ കിടന്ന പാഥേയം പുളിച്ചു. നേരം പതുക്കെപ്പതുക്കെ വെളുത്തു. നേരം പതുക്കെപ്പതുക്കെ കനച്ചു. ആപ്പീസ് തുറന്നു. ആളുകൾ മേശകൾക്കു പുറകിൽ സ്ഥലം പിടിച്ചു. പാറാവുകാർ

കവാത്തു നടത്തി. തടവറ സജീവമായി. മേധാവികൾ കടലാസ് പരിശോധിക്കുന്നു മേധാവികൾ ഉത്തരവിടുന്നു. ഉത്തരവുകളുടെ അപരിചിത സ്വരങ്ങൾ. വിദ്വേഷവും നിന്ദയും പകയുമില്ലാത്ത കുരുക്കുകൾ, അവ ചുറ്റിപ്പിടിച്ചു ശ്വാസംമുട്ടിക്കുന്നു. വെയിലിനു ചൂടു കൂടുന്നു.

ഇവിടെ കാത്തിരിക്കൂ. വെള്ളായിയപ്പൻ കാത്തിരിക്കുന്നു. നീണ്ടു നീണ്ട കാത്തിരിപ്പിനുശേഷം ഒരു പാറാവുകാരൻ വെള്ളായിയപ്പനെ തടവറയുടെ ഉള്ളുകളിലേക്കു കൂട്ടിക്കൊണ്ടു പോകുന്നു, വെയിലിന്റെ ചൂടറിയാത്ത തണുത്ത ഇടനാഴികൾ.

ഇതാ ഇവിടെയാണ്. ഇരുമ്പഴികൾക്കു പിന്നിൽ കണ്ടുണ്ണി നിന്നു. അപരിചിതനെപ്പോലെ കണ്ടുണ്ണി വെള്ളായിയപ്പനെ നോക്കി. സാന്ത്വനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യാനാവാത്ത മനസ്സിന്റെ മറ. പാറാവുകാരൻ അഴിവാതിൽ തുറന്ന് വെള്ളായിയപ്പനെ അകത്തു പ്രവേശിപ്പിച്ചു. അച്ഛനും മകനും നേരോടു നേരായി തെല്ലിട നേരം നിന്നു. പിന്നെ വെള്ളായിയപ്പൻ മകനെ കെട്ടിപ്പിടിച്ചു. കണ്ടുണ്ണി ശ്രവണത്തിനപ്പുറത്തുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു. വെള്ളായിയപ്പൻ കരഞ്ഞുവിളിച്ചു: "മകനേ!"

കണ്ടുണ്ണി മറുവിളി വിളിച്ചു : "അപ്പാ!"

രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദു:ഖത്തിൽ, മൗനത്തിൽ, അച്ഛനും മകനും അറിവുകൾ കൈമാറി.

മകനേ, നീ എന്തു ചെയ്തു?
എനിക്കോർമയില്ല, അപ്പാ.
മകനേ, നീ കൊലപാതകം നടത്തിയോ?
എനിക്കോർമയില്ല.
സാരമില്ല മകനേ, ഇനിയൊന്നും ഓർമ്മിക്കേണ്ടതില്ല.
പാറാവുകാർ ഓർമ്മിക്കുമോ?
ഇല്ല മകനേ.
അപ്പൻ എന്റെ വേദന ഓർമ്മിക്കുമോ?

ഉച്ചസ്ഥായിയിലുള്ള നിശ്ശബ്ദമായ നിലവിളി: "അപ്പാ, എന്നെ തൂക്കിക്കൊല്ലാൻ സമ്മതിക്കരുതേ."

രണ്ടു വാക്കുകൾക്കിടയ്ക്ക് ഈ വിനിമയമത്രയും.

"കാർന്നോരേ, പൊറത്തു വരൂ. സമയം കഴിഞ്ഞു."

വെള്ളായിയപ്പൻ പുറത്തു വരുന്നു. അയാൾക്കു പിന്നിൽ ഇരുമ്പഴിവാതിൽ അടയുന്നു. നീങ്ങുന്ന തീവണ്ടിമുറിയിൽനിന്നു പുറത്തേക്കു നോക്കുംപോലെ. ഇരുമ്പഴിയിലൂടെ പുറത്തേക്കു നോക്കിക്കൊണ്ട് അപരിചിതനായി കണ്ടുണ്ണി നിന്നു. അവസാനത്തെ തിരിഞ്ഞുനോട്ടത്തിന്റെ ശ്രദ്ധാഞ്ജലിയോടെ വെള്ളായിയപ്പൻ നടന്നകന്നു.

ജയിലിന്റെ പരിസരങ്ങളിൽ വെള്ളായിയപ്പൻ അങ്ങുമിങ്ങുമായി കാത്തുകിടന്നു. സൂര്യൻ ഉച്ചിയിലെത്തി. നേരം താണു. ഈ രാത്രിയിൽ കണ്ടുണ്ണി ഉറങ്ങുമോ? രാത്രി പിന്നിടുന്നു. മതിലുകൾക്കകത്ത് കണ്ടുണ്ണി ജീവിക്കുന്നു.

പുലർച്ചയ്ക്കു മുമ്പു കൊമ്പുവിളികൾ മുഴങ്ങുന്നത് വെള്ളായിയപ്പൻ കേട്ടു. അതു വധ ശിക്ഷയുടെ ചടങ്ങാണെന്ന് വെള്ളായിയപ്പൻ അറിഞ്ഞിരുന്നില്ല. രാവിലെ അഞ്ചുമണിക്കാണെന്ന് അവർ പറഞ്ഞിരുന്നു. കൈയിൽ ഘടികാരമില്ലെങ്കിലും ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു.

ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി. കാരണവർക്കു താത്പര്യമുള്ളതുപോലെ ശവം സംസ്കരിക്കാം.

വേണ്ട. എനിക്കു താത്പര്യമില്ല.
ശവത്തിന്റെ ചുമതല നിങ്ങൾ ഏൽക്കുന്നില്ലേ?
യജമാനന്മാരേ, ഏന്റെ കൈയിൽ പണമില്ല.

ഉന്തുവണ്ടിയുടെ പുറകെ തോട്ടികളുടെ കൂടെ വെള്ളായിയപ്പൻ നടന്നു. പട്ടണത്തിനു പുറത്തുള്ള വെളിനിലങ്ങൾക്കു മുകളിൽ കഴുകന്മാർ ചുറ്റിപ്പറന്നു. മണ്ണു മൂടുന്നതിനുമുമ്പ് കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പൻ ഒരു നോക്കു കണ്ടു. ആ നെറ്റിയിൽ കൈപ്പടംവച്ച് അനുഗ്രഹിച്ചു.

വെള്ളായിയപ്പൻ വെയിലത്ത് അലഞ്ഞു നടന്ന് കടൽപ്പുറത്തെത്തി; ആദ്യമായി കടൽ കാണുകയാണ്. കൈപ്പടങ്ങളിൽ എന്തോ നനഞ്ഞു കുതിരുന്നു. കോടച്ചി കെട്ടിത്തന്ന പൊതിച്ചോറാണ്. വെള്ളായിയപ്പൻ പൊതിയഴിച്ചു. വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു. വെയിലിന്റെ മുകൾത്തട്ടുകളിലെവിടെനിന്നോ ബലിക്കാക്കകൾ അന്നംകൊത്താൻ ഇറങ്ങിവന്നു.

## വ്യാകരണം

സമസ്തപദമെഴുതൽ **(അവലോകനം)**

അലങ്കാരം : ഉല്ലേഖം, ഉദാത്തം **(അവലോകനം)**

വൃത്തം : ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര **(അവലോകനം)**

രചന : കത്ത്

# കുറ്റിപ്പുറം പാലം

## ഇടശ്ശേരി ഗോവിന്ദൻ നായർ



**[ഇടശ്ശേരി ഗോവിന്ദൻ നായർ:** 1906–ൽ പൊന്നാനിയിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ആലപ്പുഴ, കോഴിക്കോട്, പൊന്നാനി, എന്നിവിടങ്ങളിൽ വക്കീൽ ഗുമസ്തനായി ജോലി ചെയ്തു. സമൂഹത്തിലെ നിന്ദിതരും പീഡിതരും ദുഃഖിതരുമായ വിഭാഗത്തിന്റെയും വ്യക്തികളുടെയും ജീവിതസമസ്യകളായിരുന്നു ഇടശ്ശേരിയുടെ കാവ്യപ്രമേയങ്ങൾ. മാതാവെന്ന ആദിപ്രരൂപത്തിനുള്ള സവിശേഷ കാന്തശക്തി പൂതപ്പാട്ട്, കാവിലെ പാട്ട് തുടങ്ങിയ അദ്ദേഹത്തിന്റെ കവിതകളിൽ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ ഗ്രാമീണജീവിതത്തിന്റെ കരുത്തിനെ കവിതയിലാവിഷ്കരിച്ച ഇടശ്ശേരിയെ ശക്തിയുടെ കവി എന്ന് വിശേഷിപ്പിക്കാറുണ്ട്. പുത്തൻ കലവും അരിവാളും, കറുത്ത ചെട്ടിച്ചികൾ, തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ, കാവിലെ പാട്ട്, അന്തിത്തിരി തുടങ്ങിയ കവിതാസമാഹാരങ്ങളും കൂട്ടുകൃഷി, നൂലാമാല, കളിയും ചിരിയും എന്നീ നാടകങ്ങളും പൊരിച്ച നഞ്ഞ്, നാല്പത്തിയൊന്നു സുന്ദരിമാർ എന്നീ ചെറുകഥകളുമാണ് പ്രധാനകൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡും കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 1974–ൽ അന്തരിച്ചു.

കാലത്തിന്റെ മാറ്റത്തിനനുസരിച്ച് പുതിയ കണ്ടുപിടുത്തങ്ങളുണ്ടാവുകയും മനുഷ്യജീവിതം പുതിയ ലോകത്തേക്ക് വികസിക്കുകയും ചെയ്യുമ്പോൾ ഗ്രാമീണജീവിതത്തിന്റെ ഐശ്വര്യം നഷ്ടപ്പെട്ടേക്കുമോയെന്ന ആശങ്കയും അതേ സമയം മനുഷ്യൻ പുരോഗമിക്കുന്നതിലുള്ള അഭിമാനവും ആഹ്ളാദവുമെല്ലാം കൂടിക്കലർന്നതാണ് കുറ്റിപ്പുറം പാലം എന്ന കവിത. കുട്ടിക്കാലം മുതൽക്കേ കവിക്ക് സുപരിചിതമായതാണ് കുറ്റിപ്പുറം കടവ്. അതിന്നു മേലെ ഒരു പാലം വന്നു. ആ പാലത്തിനു മേലൂടെ നടന്നു പുഴ കടന്നപ്പോഴുണ്ടായ അദ്ഭുതവും ആഹ്ളാദവും വിമ്മിഷ്ടവും കൂടിക്കലർന്നതാണ് ഈ കവിത. ]

ഇരുപത്തിമൂന്നോളം ലക്ഷമിപ്പോൾ–
ച്ചെലവാക്കി നിർമ്മിച്ച പാലത്തിൻമേൽ
അഭിമാനപൂർവ്വം ഞാനേറി നില്പാ–
ണടിയിലെ ശ്ശോഷിച്ച പേരാർ നോക്കി
പൂഴിമണലതിൽ പണ്ടിരുന്നു
പൂത്താങ്കോലേറെക്കളിച്ചതല്ലേ?
കുളിരോലുമോളത്തിൽ മുങ്ങി മുങ്ങി–
ക്കുളിയും ജപവും കഴിച്ചതല്ലേ?
പൊന്മയും കുരുവിയും കൊക്കുമന്നു
പൊങ്ങിപ്പറന്ന വിതാനത്തിങ്കൽ

അഭിമാനപൂർവ്വം ഞാനേറി നില്പാ–
ണടിയിലെപ്പേരാറു നോക്കിനോക്കി
ആടപത്തോടിവൾ പേമഴയി–
ലാകെത്തടം കുത്തിപ്പാഞ്ഞു നിന്നു,
ഒരു തോണി പോലും വിലങ്ങിടാതെ
ഗരുഡനും മേലെപ്പറന്നിടാതെ,
ഇനിയും നിളേ നീ, യിരച്ചു പൊന്തും,
ഇനിയും തടം തല്ലിപ്പാഞ്ഞണയും;
ചിരി വരുന്നുണ്ടതു ചിന്തിക്കുമ്പോ–
ളിനി നിയ്യിപ്പാലത്തിൻ നാട്ടനൂഴും!
എങ്കിലും മർത്ത്യവിജയത്തിൻമേ–
ലെൻ കഴലൂന്നി നിവർന്നു നില്ക്കെ,



ഉറവാർന്നിടുന്നുണ്ടെൻ ചേതസ്സിങ്ക–
ലറിയാത്ത വേദനയൊന്നു മെല്ലെ
ഉണ്മയിൽ പുതുലോകത്തിന്നു തീർത്തോ–
രുമ്മറപ്പടിയാമിപ്പാലത്തിന്മേൽ
അനുദിനം മങ്ങുമാ ഗ്രാമചിത്രം
മനസാ ഞാനൊന്നു മുകർന്നു നിന്നു.
പിറവി തൊട്ടെൻ കൂട്ടുകാരിയാമ–
മ്മധുരിമ തൂകിടും ഗ്രാമലക്ഷ്മി
അകലേക്കകലേക്കകലുകയാം,
അവസാനയാത്ര പറയുകയാം!
പച്ചയും മഞ്ഞയും മാറി മാറി
പാറിക്കളിക്കും പരന്ന പാടം,
ഫലഭാരനമ്രതരുക്കൾ ചൂഴും

നിലയങ്ങൾ വായ്ക്കും നിരന്ന തോട്ടം
പലതരം പൂക്കൾ നിറഞ്ഞ കുന്നിൻ–
ചരിവുകൾ വർണ്ണ ശബളിതങ്ങൾ,
ആലും തറയും വിളക്കുമായി–
ച്ചേലഞ്ചും കാവിലെയുത്സവങ്ങൾ,
പകലത്തെക്കർഷക സംഗീതങ്ങൾ,
ഇരവിലെബ്ഭീകരമൂകതകൾ,
അകലുകയാണിവ മെല്ലെ മെല്ലെ,
അണയുകയല്ലോ ചിലതു വേറെ
അലരിന്മേൽ വാഴ്ച തുടങ്ങുകയായ്
ശിലയും കരിയും സിമന്റുരുക്കും



അലറിക്കുതിച്ചിങ്ങു പായുകയായ്
ടയറും പെട്രോളും പകലിരവും
ഇവിടെച്ചുമരുകളുയരുകയാ–
യിടയറ്റിടവും വലവുമെങ്ങും
കടുതരം പകലെങ്ങും ശബ്ദപൂരം
കടുതരമിരവിലും ശബ്ദപൂരം
മുറുകിടും ശബ്ദങ്ങളെങ്ങുമെങ്ങും
മുറുകിടും ചലനങ്ങളെങ്ങുമെങ്ങും
അറിയാത്തോർ തമ്മിലടിപിടികൾ,
അറിയാത്തോർ തമ്മിൽപ്പിടിച്ചു പൂട്ടൽ,
അറിയാത്തോർ തമ്മിലയൽപക്കക്കാർ
അറിയുന്നോരെല്ലാരുമന്യനാട്ടാർ!
മല്ലൂർക്കയെമിനിച്ചൊല്ലു മാത്രം,

മല്ലൂരെത്തേവർ തെരുവു ദൈവം!
ശാന്തഗംഭീരമായ് പ്പൊങ്ങി നില്ക്കു–
മന്തിമഹാകാളൻ കുന്നു പോലും
ജൃംഭിതയന്ത്രക്കിടാവെറിയും
പമ്പരം പോലെക്കറങ്ങി നിൽക്കും!
കളിയും ചിരിയും കരച്ചിലുമായ്–
ക്കഴിയും നരനൊരു യന്ത്രമായാൽ,
അംബപേരാറേ, നീ മാറിപ്പോമോ
ആകുലയാമൊരഴുക്കുചാലായ്?

## അഭ്യാസം

### I. പദപരിചയം :

വിതാനം, ആടോപം, കഴൽ, ഉണ്മ, അനുദിനം, നമ്രം, വർണശബളം, ജൃംഭിതം, അംബ

### II. സന്ദർഭം വിവരിച്ച് ആശയം വിശദമാക്കുക :

1. പൊന്മയും കുരുവിയും ..........നോക്കി നോക്കി
2. ഇനിയും നിളേ .................. നിയ്യിപ്പാലത്തിൽ നാട്ടനൂഴും!
3. ഉണ്മയിൽ പ്പുതുലോക............മുകർന്നു നിന്നു
4. കളിയും ചിരിയും.................മൊരഴുക്കുചാലായ്

### III. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക :

1 എവിടെ കയറി നിന്നാണ് കവി ശോഷിച്ച പേരാർ നോക്കിയത്?
2. പാലത്തിന്റെ മുകളിൽ നിന്ന് കവി തന്റെ കുട്ടിക്കാലത്തെക്കുറിച്ച് ഓർമ്മിച്ചതെന്തെല്ലാം?
3. എപ്പോഴാണ് കവിയുടെ മനസ്സിൽ വേദന പടരുന്നത്?

### IV. ഖണ്ഡികയിൽ ഉത്തരമെഴുതുക :

1. അനുദിനം മങ്ങുന്ന ഗ്രാമചിത്രത്തെ കവി വരച്ചുകാട്ടുന്നതെങ്ങനെ?
2. 'അകലുകയാണിവ മെല്ലെ മെല്ലെ' – എന്തെല്ലാമാണ് അകന്നുപോവുന്നതായി കവിക്ക് തോന്നുന്നത്?
3. പുതിയ കാലത്ത് അണയുന്ന ചില കാര്യങ്ങളെക്കുറിച്ച് കവി പറയുന്നതെന്തെല്ലാം?

### V. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

1. കുറ്റിപ്പുറം പാലത്തിൽ കയറി നിന്നപ്പോൾ കവിക്കുണ്ടായ ചിന്തകൾ സംഗ്രഹിക്കുക
2. 'ജീവിതം ആധുനികമാവുന്നതിലും മനുഷ്യൻ നേട്ടങ്ങൾ കൈവരിക്കുന്നതിലും അഭിമാനിക്കുന്നുവെങ്കിലും പഴമയുടെ സൗഭാഗ്യങ്ങൾ നഷ്ടമാവുന്നതിൽ കവിക്ക് വേദനയുണ്ട്' – കുറ്റിപ്പുറം പാലം എന്ന കവിതയുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവനയെക്കുറിച്ചെഴുതുക.

# ഗദ്യവും ഗദ്യസാഹിത്യരൂപങ്ങളും

ഡോ.കെ.എം.ജോർജ്



[ഡോ.കെ.എം.ജോർജ്: 1914–ൽ ചെങ്ങന്നൂരിനു സമീപം ഇടയാറൻമുളയിൽ ജനിച്ചു. മലയാള ഭാഷാസാഹിത്യമേഖലയിൽ ഗവേഷണപരമായ നിരവധി സംഭാവനകൾ നൽകിയ വ്യക്തിയാണ്. മലയാളത്തിലെ സാഹിത്യസംഭാവനകളെ ഇന്ത്യൻ ഭാഷകളിൽ പരിചയപ്പെടുത്തുന്നതിനും ഇതരഭാഷകളിലുള്ള സാഹിത്യസംഭാവനകൾ മലയാളത്തിൽ പരിചയപ്പെടുത്തുന്നതിനും വേണ്ടി ഡോ.കെ.എം.ജോർജ് നടത്തിയിട്ടുള്ള പരിശ്രമങ്ങൾ ഗണനീയമാണ്. മദ്രാസ് സർവ്വകലാശാലയിൽ നിന്നും ബിരുദങ്ങൾ നേടിയ അദ്ദേഹം മദ്രാസ് ക്രിസ്ത്യൻ കോളേജിൽ മലയാളം ലക്ചററും വകുപ്പദ്ധ്യക്ഷനുമായിരുന്നു. കേന്ദ്രസാഹിത്യ അക്കാദമി സെക്രട്ടറി. (1955–69) സർവ്വ വിജ്ഞാനകോശം ചീഫ് എഡിറ്റർ, ചിക്കാഗോ സർവ്വകലാശാലയിൽ വിസിറ്റിംഗ് പ്രൊഫസർ എന്നീ നിലകളിൽ പ്രവർത്തിച്ചു. 1988–ൽ ഭാരത സർക്കാർ അദ്ദേഹത്തിന് പത്മശ്രീ നൽകി ആദരിച്ചു. 2001–ൽ പത്മഭൂഷൺ നല്കിയും ആദരിച്ചു. ഇംഗ്ളീഷിൽ പത്തും മലയാളത്തിൽ മുപ്പതിലേറെയും ഗ്രന്ഥങ്ങളുടെ കർത്താവാണദ്ദേഹം. 2007–ൽ അന്തരിച്ചു.

ഗദ്യസാഹിത്യത്തിന്റെ സവിശേഷതകളെ പ്രതിപാദിക്കുന്ന പാഠഭാഗം 'അന്വേഷണങ്ങൾ പഠനങ്ങൾ' എന്ന സമാഹാരത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ്.]



സങ്കീർണ്ണമായ ജീവിതത്തെ അതിന്റെ ആഴത്തിൽ മനസ്സിലാക്കുവാൻ സഹായിക്കുന്ന ഒരു പ്രധാന മാധ്യമമാണ് സാഹിത്യം. ഒരു ജനതയെ മനസ്സിലാക്കുവാൻ ചരിത്രരേഖകൾ ഗണ്യമായി സഹായിക്കുന്നുണ്ട്; പക്ഷേ, ശരിക്കും അറിയണമെങ്കിൽ ആ ജനതയുടെ ചിന്താധാരയും വൈകാരികപ്രവണതകളും മനസ്സിലാക്കേണ്ടതുണ്ട്. ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന ഈ ഘടകങ്ങൾ ആ ജനതയുടെ സാഹിത്യത്തിൽ നിന്നാണ് വെളിപ്പെടുന്നത്. സാഹിത്യകൃതികളുടെ മൂല്യം വിളിച്ചോതുന്ന ഒരു വസ്തുതയാണിത്. മേൽ സൂചിപ്പിച്ച പ്രകാരം അത്യന്തം ജീവിത സ്പർശിയായ സാഹിത്യത്തെ മൊത്തത്തിൽ രണ്ടായി വിഭജിക്കാം: പദ്യം, ഗദ്യം. പദ്യത്തിന് അതിന്റേതായ പ്രാഥമ്യവും പ്രാമാണ്യവും ഉണ്ട്. സാഹിത്യ സമ്പുഷ്ടങ്ങളായ എല്ലാ ഭാഷകളിലും ആദ്യം അങ്കുരിച്ചു വികസിച്ചിട്ടുള്ളത് പദ്യം തന്നെ. ഏറ്റവും മഹത്തായ സാഹിത്യകൃതികളും പദ്യവിഭാഗത്തിൽ (കവിതയിൽ) ആണ് കാണാൻ കഴി.യുന്നത്. ലോകസാഹിത്യത്തിൽ ഏറ്റവും



ഉയർന്നു നിൽക്കുന്ന സാഹിത്യകാരന്മാർ കവികളാണു താനും. ഹോമർ, സോഫോക്ലിസ്, ദാന്തേ, ഷേക്സ്പിയർ, കാളിദാസൻ, ടാഗോർ മുതലായവർ ഉദാഹരണങ്ങൾ.

ഇരുപതാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമ്മിൽ ചിലരിൽ ഈ വസ്തുത അല്പം വിസ്മയം ജനിപ്പിച്ചേക്കാം. കാരണം, നോവലുകൾ, ചെറുകഥകൾ, ഗദ്യനാടകങ്ങൾ, ഉപന്യാസങ്ങൾ എന്നിവയുടെ ബാഹുല്യത്തിലാണ് നാം കഴിയുന്നത്. ഈ കനത്ത പ്രവാഹത്തിൽ കവിതയുടെ ചാലു പ്രായേണ നേരിയതാണു താനും. പക്ഷേ, ശതവർഷങ്ങളായി നമുക്കു ലഭിച്ചിട്ടുള്ള സാഹിത്യകൃതികളുടെ ആകെത്തുക എടുത്തു നോക്കുമ്പോൾ കവിതയ്ക്കുള്ള പ്രാമാണ്യം നിഷേധിക്കാനാവില്ല. ആധുനികകാലത്തു ഗദ്യവിഭാഗം എല്ലാ ഭാഷകളിലും പദ്യവിഭാഗത്തെ അധ:കരിച്ചിരിക്കുന്നു. ഇതിനു പല കാരണങ്ങളുമുണ്ട്. ഈ ക്രമത്തിൽ ഒരു നൂറു വർഷം മുമ്പോട്ടു പോയാൽ, പദ്യത്തിനു മൊത്തത്തിലുള്ള പ്രാമാണ്യം തന്നെ തകരുകയില്ലേ എന്നു സന്ദേഹിക്കേണ്ടിയിരിക്കുന്നു. എന്നാൽ, സംസ്കൃതത്തെപ്പോലുള്ള മൃത(ക്ലാസിക്)ഭാഷകളിൽ പദ്യത്തിനുള്ള മേധാവിത്വം എന്നും നിലനില്ക്കുകയും ചെയ്യും. ഇതിഹാസം, പുരാണം, കാവ്യം, നാടകം എന്നീ മേഖലകളിലെ മേദസ്സുറ്റ പദ്യശാഖകളുമായി താരതമ്യപ്പെടുത്തുമ്പോൾ, സംസ്കൃതത്തിലെ ഗദ്യം ശോഷിച്ച ഒരു വിഭാഗം മാത്രമാണ്. ഏതാനും ജന്തുകഥകളും ജനകീയകഥകളും ബാണഭട്ടനെപ്പോലെ ചുരുക്കം ചിലർ എഴുതിയ 'കാദംബരി' തുടങ്ങിയ ഏതാനും നീണ്ട കഥകളുമാണ് ഗദ്യസാഹിത്യമായി ഇന്നു ലഭിക്കുന്നത്. ജീവത്ഭാഷകളിലെ സ്ഥിതി ഇതല്ല.

സാഹിത്യശാഖകൾ വികാസം പ്രാപിച്ചിട്ടുള്ള എല്ലാ ഭാഷകളിലും പ്രായേണ എല്ലാത്തരം ഗദ്യസാഹിത്യരൂപങ്ങളും ആധുനികകാലത്തു പുഷ്കലങ്ങളായിട്ടുണ്ട്. അവയെ താഴെ ചേർക്കുന്ന ഏഴു വിഭാഗങ്ങളായി തിരിക്കാവുന്നതാണ്. 1) കല്പിതകഥകൾ എന്ന പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന നോവലും ചെറുകഥയും; 2) ഗദ്യനാടകം; 3) ഉപന്യാസം; 4) ജീവചരിത്രം, ആത്മകഥ; 5) കത്തുകൾ, ഡയറികൾ 6) സഞ്ചാരസാഹിത്യം; 7) നിരൂപണസാഹിത്യം, ശാസ്ത്രസാഹിത്യം ഇവ ഉൾപ്പെടെയുള്ള വിജ്ഞാനസാഹിത്യം മൊത്തത്തിൽ. ഇനി മേൽക്കാണിച്ച വിഭാഗങ്ങളുടെ പ്രത്യേക സ്വഭാവങ്ങളെക്കുറിച്ചു ചുരുക്കത്തിൽ ഉപന്യസിക്കാം.

### കല്പിതകഥകൾ :

ഫിക്ഷൻ (fiction) എന്ന് ഇംഗ്ലീഷിൽ വ്യവഹരിക്കപ്പെടുന്നതും ഭാവനയുടെ സന്താനവുമായ വിഭാഗത്തിനു മലയാളത്തിൽ കല്പിതകഥ എന്നു പറയാം. കല്പിതകഥകൾ പണ്ടേ

എല്ലാ സാഹിത്യങ്ങളിലുമുണ്ട്. അവയുടെ ആധുനികരൂപമാണു നോവലിലും ചെറുകഥയിലും കാണുന്നത്. ചരിത്രവും ജീവചരിത്രവും ആഖ്യാനപ്രധാനമാണെങ്കിലും അവയിൽ ഭാവന യ്ക്കു ഗണ്യമായ സ്ഥാനമില്ല. നോവലിലും ചെറുകഥയിലും ഭാവന(imagination) മുറ്റിനി ല്ക്കുന്നു. നാടകത്തിലും ഭാവന മുറ്റിനില്ക്കുന്നുവെങ്കിലും രംഗത്തു പ്രദർശിപ്പിക്കുവാനായി എഴുതപ്പെടുന്നതിനാൽ ആ സാഹിത്യരൂപത്തിനു ചില പരിമിതികളുണ്ട്. നോവൽ ഏറ്റവും അയവുള്ളതും വളരെ സ്വാതന്ത്ര്യം അനുവദിക്കുന്നതുമായ ഒരു സാഹിത്യരൂപമാണ്. 'ധാരാളം കടലാസ്സും മഷിയും ഉണ്ടെങ്കിൽ ആർക്കും ഒരു നോവൽ എഴുതുവാൻ കഴിയും' എന്നുവരെ ചില രസികന്മാർ പറഞ്ഞിട്ടുണ്ട്.

മറ്റു മനുഷ്യരിലും മനുഷ്യ സഹജമായ സ്തോഭങ്ങളിലും വികാരങ്ങളിലും മനുഷ്യർക്ക് എന്നും താത്പര്യമുണ്ടായിരിക്കും. അതുകൊണ്ടാണു പല രസങ്ങൾ കലർന്നിട്ടുള്ള മനുഷ്യക ഥകൾ വായിക്കുന്നതിൽ എല്ലാ മനുഷ്യരും ഔത്സുക്യം കാണിക്കുന്നത്. നോവലിലെ ഇതിവൃ ത്തവും സ്വഭാവചിത്രീകരണവും സംഭാഷണവും വർണ്ണനകളും ജീവിതവിമർശനവും സാമൂ ഹികചിത്രീകരണവും എല്ലാം കൂടെച്ചേരുമ്പോൾ വിഭവസമൃദ്ധമായ ഒരു സദ്യ കഴിക്കുന്ന അനുഭവമാണ് അനുവാചകനുണ്ടാകുന്നത്.

വലിയ സദ്യ കഴിക്കാൻ സൗകര്യവും സമയവും ഇല്ലാത്തപ്പോൾ ലഘുഭക്ഷണം സ്വീകാ ര്യമാണ്. അല്ലെങ്കിൽത്തന്നെയും ലഘുഭക്ഷണത്തിനു ജീവിതത്തിൽ പ്രസക്തിയുണ്ട്. ലഘുഭ ക്ഷണത്തോടുപമിക്കാവുന്ന ചെറുകഥ ഇന്നു വളരെ പ്രചാരമുള്ള ഒരു സാഹിത്യരൂപമാണ്. ആനുകാലികപ്രസിദ്ധീകരണങ്ങളാണ് അവയ്ക്കു വലിയ അങ്ങാടി ഉണ്ടാക്കിയിരിക്കുന്നത്. ജീവിതത്തിലെ മർമസ്പർശിയായ ഏതെങ്കിലുമൊരു സന്ദർഭമോ സംഭവമോ മാത്രം എടുത്തു കലാപരമായി ആവിഷ്കരിക്കുന്നതാണു ചെറുകഥ. നോവൽ പ്രതിഫലിപ്പിക്കുന്ന ജീവിത ത്തിന്റെ സമഗ്രതയോ സങ്കീർണ്ണതയോ വൈരുദ്ധ്യാത്മകതയോ ചെറുകഥയിൽ പ്രതീക്ഷിക്കാ നാവില്ല. മലയാളത്തിൽ ചെറുകഥാസാഹിത്യം ഗണ്യമായി പുഷ്ടിപ്പെട്ടിട്ടുണ്ട്.

### ഗദ്യനാടകം :

നോവലിന്റെയും നാടകത്തിന്റെയും അസംസ്കൃതവസ്തുക്കൾ എതാണ്ടൊന്നുതന്നെ; പ്രധാനഘടകങ്ങളിലും അവ രണ്ടും വളരെ സാദൃശ്യം വഹിക്കുന്നു. അതിനാൽ നോവലി നെക്കുറിച്ചുള്ള പരാമർശങ്ങൾ പലതും നാടകത്തിനും ബാധകമാണ്. ഒരു സാഹിത്യപ്ര സ്ഥാനമെന്ന നിലയിൽ നോവലിനെക്കാൾ വളരെയധികം പഴക്കം നാടകത്തിനുണ്ട്. എന്നാൽ, നോവലിനുള്ളത്ര പ്രചാരം നാടകത്തിനു ലഭിച്ചിട്ടില്ല. പഴയ കാലത്തെ നാടകങ്ങൾ പദ്യനാടക ങ്ങൾ ആയിരുന്നു. ഇടക്കാലത്തു സംഗീതനാടകത്തിനും അതിനോടു സാമ്യം വഹിക്കുന്ന 'ബാലേ' തുടങ്ങിയ ഗാനാത്മകരൂപങ്ങൾക്കും ഗണ്യമായ പ്രചാരം ഉണ്ടായിരുന്നു. ആധുനിക കാലത്തു ഗദ്യനാടകങ്ങൾക്കാണു പ്രസക്തിയും പ്രചാരവും അധികമായിക്കാണുന്നത്.

19-ാം ശതകത്തിന്റെ അന്ത്യഘട്ടത്തിലാണ് ഇംഗ്ലീഷിൽ ഗദ്യനാടകം പ്രചരിച്ചു തുടങ്ങിയ ത്. അതിനു മുമ്പ് ബൈറൺ, ഷെല്ലി, ബ്രൗണിങ് എന്നീ കവികൾ കാവ്യനാടകങ്ങൾ രചിച്ചിരു

ന്നു. പക്ഷേ, നോർവേക്കാരനായ ഹെന്റിക് ഇബ്സന്റെ നാടകങ്ങളാണ് 1890–നോടടുപ്പിച്ച് ഇംഗ്ലീഷിൽ ഗദ്യനാടകങ്ങളുടെ ആവിർഭാവത്തിനു പ്രേരകമായി ഭവിച്ചത്. കാവ്യങ്ങളെ ദൃശ്യ മെന്നും ശ്രാവ്യം എന്നും രണ്ടായി വിഭജിക്കാറുണ്ടല്ലോ. അച്ചടി വളരെയേറെ പ്രചരിച്ചിരി ക്കുന്ന ഇക്കാലത്ത് എല്ലാത്തരം കാവ്യങ്ങളും കണ്ണിൽക്കൂടെ ഹൃദയത്തിൽ പ്രവേശിക്കുന്നു ണ്ടെന്നതു ശരിതന്നെ. പക്ഷേ, പഴയ കാലത്തു കേട്ടു മനസ്സിലാക്കുന്ന കൃതികളും കണ്ടു മന സ്സിലാക്കുന്ന കൃതികളും രണ്ടു പ്രത്യേക വിഭാഗങ്ങളായിത്തന്നെ പരിഗണിക്കപ്പെട്ടുവന്നു. രംഗത്തു പ്രയോഗിക്കുന്ന കലകൾക്ക് ഉപകരിക്കുന്ന സാഹിത്യമാണു ദൃശ്യവിഭാഗത്തിൽ ഉൾപ്പെടുന്നത്. അക്കൂട്ടത്തിലുള്ള ഏറ്റവും പ്രധാനപ്പെട്ട വിഭാഗമാണു രൂപകങ്ങൾ. ദശരൂപക ങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയചർച്ച ഭരതന്റെ നാട്യശാസ്ത്രത്തിലുണ്ട്. ദശരൂപകങ്ങളിൽ അതി പ്രധാനമായ ഒന്നാണു നാടകം, പക്ഷേ, ഇന്നു നാടകം എന്ന സംജ്ഞ ഇംഗ്ലീഷിലെ Drama എന്ന സംജ്ഞയ്ക്കു തുല്യമായി ഉപയോഗിക്കപ്പെടുന്നു. അതിനാൽ നാടകത്തിന്റെ പഴയ നിർവചനം സംസ്കൃതത്തിലെ നാട്യശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ നില കൊള്ളുമ്പോൾ, പുതിയ നിർവചനം യൂറോപ്യൻ സാഹിത്യത്തിലെ പ്രമാണങ്ങളെ ആധാരമാക്കി രൂപപ്പെടുത്തി യിരിക്കുന്നു. രണ്ടും തമ്മിലുള്ള സാദൃശ്യം ലഘുവും ആകുന്നു. നമ്മുടെ പരിഗണനയിൽ പ്രസക്തമായിട്ടുള്ളത് ഗദ്യനാടകമാണ്; അതിന്റെ ചട്ടക്കൂടു പാശ്ചാത്യ നാടക സാഹിത്യമാനദ ണ്ഡങ്ങൾക്കു വിധേയവുമാണ്.

നാടകം രംഗത്തു പ്രകടിപ്പിക്കുവാനുള്ളതാണ്. അതിലെ കഥാപാത്രങ്ങളെ രംഗത്തു പ്രതിനിധാനം ചെയ്യുന്നത് നടീനടന്മാരാണ്. അവരുടെ സംഭാഷണത്തിലൂടെയാണ് കഥ അനാ വരണം ചെയ്യപ്പെടുന്നത്. ഇതിനു സഹായകമായ രംഗസജ്ജീകരണങ്ങളുമുണ്ടായിരിക്കും. രംഗപീഠത്തിനു പരിമിതിയുണ്ട്. നാടകാവതരണത്തിന് എടുക്കുന്ന സമയത്തിനും പരിമിതിയു ണ്ട്. വിവരണങ്ങളും വർണ്ണനകളും വിശദീകരണങ്ങളും ഗ്രന്ഥകാരന്റേതായ അഭിപ്രായ പ്രകട നങ്ങളും ഒന്നും ഇവിടെ സാദ്ധ്യമല്ല. അങ്ങനെ നോവലിന്റെ സ്വയംസമ്പൂർണ്ണത ഇവിടെ ത്യജി ക്കേണ്ടിയിരിക്കുന്നുവെങ്കിലും നാടകം ഏറ്റവും ഉജ്ജ്വലവും ചൈതന്യദായകവുമായ ഒരു സാഹിത്യ മാധ്യമമാണ്.

### ഉപന്യാസം :

ഇംഗ്ലീഷിൽ 'എസ്സേ' (Essay) എന്ന പേരിൽ അറിയപ്പെടുന്ന സാഹിത്യശാഖയെക്കുറി ക്കുവാൻ മലയാളത്തിൽ നാം ഉപയോഗിക്കുന്ന സംജ്ഞയാണ് 'ഉപന്യാസം' എന്നത്. സംസ്കൃതത്തിൽ നിന്ന് ഈ പദം എല്ലാ ഭാരതീയ ഭാഷകളും കടം എടുത്തിട്ടുണ്ട്. പക്ഷേ, ബഹുഭൂരിപക്ഷം ഭാഷകളും (ഹിന്ദി, ബംഗാളി, പഞ്ചാബി, ഒറിയ...) നോവലിനെക്കുറിക്കുവാ നായിട്ടാണ് 'ഉപന്യാസം' എന്ന പദം ഉപയോഗിക്കുന്നത്. പതിനാറാം ശതകത്തിന്റെ ഉത്തരാർദ്ധ ത്തിൽ പ്രശസ്ത ഗ്രന്ഥകാരനായ മൊണ്ടെയിൻ ആണ് Essay എന്ന പദം ചെറുലേഖനങ്ങളെ ക്കുറിക്കുവാൻ ഉപയോഗിച്ചത്. അതിന്റെ ശേഷം പല സാഹിത്യകാരന്മാരും ആ പദം ഉപയോ ഗിക്കയും അതിന് അന്താരാഷ്ട്ര പ്രചാരം കൈവരുത്തുകയും ചെയ്തു. ഇന്ന് 'എസ്സേ' ഇംഗ്ലീഷ് സാഹിത്യത്തിലെ സമൃദ്ധമായ ഒരു വിഭാഗമാണ്. ഇതിനെ നിർവചിക്കുവാനും വിശ ദീകരിക്കുവാനും പലരും ഉദ്യമിച്ചിട്ടുണ്ട്. എങ്കിലും ഖണ്ഡിതവും ക്ലിപ്തവുമായ ഒരു നിർവച

നത്തിനും പ്രസ്തുത സംജ്ഞ വിധേയമായിട്ടില്ല. ഡോ. സാമുവൽ ജോൺസന്റെ അഭിപ്രായത്തിൽ ക്രമവും അടുക്കും നോക്കാതെ എഴുതിവിടുന്ന ഗദ്യനിബന്ധമാണ് എസ്സേ. വ്യക്തിഗതവും ഹൃദയത്തിൽ നിന്നു നിർഗ്ഗമിക്കുന്നതുമായ വികാരവിചാരങ്ങളുടെ ആവിഷ്കാരമാണ് മൊണ്ടെയിന്റെ അഭിപ്രായത്തിൽ ഈ സാഹിത്യശാഖ. ഈ വി. ലൂക്കാസിന്റെ നോട്ടത്തിലാകട്ടെ, നർമരസം തുളുമ്പുന്ന രചനകളാണ് ശരിക്കും ഉപന്യാസം. ഇങ്ങനെയുള്ള നിർവചനങ്ങളും ഈ ശാഖയിൽ അംഗീകാരം നേടിയ ലേഖനങ്ങളുടെ വൈവിധ്യവും പരിഗണിക്കുമ്പോൾ കാര്യകാരണനിബദ്ധവും യുക്തിയുക്തവുമായ പ്രബന്ധം മുതൽ ഏത് ശാഖാചംക്രമണവും അനുവദിക്കുന്ന അവിയൽ ലേഖനം വരെ പലതും ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്താവുന്നതാണ്.

നീണ്ട പ്രബന്ധങ്ങളെ (Dissertation) ഉപന്യാസങ്ങളായി സാധാരണ ഗണിക്കാറില്ല. കഴിഞ്ഞ ഒരു ശതവർഷത്തിനുള്ളിൽ മലയാളത്തിലെ ഉപന്യാസശാഖ ഗണ്യമായി വികസിച്ചിട്ടുണ്ട്. അറിവു കൊടുക്കുന്ന നിബന്ധങ്ങളും ആത്മാവിഷ്കാരത്തിനു പ്രാധാന്യം നല്കുന്ന ലേഖനങ്ങളും ഇതിൽ ഉൾപ്പെടുത്തി നാം വ്യവഹരിച്ചു പോരുന്നു. ഒന്നു കൂടെ വിശദീകരിക്കുന്ന പക്ഷം വിചാരപ്രധാനവും യുക്തിയുക്തവുമായ ഗദ്യഖണ്ഡം (Learned prose) എന്നത് ഒരു വിഭാഗം. വൈകാരികാംശം മുന്തി നിൽക്കുന്നതും വ്യക്തിഗതമായ ചിന്തയ്ക്കു മുൻഗണന നൽകുന്നതുമായ രമ്യരചന(Belles letters) രണ്ടാം വിഭാഗം. ഈ രണ്ടു വിഭാഗവും മലയാളത്തിൽ വികസിച്ചിട്ടുണ്ടെങ്കിലും വിജ്ഞേയരചനയ്ക്കാണ് ഇവിടെ മുൻതൂക്കമുള്ളത്.

### ജീവചരിത്രം, ആത്മകഥ :

ജീവിതത്തിന്റെ പ്രതിഫലനവും വ്യാഖ്യാനവുമാണ് സാഹിത്യം. കല്പിതകഥകളിൽ സംഭാവ്യമായ സത്യമാണു പ്രതിപാദ്യമെങ്കിൽ, ജീവചരിത്രത്തിൽ സംഭവിച്ച കാര്യങ്ങളാണ് അടിസ്ഥാനസാമഗ്രികൾ. അവയിലൂടെ പ്രത്യക്ഷമായ ജീവിതപഠനം നടക്കുന്നു. മഹാന്മാരുടെ ജീവചരിത്രത്തിനു സാഹിത്യത്തിലും സാമാന്യമായ ജീവിതപഠനത്തിലുമുള്ള സ്ഥാനം വളരെ പ്രധാനമാണ്. ആഗ്രഹങ്ങളും പ്രതീക്ഷകളും പ്രശ്നങ്ങളും ദു:ഖാനുഭവങ്ങളും സന്തോഷങ്ങളും മറ്റനുഭൂതികളും നിറഞ്ഞ ജീവിതങ്ങളുടെ കലാപരമായ അനാവരണമാണ് ജീവചരിത്രത്തിൽ കാണുന്നത്. ജീവചരിത്രസാഹിത്യത്തിന്റെ പ്രാധാന്യം വളരെ മുമ്പു തന്നെ ചിന്താശീലർക്കു വ്യക്തമായിരുന്നുവെങ്കിലും ഈ വിഷയത്തിൽ സാധാരണ ജനങ്ങൾക്കു ശരിക്കും ഉത്സാഹം ഉണ്ടായിട്ട് അധികകാലം ആയിട്ടില്ല. അടുത്ത കാലത്താവട്ടെ നോവൽ സാഹിത്യത്തെപ്പോലും പിന്നണിയിലാക്കുന്ന വിധത്തിലുള്ള പ്രചാരമാണ് പാശ്ചാത്യഭാഷകളിൽ ഈ സാഹിത്യശാഖയ്ക്കു ലഭിച്ചിട്ടുള്ളത്. 1914–നു ശേഷമാണ് മലയാളത്തിൽ ഈ ശാഖ ശരിക്കും വളർന്നു തുടങ്ങിയത്.

ആത്മകഥയെന്നും ആത്മജീവചരിത്രമെന്നും പറയപ്പെടാറുള്ള Autobiography, പേരുകൊണ്ടുതന്നെ ഒരു വ്യക്തി തന്റെ കഥ സ്വയം പറയുന്ന സമ്പ്രദായമാണെന്നു വരുന്നു. ഇതിനു ചില സൗകര്യങ്ങളും അസൗകര്യങ്ങളുമുണ്ട്. ഒരു വ്യക്തിയെക്കുറിച്ചുള്ള പരിപൂർണ സത്യം

അയാളോ മറ്റുള്ളവരോ ശരിക്കറിയുകയില്ല. ഒരുവനെക്കുറിച്ച് അയാൾക്കുള്ള അഭിപ്രായം ഒന്ന്; മറ്റുള്ളവരുടെ അഭിപ്രായം വേറൊന്ന്. ഒന്ന് ആത്മകഥ; മറ്റതു ജീവചരിത്രം. രണ്ടും പൂർണസത്യത്തിലേക്കുള്ള പടികളാണ്; പരസ്പരപൂരകങ്ങളുമാണ്. രണ്ടും കൂടെ ചേർന്നാൽ ഒരു വ്യക്തിയെ വിലയിരുത്തുവാനും മനസ്സിലാക്കുവാനും കൂടുതൽ സഹായകമാവും.

### കത്തുകൾ, ഡയറികൾ :

കത്തുകൾ, ഡയറികൾ എന്നിവ ഗദ്യസാഹിത്യത്തിന്റെ ഒരു വിഭാഗമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സാഹിത്യമൂല്യമുള്ള കത്തുകളും ഡയറികളും മാത്രമേ ഇക്കൂട്ടത്തിൽ ഉൾപ്പെടുകയുള്ളു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. പൗലോസ്, പത്രോസ് എന്നീ അപ്പോസ്തലന്മാർ ആദ്യകാല ക്രിസ്തുസഭകൾക്ക് എഴുതിയിട്ടുള്ള ലേഖനങ്ങൾ സാമൂഹികവും മതപരവുമായ മൂല്യമുള്ള രേഖകളാണ്. സഭകൾക്കു പൊതുവിലും ചില വ്യക്തികൾക്കു പ്രത്യേകമായും അവർ കത്തുകൾ എഴുതിയിട്ടുണ്ട്. മതസാഹിത്യത്തിൽ അവയ്ക്കു സവിശേഷസ്ഥാനവും ഉണ്ട്. കത്തുകളുടെ മാധ്യമം ഉപയോഗിച്ച് നോവലുകളും കഥകളും പല സാഹിത്യകാരന്മാരും രചിച്ചിട്ടുണ്ട്. അവയെ കഥകളായിട്ടാണു ഗണിക്കാറുള്ളത്.

എന്നാൽ, സാഹിത്യമൂല്യമുള്ള പല തരം ഗദ്യഖണ്ഡങ്ങൾ കത്തുകളുടെ മാധ്യമത്തിനു വിധേയങ്ങളായിട്ടുണ്ട്. നെഹ്റുജി മകൾക്കയച്ച കത്തുകൾ തന്നെ നല്ലൊരു ഉദാഹരണമാണല്ലോ. രണ്ടു വ്യക്തികൾ തമ്മിലാണു സാധാരണ കത്തുകൾ പകരാറുള്ളത്. കത്തുകളിൽ ലേശംപോലും കലവറ കൂടാതെ ഹൃദയം തുറന്നു കാര്യങ്ങൾ പറയുവാനുള്ള പശ്ചാത്തലമാണുള്ളത്. ഈ ഗാഢസൗഹൃദം (Intimacy) ആണ് ഈ പ്രത്യേക സാഹിത്യരൂപത്തിനുള്ള സവിശേഷത. ഏതാണ്ടിതുപോലുള്ള മറ്റൊരു വിഭാഗമാണ് ഡയറി. സ്വന്തം അനുഭവങ്ങളും അവലോകനങ്ങളും പ്രതികരണങ്ങളും നിഗമനങ്ങളും തനിക്കായിത്തന്നെ രേഖപ്പെടുത്തിവയ്ക്കുന്ന പദ്ധതിയാണല്ലോ ഡയറിയെഴുത്ത്. ഇതിലെ രഹസ്യച്ഛായ്വാണ് പ്രത്യേകം ശ്രദ്ധേയം. നൂറു ശതമാനം ആത്മാർത്ഥതയോടെ കൈകാര്യം ചെയ്യപ്പെടുന്ന ഒരു സാഹിത്യ മേഖലയാണിത്. കത്തുകളും ഡയറികളും നമ്മുടെ ഭാഷയിലും കുറെയെല്ലാം പ്രചരിച്ചിട്ടുണ്ട്. ഇവ യാഥാർത്ഥ്യനിഷ്ഠമോ കല്പിതമോ രണ്ടും കലർന്നതോ ആവാം. രഹസ്യമായിരിക്കും എന്ന സങ്കല്പത്തിൽ രേഖപ്പെടുത്തുന്ന ഇത്തരം സാഹിത്യഖണ്ഡങ്ങൾക്ക്, അക്കാരണം കൊണ്ടുതന്നെ, വായനക്കാരെ ആകർഷിക്കാൻ കഴിയുന്നു.

### സഞ്ചാരസാഹിത്യം :

ലോകമാകെയുള്ള മനുഷ്യരേയും അവരുടെ ജീവിതശൈലികളെയും നേട്ടങ്ങളെയും അവർ ജീവിക്കുന്ന ചുറ്റുപാടുകളെയും കുറിച്ചറിയാൻ കൗതുകം എല്ലാ മനുഷ്യർക്കുമുണ്ട്. എല്ലായിടത്തും സഞ്ചരിച്ചു നേരിൽ കണ്ടു മനസ്സിലാക്കുവാൻ സൗകര്യമില്ലാതെ വരുമ്പോൾ കണ്ടു മനസ്സിലാക്കിയവരുടെ രചനകളിൽ നിന്നും കാര്യങ്ങൾ ഗ്രഹിക്കുകയാണ് ശേഷിക്കുന്ന പോംവഴി. അറിവും ആനന്ദവും ഒരേ സമയം പകർന്ന് അനുവാചകരുടെ ആകാംക്ഷയ്ക്കു നിവൃത്തി വരുത്തും വിധം തങ്ങളുടെ സഞ്ചാരാനുഭവങ്ങൾ രേഖപ്പെടുത്തുന്ന എഴുത്തുകാർ എല്ലാ സമ്പുഷ്ടഭാഷകളിലും ഉണ്ട്. മലയാളത്തിൽ യാത്രാവിവരണങ്ങൾക്ക് ഒരു പ്രത്യേക

സ്ഥാനമുണ്ട്. പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ 'വർത്തമാനപുസ്തകം' (റോമിലേക്കുള്ള യാത്ര അടിസ്ഥാനമാക്കി രചിച്ചത്) ഇന്ത്യൻ ഭാഷകളിലെ ഒരപൂർവഗ്രന്ഥമാണ്. ഈ ശാഖയിൽ വലിയ നേട്ടങ്ങൾ അവകാശപ്പെടാവുന്ന ഒരു ആധുനിക സഞ്ചാര സാഹിത്യകാരനാണ് എസ്.കെ പൊറ്റെക്കാട്. അമേരിക്ക, യൂറോപ്പ്, ആഫ്രിക്ക മുതലായ പല സ്ഥലങ്ങളിലും പുസ്തകങ്ങളിലൂടെ പര്യടനം നടത്തുവാൻ ഇന്നു മലയാളികൾക്കു കഴിയും. അത്ര വളരെ പുസ്തകങ്ങൾ ഈ പ്രദേശങ്ങളെ അവതരിപ്പിക്കുന്നുണ്ട്.

### നിരൂപണസാഹിത്യം, വിജ്ഞാനസാഹിത്യം :

സാഹിത്യകൃതികളെ വിലയിരുത്തി വിധി പ്രസ്താവിക്കുകയാണ് നിരൂപണത്തിന്റെ ലക്ഷ്യമെന്ന് ഒഴുക്കൻ രീതിയിൽ പറയാം. ഈ സാഹിത്യരൂപം സമ്പുഷ്ടഭാഷകളിലെല്ലാംതന്നെ പുഷ്കലമായിട്ടുള്ള ഒരു ശാഖയാണ്.

കവിത, നാടകം, നോവൽ ആദിയായുള്ള സർഗാത്മക കൃതികളെ വിശകലനം ചെയ്തു ഗുണവും ദോഷവും നിർണയിച്ചു വിലയിരുത്തുകയും സാധാരണക്കാർക്കു കൂടുതൽ ആസ്വാദ്യമാക്കിത്തീർക്കുകയുമാണ് നിരൂപകന്റെ ധർമം. നിരൂപണം ഉത്തമകോടിയിൽ വരുമ്പോൾ സർഗ്ഗാത്മകസാഹിത്യമായി രൂപം കൊള്ളുന്നു. ഇംഗ്ലീഷിൽ മാത്യു അർനോൾഡിന്റെയും മലയാളത്തിൽ കുട്ടികൃഷ്ണമാരാരുടെയും നിരൂപണങ്ങൾ ഉദാഹരണമായി എടുക്കാവുന്നതാണ്.

വിജ്ഞാനസാഹിത്യത്തിന്റെ മേഖല ഇന്നു ദൈനംദിനമെന്നോണം വികസ്വരമായി വരികയാണ്. സയൻസ്, ടെക്നോളജി, മാനവിക വിഷയങ്ങൾ എന്നിവയിൽ സ്ഫോടനാത്മകമായ വികസനം നടക്കുമ്പോൾ അവയെ അടിസ്ഥാനമാക്കിയുള്ള പ്രബന്ധങ്ങളും പുസ്തകങ്ങളും വലിയ തോതിൽ പ്രസാധനം ചെയ്തുവരുന്നതിൽ അത്ഭുതമില്ല. അക്കൂട്ടത്തിൽ സർഗാത്മക സ്വഭാവമുള്ള രചനയും ഉണ്ടാകുന്നുണ്ട്. ഗദ്യസാഹിത്യത്തിന്റെ മൊത്തത്തിലുള്ള വളർച്ച പരിഗണിക്കുമ്പോൾ ഈ വഴിക്കുള്ള സംഭാവനകളും കണക്കിലെടുക്കേണ്ടതുണ്ട്.

## അഭ്യാസം

### I. പദപരിചയം :

പ്രവണത, പ്രാഥമ്യം, പ്രാമാണ്യം, ബാഹുല്യം, പ്രവാഹം, മേദസ്സ്, പുഷ്ക്കലം, സ്തോഭം, ഔൽസുക്യം, അനുവാചകൻ, സമഗ്രം, പ്രതിനിധാനം, ശാഖാചംക്രമണം, വിജ്ഞേയരചന, ഗാഢസൗഹൃദം, അവലോകനം, വികസ്വരം, സ്ഫോടനം.

### II. വിപരീതപദം എഴുതുക :

സങ്കീർണ്ണം, ആധുനികം, സ്വാതന്ത്ര്യം, ദൃശ്യം, ലഘു, ഭൂരിപക്ഷം, ധർമ്മം.

## III. വാക്യത്തിൽ പ്രയോഗിക്കുക :

പ്രതിഫലിപ്പിക്കുക, താരതമ്യം, പരിമിതി, മർമ്മസ്പർശി, പ്രസക്തി, ഗണ്യമായ, ദൈനംദിനം.

## IV. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക :

1. ഗദ്യസാഹിത്യരൂപങ്ങളെ എങ്ങനെതരം തിരിക്കാം?
2. കല്പിതകഥ എന്നാൽ എന്ത്?
3. ഗദ്യനാടകങ്ങളെ കുറിച്ചെഴുതുക.
4. നിരൂപകന്റെ ധർമ്മമെന്താണ്?

## V. ഖണ്ഡികയിൽ ഉത്തരമെഴുതുക :

1. ചെറുകഥ എന്ന സാഹിത്യരൂപത്തെക്കുറിച്ചെഴുതുക.
2. ഉപന്യാസത്തിന്റെ സ്വഭാവമെന്ത്?
3. ജീവചരിത്രവും ആത്മകഥയും തമ്മിലുള്ള അന്തരത്തെക്കുറിച്ചെഴുതുക.
4. കത്തുകൾ, ഡയറികൾ എന്നിവ ഉൾക്കൊള്ളുന്ന ഗദ്യസാഹിത്യത്തിന്റെ സവിശേഷതകളെന്തെല്ലാം?
5. സഞ്ചാരസാഹിത്യത്തിന്റെ സവിശേഷതകളെക്കുറിച്ചെഴുതുക.

## VI. ഇരുപതു വരിയിൽ ഉത്തരമെഴുതുക :

1. ഗദ്യസാഹിത്യത്തിന്റെ വിവിധ രൂപങ്ങളെക്കുറിച്ച് എഴുതുക.

**സൂചന**

**മൃതഭാഷ:** ഒരു കാലത്ത് സംസാരഭാഷയായിരുന്നവയും പിന്നീട് ആ സ്ഥിതി മാറി ആരും സംസാരിച്ചുവരാത്തതുമായ ഭാഷയാണ് മൃതഭാഷ.

**ജീവൽഭാഷ:** ജീവിക്കുന്ന അഥവാ ദൈനംദിനജീവിതത്തിൽ നാം സംസാരിക്കുന്ന ഭാഷയാണ് ജീവൽഭാഷ.

**ദശരൂപകം:** നാടകം, പ്രകരണം, ഭാണം, പ്രഹസനം, ഡിമം, വ്യായോഗം, സമവകാരം, വീഥി, അങ്കം, ഈഹാമൃഗം